
09·222
T

32
Q 1473



നീഗ്രോകളുടെ നിരയിൽനിന്ന്

Q 32
1473

നീഗ്രോകളുടെ നിരയിൽനിന്ന്

അഥവാ

വാഴ്ത്തപ്പെട്ട മാർട്ടിൻ ഡി പോറസ്സ്

DHARMARAM COLLEGE
LIBRARY
BANGALORE-29

ST. ANTONY'S CARMELITE MONASTERY
S. I. RAILWAY STATION, ALWAYE, TRAVANCORE
ALWAYE, TP
TRAVANCORE

പരിഭാഷകന്മാർ:

ആൻഡ്രൂ പുത്തൻപറമ്പിൽ

ആൻറണി നെടുമ്പുറം

(പകർപ്പവകാശം എസ്. എച്ച്. ലീഗിനു്)

The Sacred Heart League
St. Joseph's Apostolic Seminary,
Alwaye.

ACHARYA BALAKOKAL JEEVASA
LIBRARY
1659 3

1951

കോപ്പി 1000] [വില. ൠ—1.

Printed at the J. M. Press, Apostolic Seminary, Alwaye.

M/209.222
PUT

Nihil Obstat.

Fr. Aurelian, O. C. D.,
Rector,
Ap. Seminary.


Alwaye,
16th June, 1950.

Imprimatur.

† The Most Rev. Dr. Mar Severios,
Thiruvella, **Bishop of Thiruvella.**
16th July, 1950.

DEDICATED

To



The Rt. Rev. Dr. Joseph Mar Severios, D. D., B. A.

In Remembrance of His Installation

In

The See of Tiruvalla

ST. ANTONY'S CARMELITE MONASTERY
S. I. RAILWAY STATION, ALWAYE
TRAVANCORE
ALWAYE

അഭിനന്ദനക്കത്ത്

പ്രിയ സ്നേഹിതന്മാരേ,

വാഴ്ത്തപ്പെട്ട മാർട്ടിൻ ഡി പോറസ്സിനെ അധികരിച്ച് ഇംഗ്ലീഷിൽ വിരചിതമായിട്ടുള്ള Lad of Lima എന്ന ചെറുഗ്രന്ഥത്തിന്റെ പരിഭാഷ നിങ്ങൾ തയ്യാറാക്കി വരുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു.

കഥാപുരുഷനോടുള്ള ഭക്തി ഇൻഡ്യയിൽ ആരംഭിച്ചിട്ട് ഒരു ദശവത്സരം മാത്രമേ ആയിട്ടുള്ളൂ. എന്നാൽ, ഇതിനകം അത് ഇൻഡ്യമുഴുവനിലുമെന്നല്ല സിലോൺ, ബർമ്മാ, മലയാ മുതലായ സമീപരാജ്യങ്ങളിൽപ്പോലും വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. മാർട്ടിന്റെ മാദ്ധ്യസ്ഥ്യംവഴി ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളോ അനവധി. വൈദ്യശാലകൾ, വിദ്യാലയങ്ങൾ, ആസ്പത്രികൾ, അനാഥമന്ദിരങ്ങൾ ഇങ്ങനെ പലതും ഇന്ന് അദ്ദേഹത്തിന്റെ നാമത്തിൽ സ്ഥാപിതമായിട്ടുണ്ട്. ക്രൈസ്തവരുടെ മാത്രമല്ല അക്രൈസ്തവരുടേയും ഭവനങ്ങളിൽ ഇന്ന് അദ്ദേഹത്തിന്റെ ചിത്രം വണങ്ങപ്പെടുന്നു. കുട്ടികൾക്കു മാർട്ടിൻ എന്ന മധുരനാമം ഇടുന്നതും ഇന്നു സാധാരണയാണ്.

മാർട്ടിൻ ഡി പോറസ്സിന്റെ നേർക്കുള്ള ഭക്തി ശ്രേഷ്ഠമുഴുവൻ പ്രചരിപ്പിക്കണമെന്നുള്ള അപേക്ഷയോടുകൂടിയ ഒരു കത്ത് 1941-ൽ കുംഭകോണം ബിഷപ്പു

ഡോക്ടർ പീറ്റർ ഫ്റാൻസിസ് തിരുമേനിക്ക ലഭിക്ക കയുണ്ടായി. പ്രസ്തുത കത്തിനോടുകൂടെ മാർട്ടിന്റെ ജീവചരിത്രവും ചിത്രങ്ങളും നവനാൾപ്രാർത്ഥനകളും അയച്ചിട്ടുണ്ടായിരുന്നു. തദനന്തരം ഈജോലി ഏറ്റെടുക്കുന്നതിനു സന്മനസ്സുള്ള ഒരു വൈദികനെ ബിഷപ്പ് അന്വേഷിച്ചുകൊണ്ടിരുന്നു.

1942–ഫെബ്രുവരിയിൽ മാർട്ടിനെക്കുറിച്ചുള്ള ഒരു ലഘുഗ്രന്ഥം എന്റെ കൈവശം വന്നുചേർന്നു. ആ ഗ്രന്ഥം വായിച്ചപ്പോൾ ഞാനറിയാതെതന്നെ മാർട്ടിനോടുള്ള ഭക്തി എന്നിൽ മുളയെടുത്തു. അതു ക്രമേണ വളർന്നുവന്നു. ഈ ഭക്തി പ്രചരിപ്പിക്കുന്നതിനുള്ള ഉൽകടമായ ഒരഭിനിവേശം എന്നിൽ രൂഢമൂലമാവുകയും ചെയ്തു. ഒരു ദിവസം ഞാൻ ബിഷപ്പുതിരുമേനിയെ കണ്ടു മാർട്ടിന്റെ ജീവചരിത്രത്തിന്റെ ഒരു കോപ്പി അവശ്യപ്പെട്ടു. അവിടുന്നു മാർട്ടിനെക്കുറിച്ചുള്ള അനവധി പുസ്തകങ്ങൾ തന്ന് എന്നെ ആശീർവദിച്ചതുകൂടാതെ മാർട്ടിന്റെ നേർക്കുള്ള ഭക്തി പ്രചരിപ്പിക്കുന്ന കാര്യം എന്നെ ഭരമേല്പിക്കുകയും ചെയ്തു. ഞാനീയവസരത്തിൽ കൃഷ്ണരോഗാശുപത്രിയോടു തൊട്ട് ഒരു പള്ളി പണിയിച്ചുകൊണ്ടിരിക്കയായിരുന്നു. പണമില്ലാതെ ഞാൻ വളരെ കഷ്ടപ്പെട്ടുകൊണ്ടിരുന്നു. എങ്കിലും ഞാൻ ചഞ്ചലചിത്തനായില്ല. ഒരു പുതിയ സഹായിയേ മാർട്ടിൻ ഡി പോറസ്സിൽ ഞാൻ കണ്ടുവെച്ചു. അദ്ദേഹത്തോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിനും കഴിയുന്നത്ര എല്ലാ തെന്നിൻ ഡ്യൻ ഭാഷകളിലും മാർട്ടിന്റെ ജീവചരിത്രം പ്രസിദ്ധീകരിക്കുന്നതിനും എന്റെ സർവ്വശക്തിയോടുംകൂടി പ്രയ

നിക്കുന്നതാണെന്നു ഞാനൊരു പ്രതിജ്ഞ ചെയ്തു. പണ സംബന്ധമായ എന്റെ എല്ലാ ഉത്കണ്ഠകളും അദ്ദേഹത്തിൽ അന്നു ഞാൻ അർപ്പിച്ചു. എന്റെ പ്രതീക്ഷ അസ്ഥാനത്തായില്ല. പണം നാനാഭാഗത്തുനിന്നും തെരുതെരെ വന്നുതുടങ്ങി. അങ്ങനെ മാർട്ടിന്റെ മാധ്യസ്ഥ്യംമൂലം ഞാനുദ്ദേശിച്ചിരുന്നതിനു വളരെമുമ്പുതന്നെ ആ പള്ളിപണി പൂർത്തിയാക്കുന്നതിനു് എനിക്കു സാധിച്ചു.

1948-ൽ 'Meet brother Martin' എന്ന പുസ്തകം തമിഴിലേക്കു ഞാൻ പരിഭാഷപ്പെടുത്തി. അതിന്റെ പതിനായിരം കോപ്പിയാണു് അന്നു് അച്ചടിച്ചതു്. കാനറായിലേ ആളുകളെ ഉപകരിപ്പെടുത്തുന്നതിനായി അവരുടെ ഭാഷയിലേക്കും ആ പുസ്തകം തർജ്ജിമചെയ്യപ്പെട്ടു. മൈസൂർ സ്വദേശിയായ മി. ധർമ്മരാജചെട്ടിയാണു് ആ കൃത്യം നിർവ്വഹിച്ചതു്. അതിന്റെ 3500 കോപ്പി വില ക്രുടാതെ വിതരണം ചെയ്ത അദ്ദേഹത്തിന്റെ മഹാമനസ്കത മറക്കാവതല്ല. 1949-ൽ മി. ധർമ്മരാജചെട്ടിതന്നെ ഈ പുസ്തകത്തിന്റെ ഒരു തെലുങ്കുവിവർത്തനംക്രുടി തയ്യാറാക്കി. പ്രസ്തുത വിവർത്തനം അച്ചടിപ്പിക്കുന്ന ജോലി ഞാൻ ഏറെറടുത്തിരിക്കുകയാണു്.

ഇപ്പോൾ ഇതാ മലയാളത്തിലും മാർട്ടിനെക്കുറിച്ചു് ഒരു ഗ്രന്ഥം പുറത്തുവരുന്നു. മാർട്ടിനോടുള്ള ഭക്തി മലയാളക്കരയിൽ പ്രചരിക്കുന്നതിനു നിങ്ങളുടെ ഉദ്യമം ഇടയാക്കും എന്നതിൽ എനിക്കു് അനല്പമായ സന്തോഷമുണ്ടു്. നിങ്ങളുടെനേർക്കു് എനിക്കുള്ള ഹൃദയംഗമമായ കൃതജ്ഞതാഭിനന്ദനങ്ങൾ രേഖപ്പെടുത്തിക്കൊള്ളട്ടെ. വി

ശാസ്ത്രാർഥ്യത്തിലും സന്മാർഗ്ഗജീവിതത്തിലും ഭാരത ത്തിന്റെ അഭിമാനദീപങ്ങളായ മലയാളക്രിസ്ത്യാനികൾ വാഴ്ത്തപ്പെട്ട മാർട്ടിനോടുള്ള ഭക്തിയിലും മറ്റുള്ളവരേ അപേക്ഷിച്ചു തീക്ഷ്ണതയുള്ളവരായിരിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

മാർട്ടിനെപ്പറ്റിയുള്ള വിവരങ്ങളും അത്ഭുപോലെ തിരുശ്ലേഷിപ്പുകളും പടങ്ങളും മറ്റും ആവശ്യപ്പെട്ടകൊ ണ്ടുള്ള ധാരാളം കത്തുകൾ ദൈനംദിനം എനിക്കു കിട്ടു ന്നുണ്ട്. ആസ്പത്രികളിലുംമറ്റും നടന്നുകൊണ്ടിരിക്കുന്ന അത്ഭുതാവഹമായ രോഗശമനങ്ങൾ, ദീർഘകാലകല ഹങ്ങളുടെ പെട്ടെന്നുള്ള സമാപനം, വിസ്മയനീയങ്ങളാ യ പരീക്ഷാവിജയങ്ങൾ ഇങ്ങനെ ജീവിതത്തിന്റെ എ ല്ലാ തുറകളിലും മാർട്ടിന്റെ മദ്ധ്യസ്ഥതയിൽ ലഭിച്ചു കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ വിവരിക്കുന്ന കത്തുക ളും ഒട്ടും കുറവല്ല.

വാഴ്ത്തപ്പെട്ട മാർട്ടിൻ ഡി പോറസ്സിനോടുള്ള ഭ ക്തി നിങ്ങളുടെ നാട്ടിൽ അതിവേഗം പ്രചരിക്കുമെന്നും അത്ഭു മലബാർ കത്തോലിക്കരുടെ ആധ്യാത്മികാഭിവൃ ദ്ധിക്ക് ഉത്തേജനം നല്കുമെന്നും എനിക്കുറപ്പുണ്ട്. കഥാ പുരുഷൻ ആരെന്നുള്ളത്ഭ് അനുഭവത്തിലറിയുവാൻ ഈ ഗ്രന്ഥം വായിക്കുന്ന ഓരോരുത്തർക്കും ഇടയാകട്ടെ എ ന്നു പ്രാർത്ഥിക്കുകയും നിങ്ങളുടെ പ്രവർത്തനത്തിനു വിജ യം ആശംസിക്കുകയും ചെയ്യുന്നു.

Sacred Heart Leprosy Asylum, Sakkottai Kumbakonam, 8-12-1950.

Rev. Fr. P. M. RAYALOO,
CHAPLAIN

നീഗ്രോകളുടെ നിരയിൽനിന്ന്

ഒന്നാമധ്യായം

അമ്മയും മകനും

പട്ടണത്തിൽനിന്ന് അധികം അകലെയല്ലാതെ വഴിവക്കിൽത്തന്നെയാണ് ആ കൊച്ചുവീട്ട്. സാമൂഹായികഭദ്രദൃഷ്ടങ്ങളോട് മല്ലിട്ടുവാൻ തക്ക സാമ്പത്തിക ഭദ്രതയൊന്നുമില്ലാത്ത ആ ഭവനം ആരുടേയും അനുകമ്പയെ അർഹിച്ചുകൊണ്ട് അവിടെ നിലകൊള്ളുന്നു. ആ വഴിയെ കടന്നുപോകുന്നവരോട് അതിനെന്തോ പറയാനുണ്ടെന്നു തോന്നും, റോഡിലേക്കു തിരിഞ്ഞിരിക്കുന്ന ആ വീട് കണ്ടാൽ.

കടുത്ത വേനലിന്റെ നട്ടുമുറി. അതും മദ്ധ്യാഹ്നം കഴിഞ്ഞ സമയം. അപ്പോഴൊരു സ്ത്രീ ആ വീട്ടിനുള്ളിൽനിന്നു പുറത്തേക്കു തലകാട്ടി—പകുതി തുറന്ന വാതിലിനിടയിൽക്കൂടെ. ഗൃഹനാഥയാണവൾ. അഴകും ആരോഗ്യവുമുള്ള ഒരു തരുണീരത്നം. ദാരിദ്ര്യത്തിന്റെ കൈയേറ്റം അവളിലാരംഭിച്ചിട്ടുണ്ടെന്ന് ആകെയും ഒറ്റനോട്ടത്തിൽ മനസ്സിലാക്കാം. വഴിയിലേക്കു നോക്കിനില്ക്കുന്ന ആ ഇരുപത്തിയഞ്ചുകാരിയുണ്ടോ അപ്പോഴറി

യുന്ന ആ നില ചിത്രത്തിലാക്കുവാൻ ഭാവി കാത്തു നി ല്ക്കുന്നുണ്ടെന്നു്.

വിജനമായ ആ നഗരവീഥിയിൽ അപ്പോഴവള ുടെ ശ്രദ്ധയെ ആകർഷിക്കുവാൻ ആരുമുണ്ടായിരുന്നി ല്ല. എരിയുന്ന വെയിലിൽ പൊരിയുവാൻ ആരാണു് ആഗ്രഹിക്കുക? ഏതോ പതറിയ ചിന്ത അവളെ അ വിടെ തടഞ്ഞുനിറുത്തിയതായിരിക്കാം. കഴിഞ്ഞുപോ യ നല്ലകാലം തിരിച്ചുവരുന്നുണ്ടോ എന്നു് അവൾ വ ഴി നോക്കുകയാവാം. ഭ്രുതകാലസ്മരണകളിൽനിന്നു ഭാ വിയിലേക്കു് എടുത്തു ചാടി അവളുടെ ചിന്ത.

ഹാ! ഞാനൊരു ധനാഢ്യയായിരുന്നെങ്കിൽ! അ വൾ വിചാരിച്ചു. വിശ്രമവും വിനോദവും പണക്കാർ ക്കും പ്രഭുക്കന്മാർക്കും മതിയെന്നു വയ്ക്കാം. എന്നാൽ ഭ ക്ഷണവും വസ്ത്രവും, അതെല്ലാവർക്കും വേണ്ടേ? പഴയ തും കീറിയതുമായ വസ്ത്രങ്ങൾ ധരിക്കാം; പാചകവൃ ത്തിയും പറ്റിയതുതന്നെ. എന്നാൽ ഒരലക്കുകാരിയുടെ ജോലി എത്ര നൈർഭാഗ്യകരമാണു്! ഹാ, എന്റെ കു ഞ്ഞുങ്ങൾക്കെങ്കിലും ഒരു നല്ല ഭാവിയുണ്ടായിരുന്നെ ങ്കിൽ!

സാധു അന്ന. ആ ദരിദ്രഭവനത്തിൽ ആരാണു് അവൾക്കൊരാശ്വാസം? സ്വന്തംകുഞ്ഞുങ്ങൾപോലും അവളെ തീ തീറ്റുകയാണു പതിവു്. മാർട്ടിനും ജയി നും—ഇന്നു് ആ കൊച്ചുവീട്ടിലെ കൈവിളക്കുകളാണു് അവർ. എന്നാൽ നാളെയോ! അടിമകളായി മാത്രം നീ ഗ്രോകളെ എണ്ണുന്ന ആ ലീമാപട്ടണത്തിൽ അവരുടെ ഭാവിയെന്തായിരിക്കുമെന്നു് ആ തള്ള വിചാരിക്കാറു

ണ്ടായിരുന്നു. ജീവിതമോ മരണമോ ക്രൂരതൽ അഭികാമ്യമെന്ന് പരിതഃസ്ഥിതികഠം അവളോട്ട പലപ്പോഴും ചോദിച്ചിട്ടുണ്ട്. മരിക്കുന്നതുതന്നെയെന്ന് അവഠം ചിലപ്പോഠം പറഞ്ഞുപോകും: "എന്റെ നിറം വെള്ളയായിരുന്നെങ്കിൽ, എന്റെ കുഞ്ഞുങ്ങളെങ്കിലും വെളുത്തിരുന്നെങ്കിൽ, അദ്ദേഹം എന്നെ ഒരിക്കലും ഉപേക്ഷിച്ചുപോകയില്ലായിരുന്നു. തീർച്ചയായും ഒരു നല്ലനിലയിൽ എനിക്കും എന്റെ കുട്ടികഠംക്കും അവരുടെ അച്ഛനോട്ടക്രൂടെ കഴിയാമായിരുന്നു."

ഡോൺ ജുവാൻ ഡി പോറസിന്റെ താമസം അന്നായോട്ടക്രൂടെയല്ലായിരുന്നു. ധനികനും സമർത്ഥനുമായ ഒരു സൈനികോദ്യോഗസ്ഥനായിരുന്നു അദ്ദേഹം. സുമുഖനും സുദൃഢഗാത്രനുമായ ആ സ്പെയിൻകാരൻ നീഗ്രോകളെ മേലിൽ സ്നേഹിക്കയില്ലെന്നു നിശ്ചയിച്ചുകഴിഞ്ഞു. ഒരിക്കൽ ജുവാൻ അന്നായോട്ട പറഞ്ഞു: "ഞാനിത്രകാലവും എങ്ങനെ നിന്നോട്ടക്രൂടെ ജീവിച്ചുവെന്നതു് ഒരു കടംകഥയാണ്. ധനികയായ ഒരു വെള്ളക്കാരിയുടെ സ്ഥാനം നീ എങ്ങനെ അപഹരിച്ചുവെന്ന് എനിക്കറിയാൻ പാടീല്ല. ഏതായാലും എന്റെ നിലയിലുള്ള ഒരുവനു നീഗ്രോയുമായുള്ള ബാന്ധവം ഒരിക്കലും അഭിലഷണീയമല്ല. അന്ന ധീരചിത്തയും തന്റേടക്കാരിയുമായിരുന്നു. അവഠംക്കു കോപം വന്നു; നാക്കു ചൊറിഞ്ഞു. "നിങ്ങളുടെ കുഞ്ഞുങ്ങളുടെ മുഖത്തുനോക്കിക്കൊണ്ട് ഇങ്ങനെ പറയുവാൻ നിങ്ങഠംക്കു കഴിയുമോ?" അമർഷംകൊണ്ടവഠം ആക്രോശിച്ചു. ജുവാനാകട്ടെ ഒന്നു പുഞ്ചിരിതൂകുകമാത്രം ചെയ്തു.

ലീമാപട്ടണമുൾപ്പെടെയുള്ള തെക്കെ അമേരിക്കൻ രാജ്യങ്ങൾ പലതും സ്പെയിൻ രാജാവിന്റെവക യായിരുന്ന അന്ന്. രാജപ്രീതിക്ക് പാത്രമായിട്ടുള്ളവർക്ക് അന്ന് ഭാസുരമായ ഒരു ഭാവിയുണ്ടായിരുന്നു. രാജാവിന്റെ അളവറ്റ പ്രീതിക്കു പാത്രമായ ഒരു ഭാഗ്യശാലിയാണു ജുവാൻ. എന്നാൽ അഭിമാനവും അന്തസ്സുമുള്ള ആ കുലീനന്റെ ഭാമ്പത്യജീവിതം അദ്ദേഹത്തിന്റെ ഉന്നതനിലയ്ക്ക് ഒരിക്കലും അനുയോജ്യമായിരുന്നില്ല. അദ്ദേഹത്തിന്റെ അരുമസ്സന്താനങ്ങളായ മാർട്ടിനും ജയിനും അദ്ദേഹത്തിനു സന്തോഷമോ സംതൃപ്തിയോ പ്രദാനം ചെയ്യാൻ പോരുന്നവരായിരുന്നില്ല. ഉദ്യോഗത്തിൽ ഉന്നതനിലയിലിരിക്കുന്ന ഒരു വെള്ളക്കാരനു കറുത്തകണ്ണുങ്ങളുടെ പിതാവായിരിക്കുകയെന്നതു ലജ്ജാകരമായി അയാൾക്കു തോന്നി. തന്നോടു സാമ്യമില്ലാതെ തള്ളയുടെ തനിനിറത്തിലിരിക്കുന്ന ആ കുട്ടിക്കുമ്പന്മാർ അദ്ദേഹത്തിന്റെ അഭിമാനത്തെ കരണ്ടുകൊണ്ടിരുന്നു.

ഒരുദിവസം ജുവാൻ അന്നയെ വിളിച്ചുപറഞ്ഞു: "ഔദ്യോഗികകാര്യങ്ങൾക്കായി എനിക്കു സ്ഥലം വിടേണ്ടിയിരിക്കുന്നു. എന്നു തിരിച്ചുവരുവാൻ സാധിക്കുമെന്നു തീർച്ച പറയുക സാധ്യമല്ല. നിന്റേയും കുട്ടികളുടെയും ചെലവിനായി ഇതാ കുറച്ചുപണം." ഒരു ചെറിയ പണസഞ്ചി അവളെ ഏല്പിച്ചിട്ട് അയാൾ സ്ഥലംവിട്ടു. കണ്ണിൽനിന്നു മറയുന്നതുവരെ അവൾ അയാളെത്തന്നെ നോക്കിക്കൊണ്ടു നിന്നു. അധികസമയം ആ നിലയിലവൾ നിന്നു. അയാളുടെ തിരിച്ചുവരവു

നോക്കി വളരെ കണ്ണുനീർ അവർ ഒഴുക്കി. അനാഥമായ ആ കൊച്ചുവീട്ടിൽ അവളും കുഞ്ഞുങ്ങളും മാത്രം ശേഷിച്ചു.

ഡോൺജുവാന്റെ മാനം താൻ കൊയ്യുന്നവെന്നോ ഒരു നീഗ്രോപ്പെണ്ണിന് ഒരു വെള്ളക്കാരന്റെ ഭാര്യയാകാൻ കഴിയുകയില്ലെന്നോ അവർ അപ്പോഴും അറിഞ്ഞിരുന്നില്ല. ആ കാപ്പിരിക്കുഞ്ഞുങ്ങൾ അയാളുടെ അഭിമാനത്തെ ചോദ്യം ചെയ്യുന്നതും അവർക്ക് ആദ്യം കാണ്മാൻ കഴിഞ്ഞില്ല. എന്നാൽ അധികതാമസം വേണ്ടിവന്നില്ല, അവർക്ക് ആ പാഠം ഗ്രഹിക്കുവാൻ. അവളുടെ പണസഞ്ചി ശോഷിച്ചുതുടങ്ങി. നിത്യവൃത്തിക്കിനിയും മാർഗ്ഗമില്ല. പട്ടിണിയെ പറഞ്ഞയക്കണമെങ്കിൽ ഇനിയെന്തെങ്കിലും തൊഴിൽ നോക്കണം. തുണിയലക്കായിരുന്ന അവർക്കറിയാവുന്ന ഏകതൊഴിൽ. അലക്ക്, അതു് അവർ സ്വീകരിച്ചു. കഠിനാദ്ധ്വാനത്തിന്റെയും കായക്ലേശത്തിന്റെയും പിടിയിലമരുന്ന ആ പെൺപിള്ള ചിലപ്പോൾ വിചാരിക്കും മാർട്ടിനും ജയിനുമുണ്ടായതു് എത്ര കഷ്ടമായിപ്പോയി എന്നു്. എല്ലാം അവരുടെ കുറ്റം തന്നെ, അവർ വിചാരിച്ചു. അവരുടെ അച്ഛൻ ആഗ്രഹിച്ചതുപോലെ കുഞ്ഞുങ്ങൾ വെള്ളയായിരുന്ന ഏങ്കിൽ തീർച്ചയായും അദ്ദേഹം തന്നെ ഉപേക്ഷിച്ചു പോകയില്ലായിരുന്നു.

കൊഞ്ചിക്കുഴഞ്ഞു മാതാവിനെ സമീപിക്കുന്ന ആ പിഞ്ചു പൈതങ്ങൾക്ക് ലാളനകൾക്കു പകരം ശകാരവർഷങ്ങളാണു പലപ്പോഴും അനുഭവപ്പെട്ടുക. "പോവിൻ എന്റെ കൺമുമ്പിൽനിന്നു്, കരുമന്തികളേ. ശ

നിപിടിച്ച നിങ്ങൾ വന്നിരിക്കുന്നോ എന്നെ അലട്ടുവാൻ? ഓർവിധി വിളയിച്ച വിത്തുകൾ! ഈ കഷ്ടതകളെല്ലാം നിങ്ങൾമൂലം." ഇങ്ങനെയാണ് ആ കുഞ്ഞുങ്ങളെ അവൾ പലപ്പോഴും അഭിവാദനം ചെയ്യുക.

കോപിഷ്ടയായി അമ്മയെ കാണുന്നതു മാർട്ടിന് എപ്പോഴും അസഹ്യമായിരുന്നു. സാധുവായ ബാലൻ! അവനുണ്ടോ മനസ്സിലാക്കുന്നു കറുത്ത തൊലിയുടെ ഭവിഷ്യൽഫലങ്ങൾ. എല്ലാത്തരത്തിലുമുള്ള നീഗ്രോകൾ ലീമായിലുണ്ടായിരുന്നു. അവരിൽ ചിലർ വളരെ നല്ലവരുമാണെന്നു മാർട്ടിനറിയാം. അവരെക്കൂടാതെ കൃഷ്ണവർണ്ണരായ ഇൻഡ്യക്കാരും അവിടെ ധാരാളമുണ്ടായിരുന്നു. എന്നാലവരെല്ലാം വെള്ളക്കാരെ അപേക്ഷിച്ച് അജ്ഞരും ദരിദ്രരുമായിരുന്നു. പക്ഷേ, വെള്ളക്കാരായ സ്ത്രീപുരുഷന്മാരെപ്പോലെതന്നെ ആ കറുത്തജാതിക്കാരും നല്ലവരാണു മാർട്ടിന്റെ ദൃഷ്ടിയിൽ. എല്ലാമനുഷ്യരും ദൈവച്ഛായയിൽ സൃഷ്ടിക്കപ്പെട്ടവരാണെന്നും ദൈവം എല്ലാവർക്കും പിതാവാണെന്നും അതിനാൽ മനുഷ്യർ പരസ്പരം സഹോദരരാണെന്നുംമറ്റുമുള്ള വൈഭികോപദേശം അവൻ പലവുരു കേട്ടിട്ടുണ്ടായിരിക്കണം. എല്ലാ ജാതികളിലുമുള്ള നല്ലയാളുകൾക്കായി ഒരുക്കപ്പെട്ടിട്ടുള്ളതാണു സ്വർഗ്ഗസൗഭാഗ്യമെന്നു് അവൻ സുദൃഢമായി വിശ്വസിച്ചിരുന്നു.

"അമ്മയ്ക്കു് ഒരു വലിയ തെറ്റുപറ്റിയിട്ടുണ്ടു്" മാർട്ടിൻ ജയിനിനോട് ഒരിക്കൽ പറഞ്ഞു. "ശരീരത്തിന്റെ അല്ല ആത്മാവിന്റെ നിറമാണു കാര്യമായിട്ടുള്ളതു്. നമ്മുടെ ആത്മാവു് നിർമ്മലമാണെങ്കിൽ—നമ്മു

ടെ പ്രവൃത്തികളെല്ലാം ദൈവേച്ഛാനുസരണമെങ്കിൽ— നാം സാധുക്കളായ കാപ്പിരികളായാലെന്ത്?' അനാഥരായി ത്യജിക്കപ്പെട്ടാലെന്ത്?' ഒന്നുകൊണ്ടും സങ്കടപ്പെടേണ്ട ആവശ്യമില്ല."

ജയിൻ സമ്മതിച്ചു. പക്ഷേ, അവൾക്കുമുണ്ടു ചില അഭിപ്രായങ്ങൾ. പിതൃപരിലാളനകൾക്കായുള്ള പ്രത്യാശ അവളുടെ ഹൃദയത്തിൽനിറഞ്ഞു നില്ക്കുയാണ്'. അവളുടെ പ്രതീക്ഷകളെ ഒരു കൊച്ചു വീട്ടിൽ കീറത്തുണികളിൽ ബന്ധിച്ചു നിറുത്തുക ഇനിയും സാധ്യമല്ല. "മാർട്ടിൻ, എനിയ്ക്കു കിന്നരിയുള്ള ഒരു കൊച്ചുടുപ്പുണ്ടായിരുന്നെങ്കിൽ!"

പ്രായത്തിൽ മാർട്ടിനും ജയിനുംതമ്മിൽ വലിയ വ്യത്യാസമില്ലായിരുന്നു; എന്നാൽ അറിവിൽ മാർട്ടിൻ അവളെക്കാൾ വളരെ മുൻപിലായിരുന്നു. സരസമായ സംഭാഷണത്താൽ അവനെല്ലാവരുടെയും പ്രീതിക്കു പാത്രമായി. തെരുവിലലയുന്ന പട്ടികളും വീട്ടുകളിൽ വളരുന്ന പൂച്ചകളും അവന്റെ ചങ്ങാതിമാരാണ്'. അവനൊന്നു വിളിച്ചാൽ മതി അവയെല്ലാം അവന്റെ ചുറും ഓടിക്കൂടുവാൻ. മാർട്ടിനും ജയിനും വളർന്നുവന്നതോടേ എല്ലാ ജോലികളിലും അമ്മയെ സഹായിച്ചുകൊണ്ടിരുന്നു. അലക്കിയ വസ്ത്രങ്ങൾ വീട്ടുകാരെത്തോറും കൊണ്ടുനടന്നു കൊടുക്കുക ആയിരുന്നു അവരുടെ പ്രധാനജോലി.

വളരെ ചൂടുള്ള ഒരു ദിവസം. അന്നു പതിവിലധികം ക്ഷീണിച്ചിരുന്നു. ഇടത്തുകൈയിൽ ഒരൊഴിഞ്ഞ കൊട്ടയും വലത്തുകൈയിൽ മൂന്നു വെള്ളിനാണയങ്ങളും

പിടിച്ചിരുന്ന ആ തള്ള എട്ടുവയസ്സുമാത്രം പ്രായമുള്ള മകനെ അരികിൽ വിളിച്ചു പറഞ്ഞു: "മകനേ, ഇന്നിവിടെ ഭക്ഷണത്തിനു യാതൊന്നുമില്ല. ജോലിചെയ്യുന്നതിനും ഞാൻ മടുത്തു. വിശപ്പും വല്ലാതെയുണ്ട്. എനിക്കിന്നു ചന്തയിൽ പോകുവാൻ നിവൃത്തിയില്ല. അതുകൊണ്ടു നീ പോയി എന്തെങ്കിലും വാങ്ങിച്ചുകൊണ്ടു വരിക. ഒരിക്കൽക്കൂടെ നിന്നെ ഞാൻ വിശ്വസിക്കുന്നു. എനിക്കറിയാം ഞാനുണ്ടാക്കുന്ന ഓരോ കാശും നീ ഭിക്ഷക്കാർക്കു കൊടുത്തു നശിപ്പിക്കുമെന്ന്. എന്നാൽ, കഴിഞ്ഞ പ്രാവശ്യത്തെ അനുഭവം നീ മറന്നിട്ടില്ലായിരിക്കുമല്ലോ."

മാർട്ടിൻ സമ്മതഭാവത്തിൽ തലകുലുക്കി. തലേ ആഴ്ചയിലും സാമാനം വാങ്ങിക്കുവാൻ അവൾ അവനെ ചന്തയിലയച്ചതാണ്. പക്ഷേ, പണം ഭിക്ഷകൊടുത്തിട്ടു വെറുംകൈയോടെയാണ് അവൻ തിരിച്ചുവന്നത്: അന്നവനു ലഭിച്ച അടിയുടെ പാട് ഇതുവരെ മാറിയിട്ടില്ല. അതുകൊണ്ടാണ് ആ തള്ള മകനെ വിശ്വസിച്ചയക്കാൻ ഇപ്പോൾ ധൈര്യപ്പെട്ടതും. എന്നാൽ ആ ഭിക്ഷുവിന്റെ ദയനീയസ്ഥിതിയും ഭിക്ഷ ലഭിച്ചപ്പോൾ അയാളുടെ മുഖത്തു നിഴലിച്ച സന്തുഷ്ടിയും മാർട്ടിന്റെ മനസ്സിനെ കവന്നെടുത്തിരുന്നു. "ഈ ആഴ്ച ആദ്യമായിട്ട കിട്ടുന്ന ധർമ്മമാണിതു മകനേ" എന്നുള്ള ആ ഭിക്ഷുവിന്റെ സംതൃപ്തവചനങ്ങൾ മാർട്ടിന്റെ ചെവികളിൽ ഇപ്പോഴും മുഴങ്ങുന്നുണ്ടെന്നുള്ള കാര്യമുണ്ടോ ആ തള്ള അറിയുന്നു. "അമ്മേ, ഇനി ഒരിക്കലും പണം കളയാതിരിക്കാൻ ഞാൻ ശ്രമിക്കാം; പക്ഷേ, വിശപ്പടക്കാൻ വഴിയില്ലാത്ത പാവങ്ങളെ കാണുമ്പോൾ—"

"ഛീ, നിന്റെ പാവങ്ങൾ! പണിയെടുത്തു കഴിയട്ടെ. തിന്നണമെങ്കിൽ അവരും എന്നെപ്പോലെ ജോലി ചെയ്യട്ടെ. വിയർപ്പോടേ വേണം അപ്പം ഭക്ഷിക്കുവാൻ. ഇതാ, ഈ മുന്ന രൂപയ്ക്കു കിട്ടാവുന്നതുംയും സാധനം നല്ലതുനോക്കി വാങ്ങിച്ചുകൊണ്ടുവരണം— കുറെ അപ്പവും പയറും പഴങ്ങളും. കളിപ്പു പറയരുതു്. കഴിയും വേഗം വരികയും വേണം." മാർട്ടിൻ പ്രസന്നവദനനായി. അമ്മയെ സഹായിക്കുന്നതു് അവന് എപ്പോഴും ആനന്ദപ്രദമാണു്. കൊട്ട തലയിൽ കമഴ്ത്തി വച്ചിട്ടു്, പണം കൈയിൽ മുറുകെപ്പിടിച്ചുകൊണ്ടു് അവൻ ചന്തയിലേയ്ക്കോടി.

ആരേയും ആകർഷിക്കുന്ന അതിമനോഹരമായ ഒരങ്ങാടിയാണു പ്ലാസാ. വിവിധജാതിക്കാരും വിഭിന്നഭാഷക്കാരുമായ ആളുകളെ അവിടെ കാണാം. ഏതു വിഷയത്തെക്കുറിച്ചുമുള്ള സംഭാഷണം ഉച്ചത്തിലെവിടെയും കേൾക്കാം. കമനീയങ്ങളായ കാഴ്ചകളും വിവിധവിനോദപ്രകടനങ്ങളും ആളുകളെ അങ്ങോട്ടാകർഷിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, മാർട്ടിന്റെ ശ്രദ്ധ അങ്ങോട്ടെങ്ങും അന്നു തിരിഞ്ഞില്ല. അവൻ നേരേ ചന്തയിലേക്കാണു്. പട്ടണമദ്ധ്യത്തിൽ ചന്തയ്ക്കഭിമുഖമായി അതിമനോഹരമന്ദിരവും ഭദ്രാസനപ്പള്ളിയും ഉയർന്നുനില്ക്കുന്നതു ദൂരത്തിലവനു കാണാം. അവിടെ കയറി ഒന്നു പ്രാർത്ഥിക്കുവാൻ അവന്റെ ഹൃദയം കൊതിച്ചു. പക്ഷേ, അവന്റെ ആഗ്രഹം അമ്മയുടെ നിർദ്ദേശങ്ങൾക്കു മുൻപിൽ വഴിമാറേണ്ടതായി വന്നു. അമ്മയുടെ വിശപ്പും ക്ഷീണവും ഓർമ്മയിലുണ്ടായിരുന്നതുകൊണ്ടു്, പള്ളിയിൽ

കയറി പ്രാർത്ഥിക്കണമെന്നുള്ള ആഗ്രഹം മറെറാരവസരത്തിലേക്കു നീട്ടിവെക്കുവാൻ അവൻ നിശ്ചയിച്ചു. വാണിഭസ്ഥലത്തെ ലക്ഷ്യമാക്കി അവൻ അതിവേഗം നടക്കുകയാണു്. പെട്ടെന്നു ഭയനീയമായ ഒരു സ്വരം അവന്റെകണ്ണുപൂടങ്ങളിൽ വന്നടിച്ചു.

"കുഞ്ഞേ, പിച്ച തരണേ!" ഓടയിൽനിന്നു പിടഞ്ഞെഴുന്നേററ ഒരു വൃദ്ധയുടെ നിവേദനമാണതു്. "മൂന്നുദിവസമായി മോനേ വല്ലതും കഴിച്ചിട്ടു്." മാർട്ടിൻ തിരിഞ്ഞുനോക്കി. ഭയനീയമായ കാഴ്ച. അർദ്ധനഗ്നമായ ഒരു അസ്ഥിപഞ്ജരം അവിടെ കിടന്നു കേഴുകയാണു് അരച്ചാൺ വയറിനുവേണ്ടി. "ദൈവത്തെ ഓർത്തു് ഈ സാധുവിനു് ഒഴക്കരിക്കു വകതരണേ"—ആ സതപം വീണ്ടും യാചിക്കുകയാണു്. മാർട്ടിൻ ഞെട്ടിപ്പോയി. അങ്ങനെയൊരു കാഴ്ച അതാശ്യമായിട്ടാണു്. അവന്റെ അന്തരംഗം ഒരു സമരരംഗമായി മാറി. അമ്മയുടെ ആജ്ഞ ഒരുവശത്തു്; ഭിക്ഷുവിന്റെ ഭയനീയത മറുശത്തു്. അവനെന്തു ചെയ്യും? ആ സമരം അധികം നീണ്ടുനിന്നില്ല. അവന്റെ മനമുരുകി; ഹൃദയം ചലിച്ചു. കൈയിലിരുന്ന പണം മുഴവൻ അവളുടെ നേർക്കു നീട്ടിക്കൊണ്ടു് അവൻ പറഞ്ഞു: "ഇതാ, ഈ നാണയങ്ങം എടുത്തുകൊള്ളുക. ദൈവം തള്ളയെ അനുഗ്രഹിക്കട്ടെ!"

പിന്നെ ഒരു നിമിഷവും അവൻ അവിടെ നിന്നില്ല. ആ സ്ത്രീയുടെ കൃതജ്ഞതാവചസ്സുകൾ അവനു കേൾക്കേണ്ടായിരുന്നു. ഒരിക്കൽക്കൂടെ അവൻ മാതൃശാസനയെ അവഗണിച്ചു. അനുസരണക്കേടിന്റെ ഗൗരവം അവൻ മനസ്സിലാക്കി. കുറബോധം പരിഹാരപ്രവൃ

ത്തിക്ക് അവനെ പ്രേരിപ്പിച്ചു. അനുതാപനിർഭരമാ
യ ഹൃദയത്തിന് ആശ്വാസം പകർന്നു കൊടുക്കുവാൻ
കാത്തുനില്ക്കുന്ന സ്നേഹനാഥനായ ഈശോയുടെ പക്കലേ
യ്ക്ക്—സാന്താ ഡോമിങ്ങോയിലേക്ക്—അവനോടി.

വിശുദ്ധിയുടെ വീചികൾ വീശുന്ന ആ ദൈവാല
യം കാഴ്ചക്കാരിൽ സ്വർഗ്ഗപ്രതീതിയുദ്ദീപിപ്പിക്കുവാൻ പ
ര്യാപ്തമായിരുന്നു. പ്രശാന്തസുന്ദരമായ നിശ്ശബ്ദത അ
വിടെയെങ്ങും കളിയാടിയിരുന്നു. രണ്ടു തുണസഹോദര
ന്മാർ പള്ളിക്കകത്തെ അലങ്കാരവേലകളിൽ ഏർപ്പെട്ടി
രിക്കുന്നതായി മാർട്ടിൻ കണ്ടു. ധവളനിർമ്മലമായ നെ
ടുങ്കുപ്പായം, അതിനുമുകളിൽ കറുത്ത ഒരു മേൽവസ്ത്രം,
അരയിലൊരു കെട്ട്, അതിൽ തൂക്കിയിട്ടിരിക്കുന്ന വലി
യ കൊന്ത—ഇത്രയുമാണ് അവരുടെ വേഷവിധാനം.
ഈ വേഷം മാർട്ടിനെ വളരെ ആകർഷിച്ചു. പ്രധാന
ബലിപീഠത്തെ സമീപിച്ചു മധ്യത്തിലായി മുഴിക്കാലു
കുത്തിക്കരികിൽ അവൻ മുട്ടുകുത്തി; കൈകൾ കൂപ്പി, ദൃ
ഷ്ടികൾ ഉയർത്തി, സക്രാരിയിൽ എഴുന്നള്ളിയിരിക്കു
ന്ന ഈശോനാഥനോടപേക്ഷിച്ചു. അന്നത്തെ സംഭവ
ങ്ങൾ ഓരോന്നും ഉണ്ടായതുപോലെ ഈശോനാഥനെ
അവനറിയിച്ചു. അമ്മയുടെ കോപത്തെ എത്രമാത്രം ഭ
യപ്പെട്ടിരുന്നുവെന്നുള്ളതും അവൻ അവിടെ വെളിവാ
ക്കിയിരിക്കണം. പണത്തിനുവേണ്ടിയുള്ള ആ തള്ളയു
ടെ കഠിനാധ്വാനം എപ്പോഴും അവന്റെ മുമ്പിലുണ്ട്.
ആ പണമെല്ലാം ഭിക്ഷകൊടുത്തു നശിപ്പിക്കുന്നതിൽ അ
വന് അതിയായ ഖേദമുണ്ട്. പക്ഷേ, എന്തുചെയ്യാം.
"എന്റെ ഈശോ, നല്ലതുമാത്രം ചെയ്യുവാൻ എന്നെ

നീ പഠിപ്പിക്കേണമേ. അമ്മയോട് എന്റെ കുറ്റം ഏറ്റു പറവാൻ വേണ്ട ധൈര്യം എനിക്കു തരേണമേ." പിതാവിന്റെ തിരിച്ചുവരവിനുവേണ്ടിയും അവൻ അകമഴിഞ്ഞു പ്രാർത്ഥിച്ചു.

രണ്ടാമധ്യായം

ആങ്ങളയും പെങ്ങളും

തെക്കേ അമേരിക്കയുടെ ഉത്തരാർദ്ധത്തിൽ പടിഞ്ഞാറുഭാഗത്തു കടലിനോടു തൊട്ടുകിടക്കുന്ന ഒരു രാജ്യമത്രേ പെറു. ലീമായാണ് ഈ രാജ്യത്തിലേ ഏറ്റവും പ്രധാനനഗരം. ഒരു നാലു നൂറ്റാണ്ടുകാലത്തിനുമുമ്പുതന്നെ പരിഷ്കാരം അതിന്റെ പകിട്ടുവേലകാലം അവിടെ ആരംഭിച്ചുതാണ്. ഭൗതികസംസ്കാരത്തിന്റെ വിജയചിഹ്നങ്ങളായിലാലസിക്കുന്ന രമ്യഹർമ്മ്യങ്ങളും, മനോഹരങ്ങളായ കലാലയങ്ങളും, അംബരചുംബികളായ ദൈവാലയങ്ങളും, അവയുടെ ഉത്തുംഗങ്ങളായ ഗോപുരങ്ങളും—എല്ലാം കാലേ അവിടെ പണിതീർന്നതാണ്. കലാപരമായും ദിനംദിനം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്ന ആ പട്ടണം 'നാട്ടുവാഴികളുടെ നഗരം' എന്ന അഭിധാനത്തിനർഹമായി, സ്പാനിഷ് സാമ്രാജ്യത്തിന്റെ പ്രതാപത്തിനും പ്രശസ്തിക്കും അളവുപിടിച്ചുകൊണ്ടിരുന്നു. അതേസമയം യൂറോപ്യൻനാഗരികതയുടെ ദുഷിച്ച വശങ്ങളും

നഗ്നമായിക്കാണിക്കുന്ന ഒരു മറുവശവും ലീമായ്ക്കുണ്ട്. കൊഴത്ത പണക്കാരും തടിച്ച സമ്പന്നരും മാത്രമല്ല ലീമായിൽ; അർദ്ധനഗ്നരും മുഴപ്പട്ടിണിക്കാരുമായിരുന്ന അവിടത്തെ നിവാസികളിലധികവും. അങ്ങനെയുള്ളവരെ മനുഷ്യരായിപ്പോലും അന്നുള്ളവർ—അന്നാത്തെ സാമൂഹ്യികനീതി—കരുതിയിരുന്നില്ല എന്നതാണു കഷ്ടാൽകഷ്ടതരം. പ്രഭുക്കന്മാരുടെ ഹുങ്കും അടിമകളുടെ അരാജകത്വവും പണക്കാരുടെ ധൂർത്തും പട്ടിണിക്കാരുടെ കഷ്ടതകളും പരദേശികളുടെ ഗർവും സ്വദേശികളുടെ പാരതന്ത്ര്യവും—എല്ലാം ലീമായുടെ അഭിമാനത്തെ കരണ്ടു കൊണ്ടിരുന്നു. ഇങ്ങനെ വൈപരീത്യങ്ങൾക്കു വിളിപ്പെട്ട ആ പട്ടണത്തിലാണു നമ്മുടെ കഥാനായകൻ ജാതനായതു്, 1579–ൽ.

മാർട്ടിന്റെ ഇളയസഹോദരിയാണു ജയിൻ. രണ്ടു വയസ്സിനു് അന്തരമുണ്ടായിരുന്നെങ്കിലും ഒരു ഞെട്ടിൽ വിരിഞ്ഞ ഇരുമൊട്ടുകൾപോലെ അവർ വളർന്നുവന്നു. വിനോദപൂർണ്ണങ്ങളായിരുന്നു അവരുടെ ബാല്യകാലദിനങ്ങൾ. ചൊടിയും ചുണയും അവർക്കിരുവർക്കുമുണ്ടു്. വാനമ്പാടികളെപ്പോലെ അവർ ആർത്തു പാട്ടും; ചിത്രശലഭങ്ങളെപ്പോലെ അവർ തുള്ളിച്ചാട്ടം അവിടെയെല്ലാം. ആർക്കും അതിലൊരനിഷ്ടവുമില്ല. ജീവിതായോധനത്തിന്റെ ആദ്യകളരിയാണു് ആ കളിത്തോഴർക്കിപ്പോൾ.

മാർട്ടിനും ജയിനും ഇതുവരെ സ്കൂളിൽ പോയിട്ടില്ല. നീഗ്രോക്കുട്ടികൾക്കു് അങ്ങനെയൊരാവശ്യമുണ്ടെന്നു് അന്നാവിടെ ആരും കരുതിയിരുന്നേയില്ല. ആ പരിഷ്കൃ

തപ്പട്ടണത്തിൽ കുലീനന്മാരുടേയും പണക്കാരുടേയും മക്കൾ മാത്രമേ വിദ്യയഭ്യസിച്ചിരുന്നുള്ളൂ. മറ്റുള്ളവരുടെ ജീവിതം ദാസ്യവൃത്തിക്കും കൃഷിവേലയ്ക്കുംവേണ്ടിമാത്രമായിരുന്നു. മാർട്ടിനേയും ഉപയോഗശൂന്യനായ ഒരടിമയെന്നതിൽക്കവിഞ്ഞു് ആരും കരുതിയിരുന്നില്ല. എന്നാൽ, അവനതിൽ പരാതിയില്ല. ജീവിതയാഥാർത്ഥ്യങ്ങൾ ഗ്രഹിക്കുവാൻ അന്നവൻ പാകമായിട്ടില്ലല്ലോ. പക്ഷേ, അവന്റെ ഹൃദയത്തെ കരണ്ടുകൊണ്ടിരുന്ന ഒരു കാര്യമുണ്ടായിരുന്നു—അവന്റെ അച്ഛന്റെ വേർപാടും തന്മൂലം കുടുംബസംരക്ഷണത്തിനായി അമ്മ ചെയ്യേണ്ടിവന്ന അതിശ്രമവും.

"പപ്പാ എവിടെ പോയി മാർട്ടിൻ?" ജയിൻ പലപ്പോഴും ചോദിക്കാറുണ്ടായിരുന്നു. മാർട്ടിൻ നീണ്ട കഥകൾ പറഞ്ഞു് അവളെ തൃപ്തിപ്പെടുത്തുവാൻ ശ്രമിക്കും. അച്ഛന്റെ ഉദ്യോഗവലുപ്പത്തെക്കുറിച്ചും ജോലിത്തിരക്കിനെക്കുറിച്ചും അവൻ വാചാലതയോടെ പ്രസംഗിക്കും. പക്ഷേ, അതുകൊണ്ടൊന്നും അവൾക്കു തൃപ്തിവരുകയില്ല. "ഓ എന്തൊരു പപ്പായാ; ഇത്രവലിയ ജോലിയൊന്നും പപ്പായ്ക്കു വേണ്ടായിരുന്നു. വല്ലിടത്തുംപോയി താമസിച്ചാൽ നമുക്കെന്താ ഗുണം?" അവളുടെ റിമാർക്കിനെ പൂർണ്ണമായിട്ടല്ലെങ്കിലും മാർട്ടിൻ പിൻതാങ്ങി. അച്ഛൻ വരുമ്പോൾ എന്തെല്ലാം അവർക്കായി കൊണ്ടുവരുമെന്നുംമറ്റും ഒരുദ്ദേശക്കണക്കുകൾ ക്രൂട്ടിനോക്കി. ക്രൂടിയ ഓഹരി ജെയിനിനായി അവർ മാറ്റിവച്ചു. മാർട്ടിന് ഒന്നും കിട്ടിയില്ലെങ്കിലും പപ്പാ ഒന്നു വന്നു കണ്ടാൽ മതി. അതിനായി അവൻ ഉള്ളുഴിഞ്ഞു പ്രാർത്ഥി

ച്ചു. പ്രാർത്ഥനയിൽ ജെയിനിനേയും അവൻ പങ്കുക്കൂട്ടി. കുഞ്ഞുങ്ങളുടെ നിഷ്പ്രയോജനമാകാത്ത നിഷ്കളങ്കനിവേദനം!

പെറു രാജ്യത്തിന്റെ വടക്കേ അറ്റത്തുള്ള 'ഗപ്യാക്കിൽ' എന്ന പട്ടണമായിരുന്നു ജുവാന്റെ ജോലിസ്ഥലം. ഉന്നതമായ ഒരു ഉദ്യോഗത്തിൽ സുഭിക്ഷത്തിന്റെ പുറത്തിരുന്ന് അയാളവിടെ സുഖിക്കുകയായിരുന്നു. അവിടെ വച്ചുതന്നെയാണു ജുവാന്റെ ഹൃദയത്തെ ദൈവം സ്പർശിച്ചതും. ദൂരതയുടെ നിശ്ശബ്ദതയിൽ ഉന്മേഷം ഉറങ്ങിപ്പോയ ഒരു കൊച്ചു വീട്ട്. അതിൽ ദാരിദ്ര്യശുഷ്കയായ ഒരു നായിക. പട്ടിണിപ്പണ്ടങ്ങളായ രണ്ടു കൊച്ചുകുട്ടികൾ. ഓരോന്നും ഒരായിരം ചോദ്യങ്ങളുമായി ജുവാന്റെ മനോമുകുരത്തിൽ വന്നുനിന്നു. മലിനമായ മനസ്സാക്ഷി ശുദ്ധീകരണത്തിനായി വെമ്പൽകൊണ്ടു. അയാൾ താമസിച്ചില്ല. പശ്ചാത്താപപൂർണ്ണനായി ഭാര്യയുടേയും കുഞ്ഞുങ്ങളുടേയും പക്കലേക്ക് അയാൾ തിരിച്ചു. അവിടെ—അന്നയുടെ അടുക്കൽ ഒരു നീണ്ട പാപോച്ചാരണംതന്നെ ജുവാൻ കഴിച്ചു. അവന്റെ കഴിഞ്ഞ കാലത്തെ തെറ്റുകളെല്ലാം അവളോട് ഏറ്റുപറഞ്ഞു.

അന്ന സന്തോഷസാഗരത്തിൽ ആറാടി. ഒരു പത്തു വയസ്സ് അവൾക്കു കുറഞ്ഞുകിട്ടി. ഭൂതകാലസംഭവങ്ങൾ വിസ്മൃതിയിൽ വിട്ടിട്ട് ഭാവിയിലേക്കുള്ള പരിപാടി പെട്ടെന്ന് അവൾ തയ്യാറാക്കി. ഭർത്തൃപരിരക്ഷണം വീണ്ടും അവളനുഭവിച്ചു. ദാമ്പത്യജീവിതസുധ ഒരിക്കൽക്കൂടി അവൾ ആസ്വദിച്ചു. ഭർത്തൃമാഹാത്മ്യത്തെക്കുറിച്ച് ആവേശത്തോടേ അവൾ സംസാരിച്ചു

കൊണ്ടിരുന്നു. അയൽവാസികൾ എല്ലാവരും അവളുടെ സൗഭാഗ്യത്തിൽ അവളെ അനുമോദിച്ചു. സുമുഖനും ധനികനുമായ ജൂവാനോട്ടക്രൂടി ജീവിക്കുന്ന അന്നയെ അസൂയയോട്ടക്രൂടിയായിരിക്കണം സ്ത്രീവർഗ്ഗം വീക്ഷിച്ചിരുന്നതു്. ഇനിമേൽ സാധുവായ ഒരു വേലക്കാരിയല്ല, ലീമായിലേ ഒരു കൊച്ചമ്മയാണവൾ. അവൾക്കായി ധാരാളം പണം അദ്ദേഹം കൊണ്ടുവന്നിട്ടുണ്ടെന്നും അവളേയും കുഞ്ഞുങ്ങളേയും പ്രാണതുല്യം അദ്ദേഹം സ്നേഹിച്ചു ലാളിക്കുന്നുവെന്നും മറ്റുമുള്ള യാഥാർത്ഥ്യങ്ങൾ പരക്കെ പ്രസിദ്ധമായി. എന്നാൽ മാർട്ടിനേയും ജയിനിനേയും വിദ്യാഭ്യാസാർത്ഥം ഇംഗ്ലണ്ടിലേക്കു് അയയ്ക്കുന്ന എന്ന വാർത്തയാണു പട്ടണവാസികളെ അധികമായി അമ്പരപ്പിച്ചതു്.

മാർട്ടിനും ജയിനും. അവരുടെ ആനന്ദത്തിനു് അതിരില്ലായിരുന്നു. അവർ അതിനവകാശികളുമാണല്ലോ. ആഭരണങ്ങളണിഞ്ഞു പട്ടുടുപ്പുകളും ധരിച്ചു കിലുകിലെ ചിരിച്ചുകൊണ്ടു് ഓടിച്ചാടി നടക്കുന്ന ആ കസ്തൂരിക്കുട്ടികളെ നോക്കിനില്ക്കുവാൻ അപ്പോൾ ആർക്കും ഒരുൽസുക്യം തോന്നും. പണക്കാരുടേയും പ്രഭുക്കന്മാരുടേയും കുട്ടികളോടൊപ്പം അവരേയും വിദ്യാഭ്യാസത്തിനയക്കാനുള്ള അച്ഛന്റെ തീരുമാനം അവരിലൊരു കോരിത്തരിപ്പുളവാക്കിയെങ്കിൽ അത്ഭുതത്തിനവകാശമില്ല. "ഞങ്ങളേയും പള്ളിക്കൂടത്തിൽ വിടുമോ പപ്പാ?" ജെയിൻ ഉത്സാഹത്തോടേ ചോദിച്ചു. "തീർച്ചയായും." അവളുടെ കവിൾത്തടത്തിൽ തടവിക്കൊണ്ടദ്ദേഹം പറഞ്ഞു. "നിങ്ങളുടെ ഭാവിയാണു മോളേ ഇനി എ

ന്റെ നോട്ടം. നിങ്ങളാണ് ഇനിയെന്റെ മുതൽ. എ ന്റെ സമ്പാദ്യമെല്ലാം നിങ്ങൾക്കുതന്നെ. ഉണ്ണുവാനും ഉടുക്കുവാനും പഠിക്കുവാനും ഒന്നിനും ഇനി നിങ്ങൾക്കു കുറവില്ല." ആ കൊച്ചുമകൾ അച്ഛന്റെ കൈക്കുമ്പി ളിൽ ഒരുമ്മയും വച്ച് ഒറ്റയോട്ടം അമ്മയുടെ അടുക്ക ലേയ്ക്ക്.

പല ആഴ്ചകൾ ജീവൻ ലീമായിൽ കഴിച്ചുകൂട്ടി. പെട്ടെന്നു വീണ്ടും സ്ഥലംവിടുന്നതിനുള്ള നിർദ്ദേശം അ യാൾക്കു ലഭിച്ചു. ഗപയാക്കിലേക്കു പെട്ടെന്നു ചെല്ലണമെ ന്നു അയാളുടെ അമ്മാവനായ ഡോൺ ഡിയോഗോയുടെ നിർബന്ധമുണ്ടായിരുന്നു. ജീവനെ പ്രതീക്ഷിച്ചു വളരെ ജോലികൾ കുടിശികയായി അവിടെ കിടന്നിരുന്നു. അ തിനാൽ കുട്ടികളേയുംകൊണ്ട് അങ്ങോട്ടു പോകുവാൻ അയാളൊരുങ്ങി. അവരെ യാത്രയാക്കുവാൻ അയൽവാ സികൾ തിങ്ങിക്കൂടി. അമ്മയും മക്കളും തമ്മിൽ പിരി യുന്ന ആദ്യരംഗം—ഭർത്താവിൽനിന്നു വീണ്ടും അകലുന്ന അവസരം—അന്നയ്ക്കങ്ങനെ അതനുഭവപ്പെട്ടെന്നു വി ചാരിക്കയാണുത്തമം. അവൾക്കു തലകറക്കം വന്നില്ലെ ങ്കിലും അതിലും വലിയ കറക്കം ഹൃദയത്തിലനുഭവപ്പെ ട്ടു. ഭൂതകാലസ്മരണകൾ വർത്തമാനത്തിൽക്കുത്തി ഭാവി യിലേയ്ക്കു കുതിക്കുന്നതിന്റെ കിതപ്പാണതു്. ആ കൊ ച്ചു കുടുംബത്തിനുവേണ്ടി എന്തു ത്യാഗങ്ങൾ അവൾ സ ഹിച്ചിട്ടില്ല! കുഞ്ഞുമക്കളെപ്രതി എന്തു തീക്കനൽ അ വൾ വിഴുങ്ങിയിട്ടില്ല! ഭർത്തൃവിരഹത്തിനു കാരണമാ യ അവരുടെ കറുത്ത നിറത്തെപ്രതി എത്ര വെറുപ്പവൾ അവരോടു കാണിച്ചിട്ടില്ല! ഇപ്പോഴാകട്ടെ, അവർ വീ

ട്ടുവിട്ടുപോകുന്നതു് അവൾക്കു സഹിക്കുവയ്യാ. അവളുടെ പണമെല്ലാം ഭിക്ഷകൊടുത്തു നശിപ്പിച്ചതിനു മാർട്ടിനെ പലപ്പോഴും അവൾ ശിക്ഷിച്ചിട്ടുണ്ടു്. എങ്കിലും അത്യധികമായി അവനെ സ്നേഹിക്കുകയും ചെയ്തിരുന്നു. അതുപോലെതന്നെ ജയിനിനേയും.

"സൂക്ഷിച്ചുകൊള്ളണം. ഒരുവിധത്തിലും അപ്പച്ചനെ ശല്യപ്പെടുത്തുകയോ അദ്ദേഹത്തിന്റെ അന്തസ്സിനു കുറവു വരുത്തുകയോ ചെയ്യരുതു്. നന്നായി പഠിക്കുകയും വേണം." യാത്രയ്ക്കൊരുങ്ങിയ കുട്ടികൾക്കു് അന്നു നൽകിയ ഉപദേശമാണിതു്. അമ്മ പറഞ്ഞതെല്ലാം പാലിച്ചുകൊള്ളാമെന്നു മാർട്ടിൻ ഉറപ്പു കൊടുത്തു. ജയിനും അതുതന്നെ ആവർത്തിച്ചു. "മമ്മാ, ഞങ്ങളൊന്നും മറക്കുകയില്ല. ഞങ്ങൾ നന്നായി പഠിച്ചുകൊള്ളാം. ഞാൻ മാർട്ടിനെ തോല്പിക്കും പഠനത്തിൽ." ജയിൻ സാമർത്ഥ്യം പ്രകടിപ്പിച്ചു. അന്ന ഒന്നും പറഞ്ഞില്ല. അവളേതോ വിചാരിക്കുകയാണു്. ആ തെരുവിൽ അവരുടെ ജാതിയിൽപെട്ട ഒരു കുഞ്ഞുപോലും ഏഴുത്തും വായനയും ഇതുവരെ അഭ്യസിച്ചിട്ടില്ല. ധനാഢ്യരായ വെള്ളക്കാരുടെ കുത്തകയായിരുന്ന വിദ്യാഭ്യാസം. നീഗ്രോ ജാതിക്കു് അതിനാവശ്യം തോന്നിയിട്ടില്ല. എന്നാലിപ്പോൾ അവളുടെ കുഞ്ഞുങ്ങൾ ആ പാരമ്പര്യത്തെ തട്ടിനീക്കുന്നു. ഗ്വയാക്കിലുള്ള അവരുടെ വല്യച്ചന്റെ വീട്ടിലേക്കു് അവരിപ്പോൾ യാത്രതിരിക്കുകയാണു്. അതൊരു സ്വപ്നമായിട്ടു് അന്നയ്ക്കു തോന്നി. അവൾ വികാരാധീനയായി; കണ്ണുകൾ നിറഞ്ഞു. പെട്ടെന്നു മാർട്ടിനേയും

ജയിനിനേയും ചുംബിച്ചിട്ട് അവൾ അകത്തേയ്ക്കു പോയി.

ജയിനും മാർട്ടിനും തങ്ങളുടെ പിതാവിനോടുകൂടി ലീമായിൽനിന്ന് അടുത്ത തുറമുഖമായ 'കള്ളിവോ'യിലേയ്ക്കാണു പോയതു്. അവിടെ നിന്നാണു് അവർക്കു കപ്പൽ കയറേണ്ടതു്. മുമ്പൊരിക്കലും വീടുവിട്ടു് അത്രയധികം ദൂരം ആ കുട്ടികൾ പോയിട്ടില്ല. ആ തുറമുഖത്തു് അന്നാവർ കണ്ടതുപോലുള്ള കാഴ്ചകൾ സ്വപ്നത്തിൽപ്പോലും മുമ്പവർ കണ്ടിട്ടില്ല. പലതും അവരെ അത്ഭുതപ്പെടുത്തി. വിവിധജാതി മനുഷ്യർ, വിഭിന്നരീതിയിലുള്ള വേഷവിഭ്രഷകൾ! വലിയകപ്പൽപ്പായകൾ സദാ കാറ്റിൽ പാറിപ്പറന്നു ചടാപടാ ശബ്ദമുണ്ടാക്കുന്നതും മറ്റും കൗതുകത്തോടേ അവർ നോക്കിക്കൊണ്ടു നിന്നു. കറുത്തവരും മഞ്ഞനിറമുള്ളവരും വെള്ളക്കാരും എല്ലാം വിഭിന്നഭാഷയിൽ വെടിപറഞ്ഞു രസിക്കുന്നതവർ കണ്ടു. ധാരാളമാളുകൾ വരികയും പോവുകയും ചെയ്യുന്നതവർ സൂക്ഷിച്ചു. എന്നാൽ, മാർട്ടിന്റെ ഹൃദയത്തെ കവർന്നതു വിശ്രമരഹിതരായി കഠിനാധ്വാനം ചെയ്യുന്ന കാപ്പിരിക്കുട്ടങ്ങളുടെ ദയനീയാവസ്ഥയാണു്. ആയിരക്കണക്കിനു കാപ്പിരികൾ മൃഗങ്ങളെപ്പോലെ പണിയെടുത്തിരുന്നതു വേദനയോടെയാണു് അവൻ നോക്കിനിന്നതു്. അവരിൽ അധികംപേരുടേയും നട്ടെല്ലു വളഞ്ഞു തുടങ്ങിയിരുന്നു—പ്രായാധിക്യത്താലല്ല, ഭാരാധിക്യത്താൽ. കപ്പലിൽനിന്നു കരയിലേക്കും കരയിൽനിന്നു കപ്പലിലേക്കും ഭാരവും പേറിക്കൊണ്ടു് അവർ ഓടിക്കൊണ്ടിരുന്നു.

"എന്താ അച്ഛാ, ഇവർ ചുമക്കുന്നതു ഈ വലിയ കെട്ടുകഥ?" മാർട്ടിൻ ജിജ്ഞാസയോടേ ചോദിച്ചു. "ഈ കപ്പലുകളെല്ലാം എങ്ങോട്ടാണു പോകുന്നതു?" ജുവാൻ ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു: "ആ കെട്ടുകളെല്ലാം സ്വർണ്ണമാണു മകനേ. അതു സ്പെയിനിലേക്കു കൊണ്ടു പോകയാണ്." മാർട്ടിൻ പിന്നെയൊന്നും ചോദിച്ചില്ല.

ലീമാപട്ടണത്തിന്റെ പ്രാന്തപ്രദേശങ്ങളിലേ മലകളിൽ ധാരാളം ഖനികളുണ്ടെന്നും അവിടെനിന്നാണു് ആ സ്വർണ്ണവും വെള്ളിയുമെല്ലാം എന്നും അവൻ മനസ്സിലാക്കി. അവനുണ്ടാകുന്നതിനു് ഒരു നാല്പതുവർഷങ്ങൾക്കു മുമ്പാണു സ്പെയിൻകാർ 'പെറു' കൈവശപ്പെടുത്തിയതു്. അവിടത്തേ സ്വർണ്ണഖനികളായിരിക്കണം അവരെ അതിനു പ്രേരിപ്പിച്ചതു്. ധനസമ്പാദനത്തിലുള്ള അവരുടെ അമിതാസക്തിയും തദ്ഫലം അവർ പ്രവർത്തിച്ച അനീതികളും എത്രയെന്നു് അറിയണമെങ്കിൽ അവിടത്തേ ഖനികൾ പറയും. സ്ത്രീപുരുഷഭേദമെന്നിയേ, പ്രായവ്യത്യാസം കണക്കാക്കാതെ ആയിരങ്ങളെക്കൊണ്ടു് എന്തിനുവേണ്ടിയാണു രാപകലില്ലാതെ അടിമവേല ചെയ്യിച്ചു? സ്പെയിനിലേ രാജാവിനും പ്രഭുക്കന്മാർക്കും വേണ്ടി പണമുണ്ടാക്കുവാൻ. എല്ലുമുറിയെ പണിയെടുത്തിരുന്ന സാധുക്കളായ ഈ ഇൻഡ്യാക്കാരോടും നീഗ്രോകളോടും കൂറെയെല്ലാം ദയവായി പെരുമാറിയിരുന്നെങ്കിൽ! പക്ഷേ, വിദേശികളായ ഈ മുതലാളന്മാരിൽ അധികപങ്കും ഹൃദയശൂന്യരായിരുന്നു. ഈ ക്രൂരിക്കാരും മനുഷ്യരാണു് എന്നു വാസ്തവം അവർ വിസ്മരിച്ചുകളഞ്ഞു. രാജാവിനും പ്രഭുക്കന്മാർക്കുംവേണ്ടി സ്വർണ്ണ

ങ്ങളുമായി പോകുന്ന ആ ഓരോ കപ്പലുകളും എത്ര യെത്ര സാധുക്കളായ ക്രൂലിക്കാരുടെ ജീവനെയാണു് ആ പഹരിച്ചുകൊണ്ടു പോകുന്നതു്! ഖനികളിൽ ചത്തൊ തുങ്ങുന്ന ക്രൂലിക്കാരുടെ സംഖ്യ ആ ചുമട്ടുകളെണ്ണിയാൽ എത്താണ്ടു തിട്ടം വരുത്താം.

"ഇതൊരിക്കലും ശരിയല്ല." ആ കൊച്ചു പയ്യൻ ഖിധിച്ചുകഴിഞ്ഞു. "മനുഷ്യർ ഇത്രമാത്രം അഹങ്കരിച്ചാലോ? അത്യാഗ്രഹത്തിനും അറുതിവേണ്ടേ? ധനത്തിനു വേണ്ടി മനുഷ്യർ ഇത്ര നിർദ്ദയരായിത്തീരുന്നതു് ഒരിക്കലും ശരിയല്ല. സാധുക്കളെ ഇത്ര കഷ്ടപ്പെടുത്തുന്നതു് ദൈവം ഒരിക്കലും സഹിക്കയില്ല." സപ്തണ്ണം കയറിനിറയ്ക്കുന്ന ആ വലിയ കപ്പലിലേക്കു നോക്കിക്കൊണ്ടു നിന്ന മാർട്ടിന്റെ കണ്ണുകൾ നിറഞ്ഞു. കണ്ണുനീർക്കണങ്ങൾ തുള്ളിതുള്ളിയായി അടർന്നുവീണു.

അധികസമയം ആ നില തുടരുവാനിടയായില്ല. അവർക്കു പോകേണ്ടിയിരുന്ന ബോട്ടിന്റെ സമയമായി. "വേഗം എന്റെക്രൂടെ വരിക. അതാ നമ്മുടെ ബോട്ടു്." ജുവാൻ പറഞ്ഞു: "ജെയിനിന്റെ കൈയ്യും പിടിച്ചു കൊള്ളുക."

ശവയാക്കിയിലേക്കുള്ള സുദീർഘമായ ആ യാത്ര മാർട്ടിനും ജയിനിനും വളരെ ആഹ്ലാദകരമായിരുന്നു. അവരെ സ്വീകരിക്കുവാൻ ജുവാന്റെ അമ്മാവൻ ഡോൺ ഡി യോഗോതന്നെ അവിടെ കാത്തുനിന്നിരുന്നു. മുടിമുഴുവൻ നരച്ച ഒരു വൃദ്ധനായിരുന്നു അദ്ദേഹം. മുഖത്തു ശാന്തത സദാ കളിയാടിയിരുന്നു. അതുകൊണ്ടുതന്നെ അയാൾ എല്ലാവരുടേയും സ്നേഹപാത്രമാണു്.

ജയിനിനും മാർട്ടിനും അദ്ദേഹത്തെ വളരെ ഇഷ്ടപ്പെട്ടു. അദ്ദേഹമാകട്ടെ അത്ഭുതഭാവത്തിൽ ആ കുഞ്ഞുങ്ങളെ തുറിച്ചു നോക്കിക്കൊണ്ടിരുന്നു.

"അല്ല! ആരാണീ കുട്ടികൾ?" അത്ഭുതമടക്കിക്കൊണ്ട് അദ്ദേഹം ചോദിച്ചു. "എന്റെ പ്രിയ മക്കൾ." ഡിയാഗോ മാർട്ടിനെയും ജെയിനിനെയും മാറിമാറി നോക്കി. അയാളുടെ മുഖഭാവം മാറിക്കൊണ്ടിരിക്കുന്നതാർക്കും കാണാം. അന്തസ്സും ആഭിജാത്യവുമുള്ള ഒരു സ്പാനിഷ് ഉദ്യോഗസ്ഥൻ—അതും തന്റെ സ്വന്തം മരുമകൻ എങ്ങനെ ആ കറുത്ത കുഞ്ഞുങ്ങളുടെ പിതാവായി? അയാൾ ചിന്തിച്ചു ജ്വാനാകട്ടെ ആ നിർഭ്ഭൂതയെ ഭഞ്ജിച്ചുകൊണ്ട് വിനോദഭാവത്തിൽ തന്റെ കുഞ്ഞുങ്ങളുടെ ഗുണഗണങ്ങളെ വർണ്ണിച്ചുതുടങ്ങി. അവരെക്കൂടെക്കൊണ്ടുപോന്നതിന്റെ ഉദ്ദേശം അയാൾ വിവരിച്ചു. അങ്ങനെ ആ വൃദ്ധനെ അയാളുടെ മനോരാജ്യത്തിൽനിന്നും തിരിച്ചു വിളിച്ചു.

ആ കിഴവനു കാര്യമൊക്കെ മനസ്സിലായി. നിരപരാധരും നിഷ്കളങ്കരുമായ ആ കുഞ്ഞുങ്ങളോട് അദ്ദേഹത്തിനു കാരുണ്യം തോന്നി. സ്കൂളിൽ പോകുന്നതിനുള്ള കുഞ്ഞുങ്ങളുടെ ആഗ്രഹത്തെ അദ്ദേഹം അംഗീകരിച്ചു. ആ വൃദ്ധമുഖം വീണ്ടും പ്രകാശിച്ചു. 'മക്കളേ!' എന്നു കൊഞ്ചിക്കുഴഞ്ഞുകൊണ്ട് ആ കുഞ്ഞുങ്ങളെ അദ്ദേഹം വിളിച്ചു. അവരുടെ ഭയവും സംശയവുമെല്ലാം മാറി. സന്തോഷത്തോടും ഉത്സാഹത്തോടുംകൂടെ അയിരുന്നു പിന്നത്തെ കുശലങ്ങൾ എല്ലാം. പ്രത്യേകം തയ്യാർ ചെയ്തു നിർത്തിയിരുന്ന

വണ്ടി അവരേയും വഹിച്ചുകൊണ്ട് ആ പ്രൗഢമന്ദിരത്തിലേക്കു പുറപ്പെട്ടു..

ഗയാക്കിലെ താമസം മാർട്ടിനും ജയിനിനും വളരെ സന്തോഷപ്രദമായിരുന്നു. മനോഹരമായ മാളിക, വിലയേറിയ വസ്ത്രങ്ങൾ, വിശേഷതരമായ സുഖഭോജ്യങ്ങൾ; എല്ലാറ്റിനുമുപരി ഒരുപാദ്ധ്യായൻ അവരെ പഠിപ്പിക്കുവാൻ. പഠനത്തിൽ അവർ വേഗം മുൻപോട്ടു പോയി.

കുട്ടികളുടെ ഉത്സാഹവും സാമർത്ഥ്യവും ജൂവാനേയും ഡിയോഗോയേയും സംപ്രീതരാക്കി. "ഞാൻ പറഞ്ഞില്ലേ ഇവർ സമർത്ഥരും ശല്യമില്ലാത്തവരും ആണെന്ന്?" ജൂവാൻ അഭിമാനത്തോടേ അമ്മാവനോട് ഒരിക്കൽ പറഞ്ഞു. ഡിയോഗോ സമ്മതിച്ചു. അദ്ദേഹത്തിനും ഏതാണ്ടു പറയാനുണ്ട്. "എന്റെ ജീവിതത്തിൽ വലിയ മാറ്റം വരുത്തിയിരിക്കുന്ന ഈ കുട്ടികൾ നേരല്ലേ?" അവർ വരുന്നതിനു മുൻപ് ഉണ്ടായിരുന്ന വീടല്ല ഇപ്പോഴത്തേത്. എപ്പോഴും അവിടെ ഒരു ജീവനുണ്ടിപ്പോൾ. എല്ലാറ്റിനും ഒരാകർഷകത്വം. ഇപ്പോൾ ആ വൃദ്ധനു പോലും ഉണ്ട് ഒരുണർവും ഉത്സാഹവും. ആ എഴുപതുകാരനെ ഏഴിലേക്കു പിടിച്ചിരുത്തുവാൻ ആ കുട്ടികൾക്കു സാധിച്ചു എന്നു പറഞ്ഞാൽ അതൊട്ടും അധികമല്ല.

മൂന്നാമധ്യായം

വൈദ്യശാലയിൽ

കാലചക്രം അതിന്റെ അച്ചുതണ്ടിൽ രണ്ടുവട്ടം കറങ്ങിത്തിരിഞ്ഞു. ഇന്നും മാർട്ടിനും ജയിനും ഗയാക്കിൽത്തന്നെയാണു താമസം. ലീമായിൽ നാം കണ്ട നീഗ്രോബാലന്മാരല്ല അവരിപ്പോൾ. പരിഷ്കൃതരീതിയിൽ പട്ടുവസ്ത്രങ്ങളണിഞ്ഞു്, മലർവാടിയിൽ പറന്നുല്ലസിക്കുന്ന പറവകളെപ്പോലെ, കളിച്ചുചിരിച്ചു് ആനന്ദതുന്ദിലരായി കഴിഞ്ഞുകൂട്ടുന്ന അവർ ഇനി അടിമകളായ നീഗ്രോകളോ? ഒരിക്കലുമല്ല. ഒരുന്നതോദ്യോഗസ്ഥന്റെ അരുമസ്സന്താനങ്ങൾ. പോറസ്കുടുംബത്തിന്റെ അനന്തരാവകാശികളാകാനുള്ള ഭാഗ്യശാലികൾ. വിശാലമായ ആ മണിമന്ദിരത്തിന്റെ പ്രശാന്തതയിലിരുന്നു ചിലപ്പോൾ അവർ ചിന്തിക്കും തങ്ങളുടെ ഭാവിയെക്കുറിച്ചു്. കൃതജ്ഞതാനിർഭരമായ ഹൃദയത്തുടിപ്പുകളുടെ അകമ്പടിയോടുകൂടി ഭൂതകാലത്തിന്റെ അത്യഗാധത്തിലേക്കു് അവർ എത്തിനോക്കും ചിലപ്പോൾ. ലീമായിലേ കഷ്ടാരിഷ്ടതകളെക്കുറിച്ചു് ആ പ്രേമമന്ദിരത്തിലിരുന്നു ചിന്തിച്ചാൽ എന്തൊരെത്തും പിടിയും കിട്ടാനാണു്.

ആ മനോഹരമന്ദിരത്തിന്റെ പരിസരങ്ങളിലുള്ള തോട്ടത്തിലായിരിക്കും അവർ അധികസമയവും ചെലവഴിക്കുക. സുപ്രഭാതസുഷമയുടെ ഓളം വെട്ടലിൽ ഞെ

ട്ടിയുണർന്ന പൊട്ടിച്ചിരിക്കുന്ന സുരഭിലകുസുമങ്ങൾ എന്നും അവർക്ക് സ്വാഗതമരുളും. ആ മലർവാടിയുടെ മനോഹാരിതയിൽ അവർ അതിയായി ആനന്ദംകൊള്ളും. റോസും ബാൾസവും, ലില്ലിയും ഡെയിസിയും, ചെത്തിയും ചെമ്പരത്തിയും ഇടതൂർന്ന വളരുന്നതു് അവർ കൺകുളിർക്കെ കണ്ടുനില്ക്കും. അവതമ്മിൽ യാതൊരഴകുപിണക്കവുമില്ലല്ലോ എന്നവർ വിചാരിക്കും. "ഹാ, എന്തൊരു സൗഹാർദ്ദം!" വനാന്തരത്തിലേ വൻവൃക്ഷങ്ങളേയും പൂവാടിയിലേ മലർമൊട്ടുകളേയും ആകാശത്തിൽ പറക്കുന്ന പക്ഷിജാലങ്ങളേയും അരണ്യത്തിൽ വിഹരിക്കുന്ന ഹിംസ്രജന്തുക്കളേയും നാട്ടിൻപുറങ്ങളിൽ മേയുന്ന ആട്ടിൻപറ്റങ്ങളേയും സർവ്വോപരി ലോകമെങ്ങും നിവസിക്കുന്ന വിവിധജാതി മനുഷ്യവൃന്ദത്തേയും കരുണാപുരസ്സരം കാത്തു പരിപാലിക്കുന്ന ആ ദയാപരന്റെ കരങ്ങൾ തങ്ങളുടെ മുമ്പിൽ സദാ പൊങ്ങി നില്ക്കുന്നതു് ആ പിഞ്ചുകുഞ്ഞുങ്ങൾക്കു കാണാൻ കഴിഞ്ഞിരുന്നു. പ്രകൃതിയെപ്പറ്റിയുള്ള ചിന്ത പ്രകൃതിനാഥനിലേക്കു അവരുടെ മനസ്സിനെ ഉയർത്തും. ആ അനന്തശക്തിയുടെ കാരുണ്യാതിരേകത്തെ അവർ പ്രകീർത്തിക്കും. അവരുടെ മൂളിപ്പാട്ടുകൾക്കു താളം പിടിക്കും ആ തോട്ടത്തിലേ തരുലതകളെല്ലാംതന്നെ.

ഒരുദിവസം അവിചാരിതമായ ഒരു ചോദ്യം ജയിൻ മാർട്ടിനോടു്. അല്പസമയം അവനങ്ങു പകച്ചു നിന്നുപോയി. അവളുടെ സംശയം അർത്ഥശൂന്യമെങ്കിലും തീരെ അടിസ്ഥാനരഹിതമായിരുന്നില്ല: "വല്യച്ഛന്റെ വീട്ടിൽ എന്നും ഇങ്ങനെ സുഖമായി താമസി

ക്കാൻ സാധിക്കുമോ? അമ്മ ലീമായിലുമാണല്ലോ താമസം." അവളുടെ സംശയത്തിനു ശക്തിക്കുട്ടുവാൻ ഒരു യുക്തി മാർട്ടിനും ഉന്നയിക്കുവാനുണ്ട്. അപ്പച്ചനൊരു സ്ഥലംമാറ്റമുണ്ടായാൽ ഇവിടെനിന്നു പോകേണ്ടിവരുകയില്ലേ?" അങ്ങനെ സംഭവിച്ചാലും മാർട്ടിനതിൽ കൂട്ടുതൽ സന്തോഷമേയുള്ളൂ. അമ്മയെക്കാണുവാൻ അവന് അത്രയുണ്ടാഗ്രഹം.

ആ കൊച്ചുകുട്ടികളുടെ സംശയം എത്രവേഗം അനുഭവത്തിലായെന്നു നോക്കുക. അവർ വിചാരിച്ചതുപോലെതന്നെ ജൂവാനു പെട്ടെന്നു സ്ഥലംമാറ്റമുണ്ടായി. പെനാമയിലേ ഗവർണ്ണരായിട്ട് അദ്ദേഹം ഉയർത്തപ്പെട്ടു. ഉന്നതമായ ആ സ്ഥാനം ലഭിച്ചതിൽ ജൂവാനുണ്ടായ സന്തോഷം സീമാതീതമായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ മുഖത്ത് ഒരു നേരിയ വിഷാദം ആ കുഞ്ഞുങ്ങൾക്കെങ്കിലും കാണാൻ കഴിഞ്ഞിരുന്നീരിക്കണം. പ്രിയ കുഞ്ഞുങ്ങളേയും ആ പ്രേമമന്ദിരത്തേയും വിട്ട്, വിദൂരമായ ഒരു സ്ഥലത്തേക്കു പെട്ടെന്നു പോകേണ്ടിവന്നപ്പോൾ ആ വീരയോദ്ധാവിന്റെ ഹൃദയം ചലിച്ചെങ്കിൽ അതിലത്ഭുതപ്പെടാനില്ല. എന്നാൽ, അവരെക്കൂടെ അദ്ദേഹത്തിനു കൊണ്ടുപോകുവതോ? അതസാധ്യമായിരുന്നിരിക്കണം. വിദൂരമായ ഒരു സ്ഥലത്ത്, അപരിചിതരുടെ ഇടയിൽ, ജോലിത്തിരക്കുകളുടെമദ്ധ്യേ കുഞ്ഞുങ്ങളുടെ കാര്യം ശ്രദ്ധിക്കുവാൻ പ്രയാസമില്ലേ? ഏതായാലും അവരുടെ ഭാവി അന്യഥാ അദ്ദേഹം നിർണ്ണയിച്ചുകഴിഞ്ഞു. ഭാര്യയോട്ട യാത്രപറയുവാൻ പോകുമ്പോൾ മാർട്ടിനെ അവളോടൊന്നിച്ചാക്കണം. അമ്മ

യ്യൊരു താങ്ങും തണലുമായി അവൻ ഏതെങ്കിലും ഇഷ്ടമുള്ള തൊഴിൽ അഭ്യസിച്ചു് ലീമായിൽ ജീവിക്കട്ടെ. ജയിനിനെ സംബന്ധിച്ചിടത്തോളം വേറെ ചില പ്രായോഗികവശങ്ങളാണു് അദ്ദേഹം ആലോചിച്ചു തീർച്ചപ്പെടുത്തിയതു്.

തനിക്കു ലഭിച്ച പുതിയ ഉദ്യോഗത്തേയും സ്ഥലം വിടേണ്ടി വന്നതിനേയും കുറിച്ചു ജൂവാൻ മക്കളോടു പറഞ്ഞു. അവരുടെ ഭാവിയെപ്പറ്റിയുള്ള തീരുമാനവും അദ്ദേഹം അവർക്കു വെളിപ്പെടുത്തിക്കൊടുത്തു. ജയിൻ ഒരു സ്ത്രീയാകുന്നതുവരെ—വിവാഹപ്രായംവരെ—അവിടെത്തന്നെ താമസിക്കണം. മാർട്ടിൻ ലീമായിൽ ഏതെങ്കിലും ജോലി പരിശീലിച്ചു് അമ്മയോടുകൂടി പാർക്കണം. ഇരുവർക്കും ഇഷ്ടപ്പെട്ട തീരുമാനമായിരുന്നു അതു്.

"മകനേ, മാർട്ടിൻ, നിനക്കെന്തു തൊഴിലാണിഷ്ടം?" അച്ഛൻ അവന്റെ അഭിപ്രായം ആരാഞ്ഞു. അവനധികം ആലോചിക്കേണ്ടിവന്നില്ല അതിനുത്തരം നല്കുവാൻ. "എനിക്കൊരു വൈദ്യനാകണം അപ്പച്ചാ, നല്ല വൈദ്യൻ." അതൊരു വ്യർത്ഥഭാഷണമായിരുന്നില്ല. അവന്റെ ഏകാഗ്രഹം—അതിന്റെ നൂറുശതമാനവും ആ വാക്കുകളിൽ വന്നു നില്ക്കുന്നു. അക്കാലത്തു് അവിടെയുണ്ടായിരുന്ന വൈദ്യന്മാരിലധികപങ്കും പൂഷണത്തിനായി മാത്രം തൊഴിലിനെ ഉപയോഗപ്പെടുത്തിക്കൊണ്ടു പരോപദ്രവികളായി വർത്തിച്ചിരുന്നു. മനഃപൂർവ്വമല്ലെങ്കിലും വൈദ്യശാസ്ത്രത്തെ വ്യഭിചരിപ്പിക്കുകയാണു് അവർ ചെയ്തിരുന്നതു്. ഉപകാരത്തിനു പകരം ഉപദ്രവം

വരുത്തിക്കൊണ്ടിരുന്ന ആ മുറിവൈദ്യന്മാരുടെ ദുഷ്ടത യ്ക്കുള്ള പരിഹാരമാണു മാർട്ടിന്റെ ആ ആഗ്രഹം. ക്രൂ ടതൽ ഔന്നത്യവും ശ്രേയസ്സും പ്രാപിക്കുവാനുള്ള ഒരു തൊഴിൽ അവനഭിലഷിക്കാമായിരുന്നു. എന്നാൽ, അ തല്ല അവന്റെ ആഗ്രഹം. ദൈവത്തെപ്രതി സഹോദ രരെ സ്നേഹിക്കുകയും അവർക്കായി തന്റെ ജീവിതം അർപ്പിക്കുകയും ചെയ്യണം. അതായിരുന്നു അവന്റെ ജീവിതലക്ഷ്യം.

മാർട്ടിന്റെ ആഗ്രഹത്തിൽ ജൂവാൻ തൃപ്തി പ്രകടിപ്പിച്ചു. അവന്റെ ഉദ്ദേശ്യശുദ്ധി അയാളെ ആകഷ്ടിക്കുകതന്നെ ചെയ്തു. അതിന്റെ സാദ്ധ്യതയ്ക്കുള്ള മാർഗ്ഗങ്ങളും ഉടനേതന്നെ അയാൾ നിർദ്ദേശിച്ചുകൊടുത്തു. മാർട്ടിനെ പഠിപ്പിക്കുന്നതിനു പര്യാപ്തനായ ഒരാൾ ലീമായിൽത്തന്നെയുണ്ടു്—ഡാക്ടർ മർസെല്ലോ ഒറിവേരോ. അദ്ദേഹമാണു മാർട്ടിന്റെ ഭാവിയെ പാവുപാകി പടത്തിവിട്ടതു്.

പിന്നീടധികദിവസങ്ങൾ കഴിഞ്ഞില്ല, മാർട്ടിൻ സ്വദേശമായ ലീമായിൽ തിരിച്ചെത്തി. ഇതിനകം അന്ന തന്റെ ചെറിയ വീടുപേക്ഷിച്ചു് ഡോണഫ്റാൻസിസ്കാ എന്ന ഒരു സ്ത്രീയോടുകൂടി താമസമാക്കിയിരുന്നു. അന്നയുടെ ഉറ്റ സഖിയായിരുന്ന അവൾ. സാൻലാസറോ എന്ന ദൈവാലയത്തോടു സമീപിച്ചായിരുന്ന അവളുടെ വീടു്. അവിടെ മാർട്ടിനു ഹൃദയംഗമമായ ഒരു സ്വാഗതമാണു ലഭിച്ചതു്.

"ആരു്, എന്റെ മാർട്ടിനോ ഇതു്! അമ്പടാ, നീ ഇത്രയ്ക്കു വളർന്നുപോയോ!" അന്നയുടെ ആഹ്ലാദത്തിനു്

അതിരില്ലായിരുന്നു. പഴയകൂസ്തിക്കുട്ടനെ കോരിയെടുത്തു ക്രൂരോടെ ഉമ്മവയ്ക്കുവാൻ ഇറങ്ങിച്ചെന്ന അന്നാ ശങ്കിച്ചു നിന്നുപോയി. അവന്റെ പൊക്കം അവളോടൊപ്പം. കാഴ്ചയ്ക്കും പണ്ടത്തേ മട്ടൊന്നുമല്ല—ഒരു യുവകോമളൻ. "ഓ, നിനക്കിവനിൽ അഭിമാനംകൊള്ളാം." അന്നായുടെ അയൽക്കാരി ആവശ്യപ്പെടാതെതന്നെ അഭിപ്രായപ്പെട്ടു. അതു നേരല്ലേ? അവൻ പല രാജ്യങ്ങളും ഇതിനകം സന്ദർശിച്ചു പലപല കാര്യങ്ങളും കണ്ടും കേട്ടും അറിവും പരിചയവും സമ്പാദിച്ചിരിക്കുന്നു. വിദ്യാഭ്യാസവും സംസ്കാരവും ആവശ്യത്തിനു ലഭിച്ചിട്ടുമുണ്ട്. പിന്നെ എന്താണു കുറവ്?

ഒരു വൈദ്യനാകുവാനുള്ള മാർട്ടിന്റെ നിശ്ചയം അവളെ കൂടുതൽ സന്തോഷിപ്പിച്ചു.

"അമ്മയ്ക്കുവേണ്ടി എന്തെങ്കിലും സമ്പാദിക്കുവാൻ കഴിയുമെന്നോർക്കുമ്പോൾ എനിക്കതിയായ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്." എങ്ങനെയും അമ്മയ്ക്ക് ഉപകാരപ്രദനായിത്തീരണമെന്നേ അവനുദ്ദേശിക്കുന്നുള്ളൂ. അതു തള്ളയുടെ കണ്ണുകളിൽനിന്ന് അശ്രുകണങ്ങൾ അടർന്നുവീണു. അവനെ മാറോടു ചേർത്താശ്ലേഷിച്ചുകൊണ്ട് അവൾ പറഞ്ഞു: "കർത്താവു നിന്നെ അനുഗ്രഹിക്കും. പുതിയ ജോലിയിൽ ദൈവം നിന്നെ സഹായിക്കട്ടെ!"

കാലങ്ങൾ കടന്നുപോകുന്നതോടൊപ്പം മാർട്ടിന്റെ ജീവിതപരിപാടികളും മാറിക്കൊണ്ടിരുന്നു. ഡോക്ടർ ദേ റിവേരോയുടെ കീഴിൽ അഭ്യസനം ആരംഭിച്ചതോടെ അമ്മയിൽനിന്നു മാറി 'വെള്ളരപ്പൂ' എ

ന്ന സ്ത്രീയുടെ വീട്ടിൽ അവൻ താമസമാക്കി. ദൈനംദിനം ചികിത്സാവിദ്യയിൽ നൈപുണ്യം നേടിക്കൊണ്ടിരുന്ന മാർട്ടിൻ കാലവിളംബമെന്നിയേ ഡോക്ടരുടെ സഹായകനായി നിയമിക്കപ്പെട്ടു.

ആ വൈദ്യശാലയിൽ രോഗികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നു; ഒപ്പം മരുന്നുകളും. മച്ചററം ഉയർന്ന അലമാരികൾ മരുന്നുപ്പികൾകൊണ്ടു നിറഞ്ഞു. പലതരത്തിലും നിറത്തിലുമുള്ള മരുന്നുകൾ—എല്ലാം ചെടികളിൽനിന്നും പുല്ലുകളിൽനിന്നും തയ്യാറാക്കപ്പെട്ടവ. കൂടാതെ വിവിധതരം പൊടികളും ഗുളികകളും. ചുരുക്കത്തിൽ ഏതു രോഗത്തിനുമുള്ള ഔഷധങ്ങൾ അവിടെയുണ്ട്. മാർട്ടിൻ അവയുടെ എല്ലാം സ്വഭാവവും ഉപയോഗവും ഏറെറം തിട്ടമായിത്തന്നെ ഹൃദിസ്ഥമാക്കിക്കഴിഞ്ഞു. അവനെപ്പററിയുള്ള ആ ഡോക്ടരുടെ അഭിപ്രായം പ്രശംസാർഹമേണ പലപ്പോഴും പുറത്തുവരാറുണ്ട്. ഇഷ്ടന്മാരോടദ്ദേഹം അവനെക്കുറിച്ചെന്നും പറയും: "ഏതു രോഗത്തിനും പററിയ ചികിത്സ വിധിക്കുവാൻ മാർട്ടിനുള്ള കഴിവു വിസ്മയനീയമാണ്. അവന്റെ ഓർമ്മശക്തി അനിതരസാധാരണവും. ഏതു പഴകിയ രോഗവും, എത്ര കുഴഞ്ഞ ഭീനവും സൂക്ഷ്മമായി മനസ്സിലാക്കി ശരിയായ ചികിത്സ നിശ്ചയിക്കുവാൻ അവനുള്ള പ്രാഗ്യോഗികജ്ഞാനം അത്ഭുതാവഹമെന്നേ പറയേണ്ടൂ."

അന്നൊരിക്കൽ മാർട്ടിൻ മാത്രമേയുണ്ടായിരുന്നുള്ളൂ ആ വൈദ്യശാലയിൽ. ഡോക്ടർ ദൂരെഎങ്ങോ ഒ

ഒരു രോഗിയെ സന്ദർശിക്കുവാൻ പോയിരുന്നു. പതിവു പോലെ അന്നും മാർട്ടിനു വളരെയധികം ജോലികൾ ചെയ്തുതീർക്കുവാനുണ്ടായിരുന്നു. ഉത്സാഹപൂർവ്വം അവൻ ജോലി ആരംഭിച്ചു. അധികം കഴിഞ്ഞില്ല, ഭയനീയമായ ഒരു രോദനം അവന്റെ ചെവികളിൽ വന്നലച്ചു. ഒരു അടികലശലിൽ അതിദാരുണമായി മുറിവേറ്റ ഒരു ഇൻഡ്യാക്കാരന്റെ രോദനമായിരുന്നു അതു്. താമസംവിനാ ക്ഷതമേറ്റവനെ ചിലർക്രൂടി വൈദ്യശാലയിലേക്കു വഹിച്ചുകൊണ്ടുവരുന്നതു് അവൻ കണ്ടു. അയാളുടെ കണ്ണിനു മുകളിലുണ്ടായ ഭയങ്കരമുറിവിൽനിന്നു രക്തം ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നു.

ഡോക്ടറെ വേഗം വിവരമറിയിക്കുവാൻ ഒരാൾ മുമ്പേ ഓടിവരികയാണു്. "ഡോക്ടർ, ഡോക്ടർ, ഈ ആളിപ്പോൾ മരിക്കും. വേഗം നോക്കണേ" ആരോടുമല്ലാതെ അവൻ വിളിച്ചു പറഞ്ഞു. വൈദ്യശാലയുടെ മുമ്പിൽനിന്നുകൊണ്ടു്, "ഡോക്ടർ ഇവിടെയില്ല; എങ്കിലും പേടിക്കണ്ടാ; ഞാൻ വേണ്ടതു ചെയ്യാം" എന്നു മാർട്ടിൻ പറഞ്ഞു. വന്നയാൾ അലക്ഷ്യമായി അവനെയൊന്നു നോക്കിയിട്ടു് അല്പം ഗൗരവപൂർവ്വം പറഞ്ഞു: "വിളച്ചിൽ പറയുന്നതിനുള്ള സമയമല്ല ഇതു്. ഡോക്ടർ ഇവിടെയില്ലെങ്കിൽ വേറെ എവിടെയാണു് അടുത്തു ഡോക്ടർ ഉള്ളതെന്നു വേഗം പറയണം." മാർട്ടിൻ ശാന്തമായി പറഞ്ഞു: "വേറെ ഒരാളുടെ അടുക്കൽ പോകുവാൻ ഇനി സമയമില്ല. മുറിവു് അല്പം കടന്നതാണു്. വേഗം ഇങ്ങോട്ടുതന്നെ അയാളെ കയറ്റിക്കിടത്തു."

"ഹേ, ഡോക്ടർ ഇല്ലാതെ എന്തിനു് അങ്ങോട്ടു കയറുന്നു. നീ ഒരു ബാലൻ. ജീവിതമരണങ്ങളുടെ മദ്ധ്യേ മയങ്ങിക്കിടക്കുന്ന ഈ സാധുവിനെ കൊല്ലുവാൻ നിനക്കു് എന്താധൃതിയോ? മാർട്ടിന്റെ ഗൗരവഭാവവും ആജ്ഞാശ്രുപേണയുള്ള സംസാരവും ആ നിസ്സഹായനെ അങ്ങോട്ടു കയറുവാൻ അവരെ പ്രേരിപ്പിച്ചു.

അയാളെ ഒരു കിടക്കയിൽ കിടത്തി മാർട്ടിൻ പ്രഥമശുശ്രൂഷകൾ ആരംഭിച്ചു. മുറിവുകൾ കഴുകുകയും മരുന്നുപുരട്ടി കെട്ടുകയും ചെയ്തു. അയാളുടെ വേദന ശമിച്ചു; കരച്ചിൽനിന്നു.

അനേകർ അവിടെ കൂടിയിരുന്നു. പന്ത്രണ്ടു വയസ്സു മാത്രം പ്രായമുള്ള ആ പയ്യന്റെ സാമർത്ഥ്യത്തിൽ അവരത്ഭുതം പൂണ്ടു. ആ ബാലനെക്കുറിച്ചറിയുവാൻ പലരും കൗതുകം പ്രദർശിപ്പിച്ചു. ഒരാൾ പറഞ്ഞു: "നിങ്ങളിതുവരെ കേട്ടിട്ടില്ലേ മാർട്ടിൻ ഡി പോറസ്സിനെക്കുറിച്ചു്? അതുതന്നെയാളിതു്. വൈദ്യന്മാർക്കു വിളക്കാണീ ചെറു ബാലൻ."

"ഇനിയും നിങ്ങൾക്കു പോകാം." അനുജ്ഞയും ഔഷധങ്ങളും കൊടുത്തു മാർട്ടിൻ അവരെ യാത്രയാക്കി. രണ്ടുപേർക്കൂടി മുറിവേറ്റവനെ സാവധാനം നടത്തിക്കൊണ്ടു പോയി. ചിലർ വഴിയിൽ കൂട്ടംകൂടി നിന്നു മാർട്ടിനെക്കുറിച്ചു സംസാരിച്ചുകൊണ്ടിരുന്നു.

"ആ ബാലൻ! അമ്പോ! കണ്ടില്ലേ അവന്റെ സാമർത്ഥ്യം? ആ ഡോക്ടർപോലും ഇത്ര മനസ്സാന്നിധ്യത്തോടേ ഇത്രപോലൊരു 'കേസ്' ഇത്ര വേഗം ശരിപ്പെടുത്തിയിട്ടില്ല."

"ഡോക്ടരുടെ പേരും പെരുമയുമെല്ലാം ഈ കൊച്ചൻ മൂലമാണെന്നുള്ളതിനു തക്കമില്ല."—രണ്ടാമതൊരാൾ അഭിപ്രായം പ്രകടിപ്പിച്ചു. "ആ പയ്യന്റെ സ്ഥാനത്തു മറെറാരുവനായിരുന്നെങ്കിൽ തീച്ചയായും ആ രക്തപ്രവാഹം കണ്ടു ബോധം കെട്ടുപോകുമായിരുന്നു. ഇതുപോലെ ആപത്തിൽ ക്രസൽകാണിക്കാത്ത മറെറാരുവനെ കാണുക സാധ്യമല്ല. ഇതിനെക്കാൾ പ്രയാസമേറിയ വിഷമസന്ധികൾ പോലും നിഷ്പ്രയാസം മാർട്ടിൻ തരണം ചെയ്യുന്നതു് എന്റെ കണ്ണുകൾതന്നെ കണ്ടിട്ടുള്ളതാണു്" എന്നു മറെറാരാൾ. ഇങ്ങനെ പോയി അവരുടെ പ്രശംസോക്തികൾ. മാർട്ടിനെ അഭിനന്ദിച്ചു് ഒരു വാക്കെങ്കിലും പറയാത്തതായി അവരിലൊരുത്തരുമുണ്ടായിരുന്നില്ല.

നാലാമധ്യായം

ക്രൂശിതന്റെ പിന്നാലെ

സാധുജനസേവനംവഴി ദൈവത്തെ അധികമധികം സ്നേഹിക്കുക—ഇതായിരുന്നു മാർട്ടിന്റെ ഏകാഭിലാഷം. പുതിയ ജോലി അതിനു പര്യാപ്തമായതിൽ അവൻ സന്തോഷിച്ചു. കിട്ടിയ അവസരം അവൻ പാഴാക്കിയില്ല. പരസ്നേഹപ്രവൃത്തികൾവഴി ദൈവസ്നേഹത്തിൽ അവൻ അനുദിനം ഉയർന്നുവന്നു. ദൈവഹിതം

നിർവഹിക്കുന്നതിനായി ഏതു ത്യാഗവും സഹിക്കുവാൻ അവൻ അതീവതൽപരനായിരുന്നു. തന്മൂലം, 'വെൻതു രാ ദേ ലൂനാ'യുടെ സ്നേഹാദരങ്ങൾക്കു മാർട്ടിൻ പാത്രമായി. അന്നുമുതൽ അവർക്ക് അവനിൽ പ്രീതി വളർന്നുവന്നു. പുതിയ ജോലിയും വെൻതുരായോടുകൂടിയുള്ള ജീവിതവും മാർട്ടിന് അത്യന്തം ആനന്ദപ്രദമായിത്തോന്നി.

അതിരാവിലേ ഉണർന്ന് പ്രഭാതപ്രാർത്ഥനയ്ക്കുശേഷം അടുത്തുള്ള 'സാൻ ലാസറോ' ദൈവാലയത്തിലേക്ക് അവൻ പോകും, ദിവ്യബലിയിൽ സംബന്ധിക്കുവാൻ. ദൈവാലയത്തിന്റെ ഒരു ഒഴിഞ്ഞ മൂലയിൽ മുഴങ്കാലുകുത്തി ഉന്നി അഞ്ജലിബദ്ധനായി നിന്നുകൊണ്ട് അവിടെ നടക്കുന്ന പരമരഹസ്യത്തിൽ അവൻ സംബന്ധിക്കും. ഗാഗുൽത്തായിലേ പരമബലിതന്നെയാണല്ലോ അൾത്താരയിലും സമർപ്പിക്കപ്പെടുന്നത്. ഗാഗുൽത്തായിൽ നടന്ന ഓരോ സംഭവത്തേയുംപറ്റി അവൻ ധ്യാനിക്കും. അവന്റെ ഹൃദയം വികാരതരളിതമാകും. സാവധാനം മാർട്ടിന്റെ അന്തരാത്മാവു മേഘപടലങ്ങളെ തുളച്ചു സ്വർഗ്ഗത്തിലേക്കു ഉയരും. ദിവ്യകാരുണ്യാനുഭവംവഴി ദിവ്യനാഥനിൽ അവൻ ലയിക്കും. അവന്റെ ഹൃദയം കൃതജ്ഞതാഭരിതമാകും. എത്രയെത്ര മണിക്കൂറുകൾ മാർട്ടിന്റെ ജീവിതത്തിൽ ധ്യാനനിർലീനമായി കഴിഞ്ഞിട്ടില്ല! ദിവസം മുഴുവൻ ദിവ്യനാഥനുമായി സൈ്വരസല്ലാപത്തിൽ ചെലവഴിക്കുവാൻ അവൻ ആഗ്രഹിച്ചിരുന്നു. പക്ഷേ, കൃത്യസമയത്തു ജോലിസ്ഥലത്തു് അവൻ എത്തേണ്ടിയിരുന്നു. തന്മൂലം, ആത്മീയമായി

ദിവ്യനാഥനുമായി സമ്പർക്കത്തിലേർപ്പെട്ടതുകൊണ്ടു തപ്തനാകാനേ അവനു കഴിഞ്ഞുള്ളൂ.

ദൈവാലയത്തിൽനിന്നു തിരിയെ പോരുമ്പോൾ ആദ്ധ്യാത്മികകാര്യങ്ങളായിരുന്നു അവന്റെ ചിന്താവിഷയം. വെള്ളക്കാർ നീഗ്രോജാതിക്കാരെ പുറംതള്ളപ്പെട്ടവരും മൃഗതുല്യരുമായിട്ടാണു കരുതിയിരുന്നതു്. ഇതിന്റെ ഗർഹണീയതയെപ്പറ്റി അവൻ അവഗാഢം ചിന്തിച്ചുവന്നു. അവനറിയാമായിരുന്ന വെള്ളക്കാക്കെന്നതുപോലെതന്നെ നീഗ്രോകൾക്കും അമർത്യമായ ഒരാത്മാവുണ്ടെന്നു്; ഇരുകൂട്ടരേയും ദൈവം തന്റെ ഏകസുതന്റെ തിരുരക്തത്താൽ രക്ഷിച്ചതാണെന്നു്. ഒരുകൂട്ടരുടെ ആത്മാവു വെളുത്തശരീരത്തിലെങ്കിൽ മറെറാരുകൂട്ടരുടേതു കറുത്തതിലാണെന്നു് ഒരു വ്യത്യാസം മാത്രം. പക്ഷേ, ശാരീരികവൈവിധ്യങ്ങൾ ആത്മാവിൽ യാതൊരു അപകർഷവും വരുത്തുകയില്ലെന്നു് അവൻ ഗ്രഹിച്ചിരുന്നു. ഒരുവന്റെ ജീവിതരീതിയെ ആശ്രയിച്ചുനില്ക്കും ആത്മാവിന്റെ അഴകും. സ്വർഗ്ഗത്തിൽ നിറമോ ധനമോ അല്ല, പ്രത്യുത സുകൃതധവളിമയായിരിക്കും പരിഗണനാർഹം. പുണ്യത്തിന്റെ ക്രൂതൽകുറവനുസരിച്ചായിരിക്കും സ്വർഗ്ഗത്തിൽ ലഭിക്കുന്ന സൗഭാഗ്യം. ഈലോകത്തിൽ ദൈവത്തെ വിശ്വസ്തതയോടേ സേവിച്ചു സ്നേഹിക്കുന്നവൻ സ്വർഗ്ഗത്തിൽ സമുന്നതമായി സമ്മാനിക്കപ്പെടുന്നു.

ദൈവപരിപാലന—അതിനെക്കുറിച്ചും മാർട്ടിൻ ചിന്തിച്ചിരുന്നു. ദൈവഹിതത്തോടുള്ള തന്റെ പരിപൂർണ്ണവിധേയത്വത്തെ അവൻ ക്രൂടെക്കൂടെ പ്രഖ്യാപനം

ചെയ്തിരുന്നു. മനുഷ്യരെ—വെള്ളക്കാരെന്നോ കറുമ്പന്മാരെന്നോ യാതൊരു വ്യത്യാസവും ക്രൂടാതെ സകലരേയും—ദൈവം തന്റെ പ്രതിരൂപത്തിലാണു സൃഷ്ടിച്ചിരിക്കുന്നതു്. തന്മൂലം ദൈവത്തെ സ്നേഹിക്കുന്നവർ അയൽക്കാരേയും സ്നേഹിച്ചേ കഴിയൂ.

ദൈവഹിതം അനുവർത്തിക്കുവാൻ അഭിലഷിക്കുന്നവർ പരസ്നേഹപ്രവൃത്തികളിൽ വ്യാപൃതരാകേണ്ടിയിരിക്കുന്നു എന്ന ഒരു നിഗമനത്തിൽ മാർട്ടിൻ എത്തിച്ചേർന്നു. അതുകൊണ്ടുതന്നെയാണു തന്റെ പുതിയജോലിയെ മാർട്ടിൻ അതിയായി ഇഷ്ടപ്പെട്ടതും.

"മറുള്ളവരെ ദൈവത്തെപ്രതി നിർവ്യാജമായി ഞാൻ സ്നേഹിക്കുന്നെങ്കിൽ, അവരുടെ ഭാഗധേയത്തെമാത്രം മുൻനിറുത്തി ഞാൻ പ്രവർത്തിക്കുന്നെങ്കിൽ, തീർച്ചയായും അതുവഴി ഞാൻ ദൈവേഷ്ടം നിറവേറുകയാണു ചെയ്യുന്നതു്. എനിക്കു് അവിടുന്നു് അസ്തിത്വം നല്കിയതിൽ ഞാൻ അത്യന്തം ആനന്ദിക്കുന്നു. ഈലോകത്തിൽ ജീവിക്കുന്നവരെല്ലാം ഇതേകാരണത്താൽത്തന്നെ സന്തുഷ്ടചിത്തരായിരിക്കേണ്ടതാണു്. ഈലോകത്തിൽ അവിടുത്തെ തിരുവുള്ളം നിറവേറ്റി പരലോകത്തിൽ അവിടുത്തോടുകൂടി നിത്യാനന്ദം അനുഭവിക്കുകയെന്ന പരമാന്ത്യം ആ പരമകാരുണികൻ നമുക്കു നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ, കഷ്ടം! എത്രയോപേർ ഇതിനെ അവഗണിച്ചു വിലപനീയമായ ജീവിതം നയിക്കുന്നു!" ഇപ്രകാരമൊരു ആത്മഗതത്തിലാണു മാർട്ടിന്റെ ആദ്ധ്യാത്മികചിന്ത പലപ്പോഴും ചെന്നുനില്ക്കാറുള്ളതു്.

പക്ഷേ, ഇവയൊന്നും മാർട്ടിന്റെ പുതിയ ജോലിക്ക വിഘ്നമായി നിന്നില്ല. പോരാ, തന്റെ ഓരോ പ്രവൃത്തിയും ഓരോ സ്നേഹസ്പന്ദനമായി ദിവ്യനാഥന് അവൻ കാഴ്ചവച്ചുകൊണ്ടിരുന്നു. ജീവിതത്തെ വിശുദ്ധീകരിക്കുവാൻ ഏറ്റവും ഉപകരിക്കുന്ന മാർഗ്ഗമാണല്ലോ ഇതു്. പ്രകൃത്യാ ഗുണകരമോ ദോഷകരമോ അല്ലാത്ത പ്രവൃത്തികൾ അവ ചെയ്യുന്ന ആളിന്റെ ഉദ്ദേശ്യത്തിനൊത്തു ഉത്തമങ്ങളോ അധമങ്ങളോ ആയിത്തീരുന്നു. മാർട്ടിൻ ഇതു നല്ലവണ്ണം ഗ്രഹിച്ചിരുന്നതുകൊണ്ടാണു നിയോഗവിശുദ്ധിവഴി തന്റെ ഓരോ ചലനവും വിശുദ്ധീകരിക്കുവാൻ കഴിഞ്ഞതു്. ലോകം ഉദ്ദേശ്യശുദ്ധിയുടെ മഹനീയത വേണ്ടവിധം ഗ്രഹിച്ചിരുന്നെങ്കിൽ!

വെൻതുരായിൽ ഒരു വത്സലമാതാവിനെയാണു മാർട്ടിൻ ദർശിച്ചതു്. പക്ഷേ, വളരെ കുറച്ചുസമയം മാത്രമേ അവളോടുകൂടി അവൻ ചെലവഴിച്ചിരുന്നുള്ളൂ. രാവിലേമുതൽ രാത്രി വളരെ വൈകുന്നതുവരെ അവനു് ഡോക്ടർ റിവേരോയെ സഹായിക്കേണ്ടിയിരുന്നു. പ്രതിദിനഭക്തികൃത്യങ്ങൾക്കും വിശ്രമത്തിനും പിന്നെ കഷ്ടിച്ചേ സമയമുണ്ടായിരുന്നുള്ളൂ. ജോലിസ്ഥലത്തുനിന്നു മടങ്ങിയാൽ തന്റെ ചെറിയ മുറിയിൽത്തന്നെ കഴിച്ചുകൂട്ടുകയായിരുന്നു അവന്റെ പതിവു്. അന്യരുടെ കീഴിൽ ജോലി നോക്കുന്ന അവനു സ്വന്തമായൊരു മുറി കിട്ടിയതു വളരെ സൗകര്യപ്രദമാണെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ വെൻതുരാ അവനു് വിളക്കുകളൊന്നും കൊടുത്തിട്ടില്ലായിരുന്നു. തന്മൂലം രാത്രി ജോലിസ്ഥ

സ്ഥലത്തുനിന്നു വരുമ്പോൾ കിടക്കപോലും കണ്ടെത്തുവാൻ മാർട്ടിൻ വളരെ പ്രയാസപ്പെടേണ്ടി വന്നിട്ടുണ്ട്. ഇപ്രകാരം ദീവസങ്ങൾ പലതു കഴിഞ്ഞിട്ടും അവൻ അതിൽ യാതൊരഭ്യുപ്തിയും കാണിച്ചില്ലെന്നോർക്കുമ്പോൾ അവന്റെ ആത്മസംയമനശക്തി എത്ര വലുതായിരുന്നെന്നു ഗ്രഹിക്കാം.

ചികിത്സാവിധിയിൽ എത്രമാത്രം പരിജ്ഞാനം കരസ്ഥമാക്കുന്നുവോ അത്രമാത്രം പരോപകാരപ്രവൃത്തികൾ ചെയ്യുവാൻ തനിക്കു കഴിയുമെന്നു മാർട്ടിൻ അറിഞ്ഞിരുന്നു. അതിനുള്ള ഒരു മാർഗ്ഗം ഗ്രന്ഥപാരായണമാണല്ലോ. പകൽസമയം മുഴുവനും ജോലി ചെയ്യേണ്ടിയിരുന്നതിനാൽ അപ്പോൾ പുസ്തകം വായിക്കുവാൻ അവനു സമയം ലഭിച്ചിരുന്നില്ല. തന്മൂലം ഉറക്കത്തിനുള്ള സമയം കുറച്ചുകൊണ്ട് ഇതിനൊരു പരിഹാരമാർഗ്ഗം അവൻ കണ്ടെത്തി. പക്ഷേ, വെളിച്ചമില്ലാതെ എന്തു ചെയ്യും? വെൻതുരായോട് ചോദിക്കാൻതന്നെ അവൻ ഉറച്ചു.

"ഉപയോഗിച്ചു തീരാറായ കുറച്ചു മെഴുകുതിരിക്ഷണങ്ങൾ എനിക്കു തരുമോ? വില തരാം."

ഇതുകേട്ടു വെൻതുരായ്ക്കു വിസ്മയം തോന്നി. മാർട്ടിൻ ഇതിനുമുമ്പു യാതൊന്നും അവളോട് ആവശ്യപ്പെട്ടിട്ടില്ലായിരുന്നു. യാതൊന്നിലും അഭ്യുപ്തി കാണിച്ചിട്ടുമില്ല.

"തീർച്ചയായും. മാർട്ടിന് ആവശ്യമുള്ള തിരി മുഴുവനും ഞാൻ തരാമല്ലോ. ഒരു പെട്ടി നിറയെ മെഴുകു

തിരി ഇരിപ്പുണ്ട്. ആവശ്യംപോലെ എടുത്തുകൊള്ളുക. വിലയൊന്നും വേണ്ടാ."

മാർട്ടിന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. അവന്റെ ഹൃദയം കൃതജ്ഞതാനിർഭരമായി. അത് ഒന്നരണ്ടു വാക്കുകളിൽ അവൻ പ്രകാശിപ്പിക്കുകയും ചെയ്തു. അന്നു ക്രൂതൽ സന്തോഷത്തോടുകൂടിയാണു മാർട്ടിൻ വൈദ്യശാലയിൽനിന്നു തിരിച്ചുവന്നതു്. തിരികത്തിച്ചു മുറിമുഴുവനും അവനൊന്നു പരിശോധിച്ചു. അതിൽ താമസം തുടങ്ങിയിട്ടു് ആഴ്ചകൾതന്നെ പലതു കഴിഞ്ഞെങ്കിലും അന്നാട്ടുമായിട്ടാണു മുറിമുഴുവനും അവൻ വ്യക്തമായിക്കണ്ടതു്. സാധാരണ രീതിയിലുള്ള ഒരു ചെറിയ മുറി. അടുത്തുള്ള തോട്ടത്തിലേക്കഭിമുഖമായി അതിനൊരു ചെറിയ ജനാല, ജനാലയോടടുത്തു അവന്റെ കിടക്ക, വേറൊരിടത്തു മേശയും കസേരയും, മേശമേൽ ചില പുസ്തകങ്ങൾ, മുറിയുടെ ഒരു മൂലയിലായി ഒരു മരപ്പെട്ടി—ഇവയായിരുന്നു അതിലേ സാമഗ്രികൾ. ഗ്രയാക്കിലുള്ള തന്റെ മാതുലന്റെ വീടിനോടു തട്ടിച്ചു നോക്കുമ്പോൾ എന്തൊരന്തരം! അതൊരു അരമനയെങ്കിൽ ഇതൊരു ചെറു കുടിലായി മാത്രമേ അവനു തോന്നിയുള്ളൂ. എങ്കിലും മാർട്ടിൻ ഇവിടമാണു ക്രൂതൽ ഇഷ്ടപ്പെട്ടതു്.

"ഇവിടെ ആയിരിക്കുക എത്രയോ ആനന്ദപ്രദമാണു!" മാർട്ടിൻ ആത്മഗതം ചെയ്തു. ഏകാന്തതയിൽ ഹൃദയനാഥനുമായി സല്ലപിക്കാമെന്നുള്ള വിചാരമായിരിക്കാം ആ ആനന്ദത്തിനു കാരണം.

മാർട്ടിൻ കസേരയിൽ ഇരുന്നുകൊണ്ടു് എതിർവ

ശത്തുള്ള ഭിത്തിമേൽ സൂക്ഷിച്ചുനോക്കി. അവിടെ കിടക്കയുടെ മുകളിലായി ഒരു ക്രൂശിതരൂപം ഉണ്ടായിരുന്നു. തിരിയുടെ ചഞ്ചലമായ ജ്വാല ആ രൂപത്തിനു പല നിഴലുകൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. അതിനു ജീവനുള്ളതായി അവനു തോന്നി. കണ്ണുപറിക്കാതെ അവൻ വളരെ നേരം ക്രൂശിതനെ നോക്കിനിന്നു. വിവിധ ചിന്തകൾ അവന്റെ ഹൃദയത്തിലൂടെ കടന്നുപോയി. ഒരു ചെറുകാറ്റു തോട്ടത്തിലേ വൃക്ഷങ്ങളിൽ മർമ്മരശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു. തെരുവിലേ യാത്രക്കാരോ, കടകടാശബ്ദം പുറപ്പെടുവിച്ചുകൊണ്ട് അതിലേ കടന്നുപൊയ്ക്കൊണ്ടിരുന്ന വാഹനങ്ങളോ അവന്റെ ശ്രദ്ധയെ ആകർഷിച്ചില്ല. അവൻ ആ ക്രൂശിതനെപ്പറ്റി ചിന്തിക്കയായിരുന്നു. കാലിത്തൊഴുത്തിലേ ജനനം, നസ്രസ്സിൽ ആശാരിപ്പുരയിലേ ജീവിതം, ഗലിലേയായിലേ സുദീർഘയാത്രകൾ, യഹൂദപ്പരിഷകളിൽനിന്നു ലഭിച്ച അവഹേളനങ്ങൾ, ക്രൂശിലേ നിന്ദ്യമായ മരണം!—എല്ലാം ഒരു ചലച്ചിത്രത്തിലെന്നപോലെ അവന്റെ മനോമുകുരത്തിൽ പ്രതിബിംബിച്ചു.

"എന്തിനായിരുന്നു നാഥാ, ഇതെല്ലാം? ആർക്കുവേണ്ടി അവിടുന്ന് ഇത്രയേറെ സഹിച്ചു? കൃതഘ്നരായ മനുഷ്യരെ രക്ഷിക്കുന്നതിനായിട്ടോ? അഹോ, അവിടുത്തെ സ്നേഹം!" വിസ്മയവും അനുകമ്പയും കലർന്ന ഒന്നുരണ്ടു വാക്കുകൾ അറിയാതെതന്നെ അവന്റെ അധരങ്ങളിൽനിന്നും അടർന്നുവീണു. ഒരു നിമിഷത്തിനുള്ളിൽ മാർട്ടിൻ മുട്ടിന്മേൽ വീണു, മുഖം കൈകൾകൊണ്ടു മറച്ചു. എന്തു്, മാർട്ടിൻ കരയുകയാണോ? അവിടുത്തെ ദ

രിദ്രമായ ജനനത്തിന്റേയും വിനീതമായ ജീവിതത്തിന്റേയും നിഷ്ഠുരമായ മരണത്തിന്റേയും എല്ലാം ഉദ്ദേശ്യം മാർട്ടിന് അറിയാമായിരുന്നു. അതേ, നാരകീയ ശത്രുക്കൾക്ക് അടിമപ്പെട്ടിരുന്ന മനുഷ്യവർഗ്ഗത്തെ മുഴുവനും വീണ്ടെടുക്കുവാൻതന്നെ; വർഗ്ഗവ്യത്യാസമോ ജാതിഭേദമോ ക്രൂരതെ, ഏവരേയും നന്മയുടെ വിളനിലമായ സ്വർഗ്ഗരാജ്യത്തിലേക്ക് ആനയിക്കുവാൻതന്നെ.

ദൈവത്തിന്റെ അപരിമേയമായ സ്നേഹം, അവിടുത്തേ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന കോടാനുകോടി മനുഷ്യർ, അവർക്കായി ഒരുക്കപ്പെട്ടിരിക്കുന്ന നിത്യസമ്മാനം, ആദത്തിന്റെ അനുസരണക്കേടുവഴി മനുഷ്യർക്കെതിരായി എന്നെന്നേക്കുമായി അടയ്ക്കപ്പെട്ടിരുന്ന സ്വർഗ്ഗവാതിൽ തുറന്നു കൊടുത്തതിലുള്ള അവിടുത്തേ അനന്തകാരുണ്യം—ഇവയെപ്പറ്റി ചിന്തിച്ചപ്പോൾ മാർട്ടിന്റെ ഹൃദയം തുടിച്ചു; കൃതജ്ഞതാപ്രകടനത്തിനായി അവൻ വെമ്പൽകൊണ്ടു.

"നാഥാ, സ്വർഗ്ഗരാജ്യത്തിന് എന്നേയും അവകാശിയാക്കിയതിൽ അവിടുത്തോട് ഞാൻ എങ്ങനെ നന്ദി പറയേണ്ടൂ? അവിടുന്നു ചെയ്തിട്ടുള്ള സകല നന്മകൾക്കുമായി ഞാൻ എന്തു പ്രത്യുപകാരം ചെയ്യും?" ഈ ചെറിയ വാക്കുകളിൽ അവൻ പരമനാഥനു നന്ദി പ്രകടിപ്പിച്ചു.

മാസങ്ങൾതന്നെ പലതു കടന്നുപോയീ. മാർട്ടിന്റെ ജോലിത്തിരക്കു വർദ്ധിച്ചുകൊണ്ടുതന്നെയിരുന്നു. എന്നാൽ ഇതിൽ അവനു് ആവലാതിയില്ല. പോരാ, ജോലികൾ വർദ്ധിക്കുന്തോറും അവന്റെ ആനന്ദവും

വർദ്ധിക്കുകയാണുണ്ടായതു്. മറ്റുള്ളവർക്കു് ഉപകാരം ചെയ്യാൻ സാധിക്കുന്നതിൽ അവൻ ചാരിതാർത്ഥ്യമടഞ്ഞിരുന്നു. ദൈവത്തിന്റെ അനന്തസ്നേഹത്തെപ്പറ്റിയുള്ള വിചാരം അവനെ ക്രമേണ്ണ വികാരാധീനനാക്കിക്കൊണ്ടിരുന്നു.

"ഇതിലും മഹനീയമായ ഒരു ജോലിയിൽ ഞാൻ ഏർപ്പെടേണ്ടിയിരിക്കുന്നു. ദൈവം മനുഷ്യവർഗ്ഗത്തിനു് എന്തെല്ലാം വലിയ കാര്യങ്ങളാണു് ചെയ്തിരിക്കുന്നതു്! എന്നാൽ മനുഷ്യർ ഇതെപ്പറ്റി ചിന്തിക്കുന്നുണ്ടോ? കഷ്ടം! അവിടുത്തെ അനന്തസ്നേഹത്തെപ്പറ്റി എന്റെ സഹോദരരോടു ഞാൻ പറയും. അതിനായി എന്റെ ജീവിതശിഷ്ടം ഞാൻ വിനിയോഗിക്കും." മാർട്ടിൻ നിശ്ചയിച്ചു കഴിഞ്ഞു. പക്ഷേ, അതിനുള്ള മാർഗ്ഗം അവൻ കണ്ടെത്തിയില്ല. ദൈവത്തിൽത്തന്നെ അവൻ പരിപൂർണ്ണമായി ആശ്രയിച്ചു. "നാഥാ, അവിടുന്നുതന്നെ എന്നെ നയിക്കേണമേ! അങ്ങയോടു കൂടുതൽക്കൂടുതൽ അടുത്തു് അവിടുത്തെ അധികമധികം സ്നേഹിക്കുവാനും സേവിക്കുവാനും എന്നെ പഠിപ്പിക്കേണമേ!" അവന്റെ ചിന്താശകലങ്ങളും ഒരു പ്രാർത്ഥനയായി രൂപം പൂണ്ടു.

അധികനാൾ കഴിയുന്നതിനുമുമ്പു്, വെൻതുരാക്കു് മാർട്ടിന്റെ ആരോഗ്യം ആശങ്കാജനകമായിത്തോന്നി. രാത്രി വളരെ കഴിയുന്നതുവരെ അവന്റെ മുറിയിൽ വെളിച്ചം അവൾ കണ്ടിരുന്നു. "ഇത്രവളരെനേരം വായിക്കുവാൻ അവനെ അനുവദിച്ചുകൂടാ. പ്രഭാതംതൊട്ടു പ്രദോഷംവരെ കഠിനാധ്വാനം ചെയ്യുന്ന ഒരുവനു വിശ്രമം ഒഴിച്ചുകൂടുവാൻ പാടില്ല." അവൾ നിശ്ചയി

ച്ചു. എന്നാൽ, മാർട്ടിൻ എന്നും ഇത്ര അധികനേരം ഉറക്കമിളച്ചിരിക്കയാണോ? എന്തിനുവേണ്ടിയാണ് അവൻ ഇത്രയേറെ തിരികം കത്തിച്ചു തീർക്കുന്നത്? വെൻത്തുരാക്ക് തീർച്ച പറയാൻ കഴിഞ്ഞില്ല. തന്മൂലം, എങ്ങനെയെങ്കിലും ഇതു മനസ്സിലാക്കണമെന്ന് അവൾ ഉറച്ചു. ഒരു ദിവസം അതിരാവിലേ ഉണർന്നയാതൊരു ശബ്ദവും പുറപ്പെടുവിക്കാതെ അവൾ മാർട്ടിന്റെ മുറിയിലേക്കു പോയി. വാതിലിലുള്ള ഒരു ചെറിയ ദ്വാരത്തിൽക്കൂടി പ്രകാശരശ്മികൾ അപ്പോഴും പുറത്തേക്കു വീശിക്കൊണ്ടിരുന്നു. എങ്ങും വലിയ ഒരു നിശ്ശബ്ദത. വെൻത്തുരാ താക്കോൽപ്പഴുതിലൂടെ മുറിയ്ക്കകത്തേക്ക് ഒളിഞ്ഞു നോക്കി. അത്ഭുതമേ, മാർട്ടിൻ വായിക്കുകയല്ല, ക്രൂശിതരൂപത്തിൻമുമ്പിൽ മുഴങ്കാലുകളൂന്നി കൈകൾ കൂപ്പി പ്രാർത്ഥിക്കുകയാണ്. അവന്റെ നയനങ്ങളിൽ നിന്ന് അശ്രുകണങ്ങൾ ധാരധാരയായി ഒഴുകിക്കൊണ്ടിരിക്കുന്നു. "എന്റെ ദൈവമേ, ഇതോ എന്റെ കുഞ്ഞു മാർട്ടിൻ ചെയ്യുന്നത്! പകൽമുഴുവൻ അദ്ധ്വാനം; രാത്രിമുഴുവനും പ്രാർത്ഥന!" അവളുടെ വിസ്മയത്തിനതിരില്ലായിരുന്നു.

മൂന്നുകൊല്ലക്കാലം മാർട്ടിൻ അവിടെ താമസിച്ചു. ഇക്കാലമെല്ലാം പ്രാർത്ഥനാവേളയിൽ വെൻത്തുരാ പലപ്പോഴും തന്നെ സൂക്ഷിച്ചിരുന്നുവെന്ന വസ്തുത അവൻ അറിഞ്ഞിരുന്നില്ല. ഓരോ ദിവസം കഴിയുന്തോറും ഭാവിയെപ്പറ്റി അവൻ കൂടുതൽക്കൂടുതൽ ചിന്തിക്കുവാൻ തുടങ്ങി. തന്റെ ജീവിതലക്ഷ്യത്തെ അവൻ കൺമുമ്പിൽ കണ്ടുകൊണ്ടിരുന്നു. പതിനഞ്ചു വയസ്സു തികഞ്ഞ

തോട്ടക്കൂടി ഡോ. റിവേരോയുടെ കീഴിലുള്ള ജോലി മാർട്ടിൻ ഉപേക്ഷിച്ചു. ലീമായിലുള്ള ഡോമിനിക്കൻ സന്ന്യാസാശ്രമത്തിൽ ചേരണം എന്നതായിരുന്നു അവന്റെ ആഗ്രഹം. ഒരു വൈദികനാകണമെന്നോ? അല്ല. അതിനു താൻ തീരെ അയോഗ്യനാണെന്നായിരുന്നു അവന്റെ വിചാരം. ഒരു തുണസ്സഹോദരനാകാൻപോലും തനിക്കു യോഗ്യതയില്ലെന്ന് ആ ഭക്താത്മാവു വിചാരിച്ചതിനാൽ ആശ്രമത്തിലേ ഒരു വേലക്കാരനാകുവാനാണ് അവൻ നിശ്ചയിച്ചതു്.

"നാഥാ, അങ്ങേ മുഴുവനും അവിടുന്നു് എനിക്കു നല്കിയല്ലോ. അതുപോലെ, എന്നെ മുഴുവനും അവിടുത്തേക്കു നല്കുവാൻ എനിക്കു സാധിച്ചിരുന്നെങ്കിൽ! രോഗികളെ ശുശ്രൂഷിച്ചും ദുഃഖിതരെ ആശ്വസിപ്പിച്ചുംകൊണ്ടു് അവിടുത്തെ കൂടുതൽ കൂടുതൽ മഹത്വപ്പെടുത്തുവാൻ എനിക്കു സാധിച്ചിരുന്നെങ്കിൽ ഹാ, ഞാനെത്ര ഭാഗ്യവാനാകുമായിരുന്നു! അവിടുത്തേ സ്നേഹാധിക്യത്തെ മനുഷ്യരെ ഗ്രഹിപ്പിക്കുന്നതിനുള്ള ശക്തി എനിക്കു നൽകേണമേ!" ഇതായിരുന്നു മാർട്ടിന്റെ ആഗ്രഹവും നിരന്തരപ്രാർത്ഥനയും.

മാർട്ടിൻ ജോലി രാജിവെച്ചുവെന്നും സന്ന്യാസസഭയിൽ ചേരാൻ പോകുന്നു എന്നുമുള്ള വാർത്ത നാടാകെപ്പരന്നു. കേട്ടവരെല്ലാം വിസ്മയിച്ചു. ഇത്ര സമർത്ഥനായ ഒരുവൻ സന്ന്യാസസഭാഭിത്തികൾക്കുള്ളിൽ എന്നെന്നേക്കുമായി മറയുകയോ? അതു സമുദായത്തോടു ചെയ്യുന്ന ഒരു കടുംകൈയായി ചിലർ വിധിയെഴുതി. മാർട്ടിനുമായി പരിചയമുണ്ടായിരുന്നവർ ഇതുകേട്ടു

അതിയായി ദുഃഖിച്ചു. ഡോ. റിവേരോയുടെ സങ്കടത്തിനു് അതിരില്ലായിരുന്നു.

"മാർട്ടിൻ, നീ മുന്നു കൊല്ലക്കാലം എന്നോടുകൂടി ജീവിച്ചു. എനിക്കു യാതൊന്നിലും ഇതുവരേയും നിന്നെ കുറ്റപ്പെടുത്തേണ്ടി വന്നിട്ടില്ല. എത്ര വൈഷമ്യമുള്ള പ്രശ്നങ്ങളും നിന്റെ സാന്നിദ്ധ്യത്തിൽ വളരെ നിസ്സാരമായിട്ടാണു് എനിക്കു തോന്നിയിട്ടുള്ളതു്. ഇനി ഞാൻ എന്തു ചെയ്യും? രോഗികളോടു ഞാൻ എന്തു പറയും?" ആ ധീരമാനസൻ ഒരു കുഞ്ഞിനെപ്പോലെ പൊട്ടിക്കരഞ്ഞു. മാർട്ടിൻ ഒന്നു പുഞ്ചിരിതൂകുകുമാത്രം ചെയ്തു. യാതൊന്നിനും അവനെ വ്യതിചലിപ്പിക്കാൻ കഴിഞ്ഞില്ല. അത്ര സുദൃഢമായിരുന്നു അവന്റെ നിശ്ചയം. അവൻ സകലതും ഉപേക്ഷിക്കുവാൻ ഉറച്ചുകഴിഞ്ഞു. കൃതജ്ഞതാപൂർവ്വേണ മാർട്ടിൻ ഡോക്ടരോടു പറഞ്ഞു: "അവിടുത്തേക്കു് എന്നെക്കാൾ മിടുക്കനായ ഒരാളെ സഹായത്തിനു ലഭിക്കാതിരിക്കയില്ല. അങ്ങേ എല്ലാ സഹായങ്ങൾക്കും സ്നേഹവാത്സല്യങ്ങൾക്കും ഹൃദയംഗമമായ നന്ദി. ചികിത്സാസംബന്ധമായി എന്തെങ്കിലും അറിവു് എനിക്കു ലഭിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം അവിടുന്നു മാത്രമാണു്. തന്നിമിത്തം അവിടുത്തോടു ഞാൻ വളരെ കടപ്പെട്ടിരിക്കുന്നു. എന്നാൽ, എന്റെ പ്രാണനാഥൻ ഹൃദയകവാടത്തിങ്കൽ മുട്ടി ഇതാ എന്നെ വിളിക്കുന്നു. അദ്ദേഹത്തെ ശ്രവിക്കാതിരിക്കുക എനിക്കു സാധ്യമല്ല. ഞാൻ പോകട്ടെ. അങ്ങയെ ഞാൻ എന്നെന്നും സ്മരിക്കുന്നതാണു്. വീണ്ടും വീണ്ടും അങ്ങേക്കു ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു."

അടുത്ത ഏതാനും ദിവസങ്ങൾ സംഭവബഹുലങ്ങളായിരുന്നു. സ്നേഹിതന്മാരോടും ബന്ധുക്കളോടും അവനു യാത്ര പറയണം. മാർട്ടിൻ അകലെയെങ്ങും പോകുന്നില്ല; ലീമാപട്ടണത്തിൽത്തന്നെയായിരിക്കും താമസം. പക്ഷേ, ആശ്രമത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ ബാഹ്യലോകവുമായി അവനു സമ്പർക്കമുണ്ടായിരിക്കയില്ല: ലോകത്തിനു് അവൻ അന്യനായി കഴിഞ്ഞുകൂടണം. അധികാരികളുടെ ഇഷ്ടമായിരിക്കണം അവന്റെയും ഇഷ്ടം. മാനസികാഗ്രഹങ്ങളും ശാരീരികചലനങ്ങളും സഭാനിയമത്തിനു് അധീനമാണു്. അവന്റെ വത്സലമാതാവു്, ദുഃഖകാംക്ഷിയായ ഡോക്ടർ റിവേരാ, പുത്രനിർവിശേഷം തന്നെ സ്നേഹിച്ചുവെൻതുരാ, പുണ്യപഥത്തിലൂടെ തന്നെ കൈപിടിച്ചു നടത്തിയ സാൻ ലാസറോയിലേ സന്ന്യാസികൾ—എല്ലാവരോടും അവൻ യാത്ര പറഞ്ഞു. മാതാവും പുത്രനുംതമ്മിലുള്ള ക്ലേശക്കാഴ്ച അത്യന്തം ഹൃദയസ്പൃക്കായിരുന്നു. അന്നയുടെ ഹൃദയം തകർന്നു. ഏകസുതന്റെ വിയോഗത്തെപ്പറ്റി സ്മരിച്ച മാത്രയിൽ ആ വത്സലമാതാവു് പൊട്ടിക്കരഞ്ഞുപോയി.

"മാർട്ടിൻ, എന്റെ ഓമനേ, ഞാൻ നിന്നെ എന്നെന്നേക്കുമായി കൈവിടണമെന്നോ? മാർട്ടിൻ, നീ മാത്രമല്ലയോ എനിക്കാലംബം? എന്നിട്ടും നീ എന്നെ വിട്ടുപിരിയുകയോ? അതും എന്നെന്നേക്കുമായി. ഹാ, ഒരു മാതാവിന്റെ ഹൃദയം എത്ര സ്നേഹസമ്പൂർണ്ണമാണെന്നു നീ അറിഞ്ഞിരുന്നുവെങ്കിൽ..... .....! എന്തു്, നീ ആശ്രമത്തിലേ വെറുമൊരു വേലക്കാരനാകയോ? ദൈവ

മേ, ഞാനീ കേൾക്കുന്നതെന്ത്? ഒരു വൈദികൻ, അഥവാ, ഒരു തുണസ്സഹോദരനെങ്കിലുമാകുവാൻ നീ ആഗ്രഹിക്കുന്നില്ലെന്നോ?"

മാർട്ടിൻ ഇതെല്ലാം മുൻകൂട്ടി കണ്ടതാണ്. മാതാവിനെപ്പോലെതന്നെ പിതാവും വിവരമറിയുമ്പോൾ ഹൃദയം നൊന്തു കരയുമെന്ന് അവനറിയാമായിരുന്നു. എങ്ങനെ കരയാതിരിക്കും? ഒരിക്കൽ അവൻ കണ്ണുനീരിനു കാരണക്കാരനായി എണ്ണപ്പെട്ടുവെന്നതു വാസ്തവംതന്നെ. എന്നാൽ ഇന്നു അവൻ പോറസ് കുടുംബത്തിന്റെ അഭിമാനപാത്രമാണ്. വെറുമൊരു സാധാരണനിലയല്ല മാർട്ടിൻ അവന് എഴുത്തും വായനയും നല്ലതുപോലറിയാം. ചികിത്സാവിഷയത്തിൽ അവനോളം പ്രഗല്ഭനായ ഒരുവനും ലീമായിലുണ്ടായിരുന്നില്ല. ഡോക്ടർ റിവേരോയ്ക്കുപോലും അസാധ്യമായ എത്രയെത്ര രോഗങ്ങൾ മാർട്ടിൻ നിഷ്പ്രയാസം സുഖമാക്കിയിട്ടില്ല? ലോകജീവിതത്തിൽ അതിശോഭനമായ ഒരു ഭാവി അവനെ മാടി വിളിക്കുന്നുണ്ടായിരുന്നു. പക്ഷേ, അതിനു ചെവികൊടുക്കാതെ തന്റെ പ്രശസ്തിയുടെ പ്രഭാതത്തിൽത്തന്നെ അതിനൊരു വിരാമമിടാൻ അവനൊരുമ്പെട്ടു. ലോകം അതുനോക്കി വിസ്മയം കൊള്ളുകയാണ്.

"അമ്മേ, വലിയവനാകാൻ ഞാൻ അശേഷം ആഗ്രഹിക്കുന്നില്ല. വലിയ കാര്യങ്ങൾക്കായി ദൈവം എന്നെ തെരഞ്ഞെടുത്തിട്ടുമില്ല. അതിനു വേറെ ആളുകളുണ്ട്. നിസ്സാരജോലികൾ ചെയ്യുവാനും ചിലരെല്ലാം വേണമല്ലോ. അതുകൊണ്ടുതന്നെയാണ് ആശ്രമത്തി

ലേ നിസ്സാരനായ ഒരു ജോലിക്കാരനാകാൻ ഞാൻ കൊതിക്കുന്നതു്. ദൈവത്തെ സർവ്വാത്മനാ സേവിക്കുവാൻ എനിക്കു കഴിയുന്നുവെങ്കിൽ, ഹാ, ഞാൻ കൃതാർത്ഥനാകും. ഈ അവസരത്തിൽ അമ്മയുടെ വിലയേറിയ പ്രാർത്ഥനയല്ലാതെ വേറൊന്നും ഞാൻ ആവശ്യപ്പെട്ടന്നില്ല." യാതൊരു ഭാവവ്യത്യാസവുംകൂടാതെ മാർട്ടിൻ പറഞ്ഞുനിറുത്തി.

അന്നായ്ക്കു യാതൊന്നും പറയാൻ കഴിഞ്ഞില്ല. അവളുടെ ചുണ്ടുകൾ വരണ്ടു; ദേഹം വിറച്ചു; ഹൃദയത്തുടിപ്പുകൾ വർദ്ധിച്ചു. അവൾ മാർട്ടിനെ മാറോടണച്ചു നെറുകയിൽ ഒരായിരം ചുംബനങ്ങളർപ്പിച്ചു. ചെങ്കനൽപ്രഭ വീശി അസ്തമയസൂര്യൻ അതിനു സാക്ഷിനിന്നു.

അഞ്ചാമധ്യായം

വിശ്വസ്തഭൃത്യൻ

ചിരകാലപ്രതീക്ഷിതമായ ആ ആഗ്രഹം അങ്ങനെ നിറവേറി. "സാന്തോ ഡൊമീങ്ഗോ"യിലേ ആശ്രമത്തിലാണു മാർട്ടിൻ ഇപ്പോൾ. അവന്റെ ജീവിതത്തിലും വേഷത്തിലുമെല്ലാം വ്യത്യാസങ്ങൾ വന്നിട്ടുണ്ടു്. സന്യാസവസ്ത്രമാണിപ്പോൾ അവൻ ധരിച്ചിരിക്കുന്നതു. വെള്ളക്കമ്പിളികൊണ്ടുള്ള നീണ്ട ഉടുപ്പു്, അരയിൽ ഒരു തുകൽ ബൽറ്റു്, അതിൽ കൊളുത്തിയിരിക്കുന്ന നീ

ഉമുള്ള ഒരു കൊന്ത—ഇതെല്ലാമാണ് അവന്റെ വേഷ വിധാനങ്ങൾ.

ആതുരപരിചരണത്തിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള ആ ബാലൻ തങ്ങളുടെ സമൂഹത്തിന് ഒരു നേട്ടമായിത്തീരുമെന്ന് ആശ്രമശ്രേഷ്ഠൻ മനസ്സിലാക്കി. എങ്കിലും ചെറിയചെറിയ ജോലികളിൽ മരുക്കിവേണം വൻപണിക്ക് അവനെ ഒരുക്കുവാനെന്ന് അദ്ദേഹം വിചാരിച്ചു. അദ്ദേഹം പറഞ്ഞു: "ഇവിടത്തെ കാര്യങ്ങൾ അല്പം വിചിത്രമായി തോന്നിയേക്കാം. ആരംഭത്തിൽ ചെറിയ ജോലികൾ ചെയ്യുകയാണു നല്ലത്. നിനക്കു മുടിവെട്ടുവാനറിയാമോ?"

"ഞാൻ പലപ്പോഴും ആ ജോലി ചെയ്തിട്ടുണ്ട്." മാർട്ടിൻ പറഞ്ഞു. "ഡോ. ടിറിവേരോയുടെ കീഴിൽ ജോലിനോക്കിയിരുന്നപ്പോഴാണ് ഞാൻ അതഭ്യസിച്ചത്." ശ്രേഷ്ഠൻ സംപ്രീതനായി. മന്ദസ്മിതത്തോടെ അദ്ദേഹം പറഞ്ഞു:

"കൊള്ളാം, മാർട്ടിൻ. ഇവിടെ ഇരുന്നൂറിലധികം അംഗങ്ങളുണ്ട്. അതിനാൽ നിനക്കു ധാരാളം ജോലി കാണും. തൽകാലം ഇതുമതി. പിന്നീടു മറ്റുവല്ല ജോലികളും നിന്റെ കഴിവുപോലെ തരാം. ഇപ്പോൾ ബ്രദർ വിൻസെന്റിന്റെ അടുക്കൽ ചെല്ലുക. അദ്ദേഹം വേണ്ട നിർദ്ദേശങ്ങൾ നല്കും."

മാർട്ടിൻ ഉടൻതന്നെ വിൻസെന്റിനെ അന്വേഷിച്ചോടി. ആനന്ദത്തുടിപ്പുകൾ അവന്റെ കാലുകൾക്കു വേഗം കൂട്ടി. ദൈവമഹത്ത്വത്തിനുവേണ്ടി ചെയ്യു

ന്ന ഏതു ജോലിയാണ് അവനെ ആനന്ദിപ്പിക്കാതിരിക്കുക?

ആരംഭത്തിൽത്തന്നെ മാർട്ടിൻ തന്റെ ജോലിയിൽ സൂത്യർഹമായ നൈപുണ്യം പ്രദർശിപ്പിച്ചിരുന്നു. അവന്റെ അടുക്കൽ ചെല്ലുന്നവരെയെല്ലാം സംതൃപ്തരാക്കി അയയ്ക്കുവാനുള്ള അവന്റെ കഴിവ് അന്യാദൃശമായിരുന്നു. ഒരു പ്രഭാതത്തിൽ ബ്രദർ ജയിംസ് മടിവെട്ടിക്കുന്നതിനായി മാർട്ടിനെ സമീപിച്ചു. ഒരു വൈദികവിദ്യാർത്ഥിയാണദ്ദേഹം. ഏതിലും പുതുമ തേടുന്ന പുരോഗമനവാദിയാണയാൾ. ലീമായിലുള്ള ഒരു ധനികകുടുംബത്തിൽപെട്ട അയാൾ അസാമാന്യ ബുദ്ധിവൈഭവവും സാമർത്ഥ്യവുമുള്ള ഒരു യുവാവാണ്. ആശ്രമത്തിലേ പേരുകേട്ട ഒരു പ്രതിഭാശാലിയാണു ജയിംസ്.

"എനിക്കധികം സമയമില്ല." എന്ന മുഖവുരയോടെയാണു ജെയിംസ് മാർട്ടിന്റെ മുറിയിൽ പ്രവേശിച്ചതു്. "ദയവായി എത്രയുംവേഗം എന്നെ ഒന്നു പറഞ്ഞയക്കണം മാർട്ടിൻ." മാർട്ടിൻ സമ്മതിച്ചു. ഉപകരണങ്ങളെടുത്തു് അവൻ തയ്യാറായി. ജെയിംസ് താൻകൊണ്ടുവന്ന പുസ്തകം വായിക്കുവാൻതുടങ്ങി; മാർട്ടിൻ മുടിവെട്ടുവാനും. പുസ്തകപാരായണത്തിലല്ലാതെ മുടിവെട്ടുകാര്യത്തിൽ ജയിംസ് തീരെ ശ്രദ്ധിച്ചിരുന്നില്ലെന്നു തോന്നും ആ ഇരിപ്പു കണ്ടാൽ. പെട്ടെന്നു് ഒരു മണിയുടെ ശബ്ദം അവൻ കേട്ടു. അതു് അവന്റെ വായനയ്ക്കൊരു വിരാമം ഇട്ടു. പുസ്തകം മടക്കി അവൻ എഴുന്നേല്ക്കുവാൻ ഭാവിച്ചു.

"ഇനിയും തീർന്നില്ലേ?" അവൻ പരുഷമായി ചോ

ടിച്ചു. "പള്ളിയിൽ പ്രാർത്ഥനയ്ക്കുള്ള സമയമായല്ലോ." മാർട്ടിൻ ഒരുപദേശത്തേക്കൊന്നു മാറിനിന്നു. "ഇതാ, ഇപ്പോൾ തീരും, ഒരു മിനിറ്റുകൂടി."

ജയിംസ് തലയിൽ തപ്പിനോക്കി. അയാൾ ക്ഷൗരത്തിനായി എഴുന്നേറ്റു. അയാളുടെ മുഖഭാവം കണ്ടാൽ മാർട്ടിൻ ഏതോ വലിയ കുറ്റം ചെയ്തു എന്നു തോന്നും. പുസ്തകം അയാൾ അറിയാതെതന്നെ താഴെവീണു. "ദ്രോഹി, ചതിച്ചോ? എന്റെ തല നീ പറ്റിയടിച്ചു! ഹാ, നിനക്കു പരിശീലനത്തിനുള്ള തലയാണോ ഇതു്. എന്റെ മുടി എങ്ങനെയാണു വെട്ടിയിരുന്നതെന്നു നീ കണ്ടില്ലായിരുന്നോ?"

മാർട്ടിൻ കുറ്റക്കാരനെപ്പോലെ തലയും താഴ്ത്തിനിന്നു. "അയ്യോ, ഞാൻ അതുശ്രദ്ധിച്ചില്ല; ക്ഷമിക്കണം സഹോദരാ!" "ക്ഷമിക്കണമെന്നോ? എന്തിനു പറയുന്നു. നിന്നെപ്പോലെയുള്ള കാപ്പിരിവേഷങ്ങളെ എന്തിനീ ഉദ്യോഗത്തിൽ കയറ്റിവെച്ചു! വയലുതോറും കന്നുകാലികളുടെ പുറകേ നടക്കാനല്ലാതെ നിന്നെയൊക്കെ എന്തിനു കൊള്ളാം."

പാവം മാർട്ടിൻ! അവൻ അന്ധാളിച്ചുങ്ങിനിന്നുപോയി. അവനറിയാമായിരുന്നു ജയിംസിനു സപ്പല്ലം പരിഷ്കൃതരീതിയിലുള്ള മുടിവെട്ടാണു വേണ്ടിയിരുന്നതെന്നു്. പക്ഷേ, എന്തു ചെയ്യാം. നിയമം അനുശാസിക്കുന്ന വിധത്തിലല്ലാതെ അവൻ ചെയ്യുകയില്ല. ആശ്രമത്തിൽ എല്ലാവരുടേയും മുടി ഒന്നുപോലെ നീളം കുറച്ചുവെട്ടണമെന്നാണു നിയമം. ആ കാര്യം മാർട്ടിൻ ജയിംസിന്റെ ശ്രദ്ധയിൽ പെടുത്തി. എന്നാലതു് എരിയുന്ന തീയിൽ എ

ണ്ണപകരുകയായിരുന്നെന്ന് അവനറിഞ്ഞിരുന്നില്ല. "വാ
ദത്തിനോ നിന്റെ പുറപ്പാട്?് നീയോ എന്നെ നിയമം
പഠിപ്പിക്കുവാൻ പോകുന്നതു്?" "എനിക്കു പാടില്ലാത്ത
തു ഞാനെങ്ങനെ ചെയ്യും?" "നിനക്കു പാടില്ല, അല്ലേ?
എന്നാൽ എനിക്കു പാട്ടണ്ടു്. ഞാനെപ്പോഴും എന്റെ
ഇഷ്ടമനുസരിച്ചാണു മുടിവെട്ടിക്കുക."

മാർട്ടിൻ കുഴങ്ങി. അവനറിയാമായിരുന്നു തന്റെ
പ്രവൃത്തി ശരിയാണെന്നു്. എന്നാലും തന്റെ സഹോദ
രനെ വേദനിപ്പിച്ചില്ലേ? അവൻ അതെങ്ങനെ സഹി
ക്കും? അവനൊന്നുകൂടെ മാപ്പു ചോദിച്ചു: "സഹോദരാ,
എന്നോടു ക്ഷമിക്കണം. ഞാൻ നിർവ്യാജം ഖേദിക്കുന്നു.
ഇതു സഹോദരനെ ഇതു വേദനിപ്പിക്കുമെന്നു് ഞാനറി
ഞ്ഞിരുന്നില്ല" പറഞ്ഞു തീർന്നില്ല മാർട്ടിൻ മുട്ടിനുമേൽ
വീണു ജയിംസിന്റെ പാദങ്ങളെ ചുംബിച്ചു കഴിഞ്ഞു.
സുസ്മേരവദനനായി എഴുന്നേറ്റിട്ടു കളങ്കമറിയാത്ത ആ
സുകൃതധനൻ പറയുകയാണു്: "എന്റെ പക്കൽ നല്ല
ഒരു ഓറഞ്ചുണ്ടു്. അതു പോക്കറ്റിലിട്ടുകൊണ്ടു പോ
യാൽ സമയമുള്ളപ്പോൾ തിന്നാം. ഒന്നാംതരം ഓറ
ഞ്ചാണു്."

മണിനാദം പിന്നെയും കേട്ടു. ജയിംസ് പുച്ഛമായി
മാർട്ടിനെ ഒന്നുകൂടെ നോക്കിയിട്ടു് അവിടെനിന്നും പോ
യി. അവന്റെ അരിശം അപ്പോഴും അടങ്ങിയിട്ടില്ല.

മാർട്ടിൻ ദീർഘമായി ഒന്നു നിശ്വസിച്ചു. അടു
ത്തതവണയും ജയിംസുമായി പിണങ്ങേണ്ടിവരുമല്ലോ
എന്നോർത്തപ്പോൾ അവന്റെ കുണ്ഠിതം വർദ്ധിച്ചു.
എന്തെന്നാൽ അടുത്ത പ്രാവശ്യവും അപ്രകാരം മാത്ര

മേ മാർട്ടിൻ മുടിവെട്ടുകയുള്ളൂ. അവൻ ആശ്രമനിയമങ്ങൾ അക്ഷരംപ്രതി പാലിക്കും. ആളുകൾ എന്തുപറയുമെന്നല്ല, നിയമം എന്തനുശാസിക്കുന്നു എന്നാണ് അവന്റെ നോട്ടം. മറ്റുള്ളവരുടെ ആക്ഷേപങ്ങളോ ആരോപണങ്ങളോ അവന്റെ കൃത്യനിർവ്വഹണത്തിന് ഒരിക്കലും ബാധകമായിരുന്നിട്ടില്ല. അതുപോലെതന്നെ മറ്റുള്ളവരുടെ പ്രശംസകളും. നിയമങ്ങൾ പാലിക്കുക എന്നതാണ് എല്ലാറ്റിലും പ്രധാനമായി അവൻ കരുതിപ്പോന്നതു്. മുടിവെട്ടു കാര്യത്തിൽത്തന്നെ മറ്റുപലരോടും മാർട്ടിനു മല്ലിടേണ്ടിവന്നിട്ടുണ്ട്. എന്നാലും വിജയം അവസാനം മാർട്ടിനുതന്നെയായിരുന്നു. തങ്ങളുടെ ഇഷ്ടത്തിനൊത്തു മാർട്ടിൻ തുള്ളുന്നില്ലെന്നു കണ്ടപ്പോൾ അവന്റെ പിട്ടയ്ക്കുവർ കീഴടങ്ങി. അധികാരികളുടെ നിർദ്ദേശങ്ങൾ അനുസരിച്ചുമാത്രമേ മാർട്ടിൻ ജോലി ചെയ്തുള്ളൂ എന്നു കാലക്രമേണ എല്ലാവരും മനസ്സിലാക്കി. നിയമം പാലിക്കുന്നതിൽ മാർട്ടിൻ എപ്പോഴും ശ്രദ്ധാലുവാണെന്നും അതിൽനിന്ന് അവനെ വ്യതിചലിപ്പിക്കുക അസാധ്യമല്ലെന്നും ഗ്രഹിച്ചതിനോടേ എല്ലാവരും അവനോടു സ്നേഹാദരങ്ങൾ പ്രദർശിപ്പിച്ചുതുടങ്ങി. ഇതിനു് ഒരപവാദമായിരുന്നില്ല ബ്രദർ ജയിംസും.

മുടിവെട്ടുക്രമാതെ, രോഗികളെ ശുശ്രൂഷിക്കുക, വസ്ത്രങ്ങൾ സൂക്ഷിക്കുക മുതലായ ജോലികളും ക്രമേണ മാർട്ടിനിൽത്തന്നെ നിക്ഷിപ്തമായി. എല്ലാം സന്തോഷത്തോടും സംതൃപ്തിയോടും അവൻ ചെയ്തുപോന്നു. അധികാരികൾക്കു നാൾക്കുനാൾ അവനിൽ സ്നേഹവും വി

ശ്വാസവും വളർന്നുവന്നു. ഒരു ദിവസം ആശ്രമശ്രേഷ്ഠൻ അവനെ വിളിച്ചു് ഒരു പ്രത്യേകകാര്യം ഭരമേല്പിച്ചു— രോഗാതുരനായ പത്രോസച്ചനെ പരിചരിക്കുക. കാലിലുണ്ടായ ഒരു വലിയ വ്രണം നിമിത്തം അദ്ദേഹം കിടപ്പിലായിട്ടു് അധികനാൾ കഴിഞ്ഞിരുന്നു. ജീവനെ രക്ഷിക്കണമെങ്കിൽ കാൽ മുറിക്കേണ്ടിവരുമെന്നായിരുന്നു വിദഗ്ധാഭിപ്രായം. "നീ പോയി അച്ചനെ ഒന്നു കാണുക. പാവം എത്രഗ്രമായ വേദനയാണു സഹിക്കുന്നതു്! അദ്ദേഹത്തെ അല്പമെങ്കിലും ആശ്വസിപ്പിക്കാൻ നിനക്കു കഴിയാതെ വരില്ല."

മാർട്ടിൻ അല്പം കുഴങ്ങി. മാരകവേദനയനുഭവിക്കുന്ന അശരണനായ ആ രോഗിയെ സാധാരണനിലയിൽ എങ്ങനെയാണു സമീപിക്കുക? അവനാലോചിച്ചു. പെട്ടെന്നു് അവനു് ഒരുപായം തോന്നി; രുചികരമായ വല്ലതും രോഗിക്കു ഭക്ഷിക്കുവാനുണ്ടാക്കിക്കൊണ്ടുപോയാൽ അതദ്ദേഹത്തിനു് ആശ്വാസകരമായിരിക്കുമെന്നു്. എന്തായിരിക്കും അദ്ദേഹത്തിനു കൂടുതൽ ഇഷ്ടമുള്ള ഭക്ഷണം എന്നവനാലോചിച്ചു. അതു വെളിവായി കിട്ടുവാൻ തീക്ഷ്ണതയോടേ അവൻ പ്രാർത്ഥിച്ചു. അവനു പെട്ടെന്നു് ഒരാശയമുദിച്ചു. ദൈവത്തിനു നന്ദിപറഞ്ഞുകൊണ്ടു് അവൻ പാചകശാലയിലേക്കോടി. അവിടെ അവൻതന്നെ രുചികരമായ ഒരു ഭക്ഷണം പാകം ചെയ്തു. താനുണ്ടാക്കിയ ആ വിശിഷ്ടഭോജ്യവുമായി അല്പസമയത്തിനുള്ളിൽ അവൻ രോഗിയുടെ മുറിയിലെത്തി. മുറിക്കകത്തു പ്രകാശം തീരെയില്ലായിരുന്നെങ്കിലും കട്ടിലിൽ ഒരു മനുഷ്യരൂപം കിടക്കുന്നതു കാണാമായിരുന്നു.

രോഗി ഞരങ്ങുകയും മൂളുകയും ചെയ്തുകൊണ്ടിരുന്നു. "ഓ, എന്റെ ഈശോയേ, ഹാ, എന്റെ കാല്. ദൈവമേ, വേഗം നീ എന്നെ അങ്ങു വിളിക്കണേ!" ആ രോഗിയുടെ ആർത്തനാദം മാർട്ടിന്റെ ഹൃദയത്തെ ഭേദിച്ചു. അവൻ നിലത്തു ചവുട്ടി ചെറിയൊരു സ്വരമുണ്ടാക്കിക്കൊണ്ടു തന്റെ സാന്നിധ്യത്തെ വെളിപ്പെടുത്തി.

"പൊയ്ക്കോള്ളുക. എനിക്കാരും കൂട്ടുവേണ്ടാ. ങഹാ!"

"ഞാനാണച്ചാ! മാർട്ടിൻ."

"മാർട്ടിനോ? ആരായാലും വേണ്ടില്ല, പൊയ്ക്കോള്ളുക. ഞാൻ തനിച്ചുമതി ഇവിടെ."

"ഈ ജനാലകം തുറക്കട്ടേ അച്ചാ? അല്പം വെളിച്ചം കിട്ടിയാൽ അങ്ങേക്കു കുറേ ആശ്വാസമുണ്ടാകും."

"ഹോ! ഇതെന്തൊരുപദ്രവം! ദൈവത്തെ ഓർത്ത് എന്നെ അസഹ്യപ്പെടുത്താതെ ഒന്നു പോവുക. ഞാനിവിടെ തനിച്ചു കിടന്നു കൊള്ളാം."

"അച്ചാ, അച്ചനൊരു നല്ലസാധനം ഞാൻ കൊണ്ടുവന്നിട്ടുണ്ട്."

"എനിക്കൊരു സാധനവും വേണ്ടാ. ഹാ, എന്റെ കാല്! എന്തൊരു നീറ്റൽ!"

"അങ്ങേയ്ക്ക് എന്നോട് അല്പമെങ്കിലും സ്നേഹമുണ്ടെങ്കിൽ ഇതാ ഈ 'സാലഡ്' ഒന്നു രുചിച്ചു നോക്കണം. നല്ല സ്വാദുള്ളതും പൂപ്പലാറാത്തതുമായ ഒന്നാംതരം സാലഡാണിത്."

മാർട്ടിൻ വിജയിയായി. അച്ചൻ കട്ടിലിൽ പതുക്കെ ഒന്നു ചരിഞ്ഞു കിടന്നു.

"എന്താ നീ പറഞ്ഞത്? സാലഡോ? എനിക്കു

വേണ്ടി നീ സാലഡ് ഉണ്ടാക്കിക്കൊണ്ടുവന്നിട്ടുണ്ടോ?"

"അതേ അച്ഛാ, ഞാൻതന്നെ ഇപ്പോഴുണ്ടാക്കിയതാണ്. മൂടമാറിയിട്ടില്ല. അച്ഛനൊന്നു നോക്കിക്കേ എങ്ങനെയിരിക്കുന്നൊന്ന്." അദ്ദേഹം ഒന്നു പൊങ്ങി തലയിണയിലേക്കു സപ്പല്പം കയറി പുറകോട്ടു ചാരിയിരുന്നു. ചെറുതായൊന്നു നിശ്വസിച്ചിട്ട് ജനലുകൾ തുറക്കുവാൻ മാർട്ടിന് അനുജ്ഞ നല്കി.

"കൊണ്ടുവാ സാലഡ് ഞാനൊന്നു നോക്കട്ടെ. ഇതാണ് എനിക്കിഷ്ടമെന്നു നീ എങ്ങനെ അറിഞ്ഞു?"

മാർട്ടിൻ അതിന്റെ ചരിത്രം ഉള്ളതുപോലെ പറഞ്ഞു കേൾപ്പിച്ചിട്ട് 'സാലഡ്' പാത്രത്തോടെ അദ്ദേഹത്തിന്റെ സമീപം വച്ചു.

സംശയത്തോടേ ആണ് ആദ്യം ഒരു സ്പൂൺ അദ്ദേഹം എടുത്തത്. രണ്ടാംപ്രാവശ്യം മട്ടൊന്നു മാറി. മൂന്നാമത്തെ സ്പൂൺ തെല്ലാർത്തിയോടേ അകത്തേക്കു പോയി. മാർട്ടിൻ സൂക്ഷിക്കുന്നുണ്ടായിരുന്നു. അവൻ ചോദിച്ചു: "എന്താ, എങ്ങനെയിരിക്കുന്നു? അച്ഛനിഷ്ടപ്പെട്ടോ ഈ സാലഡ്?" അദ്ദേഹത്തിന്റെ ഹൃദയം കൃതജ്ഞതാനിർഭരമായി. പ്രസന്നവദനായി അദ്ദേഹം പറഞ്ഞു: "എന്റെ ആയുസ്സിൽ ഇതുവരെ ഇത്ര നല്ല സാലഡ് ഞാൻ തിന്നിട്ടില്ല മാർട്ടിൻ. നാളെയും ഇത്തരത്തിലൊന്നു നീതന്നെ ഉണ്ടാക്കിത്തരണം."

മാർട്ടിന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. അവന്റെ കൃതജ്ഞതാസ്തോത്രം ദൈവസന്നിധിയിലേയ്ക്കുയർന്നു. രോഗിയുടെ കാലിലേ വ്രണം അവൻ വൃത്തി

യായി കഴുകി തുണികൊണ്ടു ഭദ്രമായി കെട്ടി. താമസമെന്നിയേ ആ കാലു മുറിച്ചുകളയേണ്ടി വരുമെന്ന് ആശ്രമശ്രേഷ്ഠൻ പറഞ്ഞതു് അവൻ അനുസ്മരിച്ചു. "എത്ര നൈർഭാഗ്യകരമായ ഒരവസ്ഥയാണതു്. ദിവ്യബലി അർപ്പിക്കുവാൻ അപ്പോഴും അദ്ദേഹത്തിനു സാധിക്കയില്ലല്ലോ!" മാർട്ടിൻ വിചാരിച്ചു.

"എന്തുകിലും എനിക്കു ചെയ്യുവാൻ സാധിക്കുമോ?" മാർട്ടിൻ ചിന്തിച്ചു. ദൈവത്തിന്റെ കരുണയിൽ അവനാശ്രയം കണ്ടിട്ടുണ്ടു്. ദൈവപരിപാലനയുടെ അത്ഭുതകരമായ പ്രവർത്തനങ്ങൾ അവൻ മനസ്സിലാക്കിയിട്ടുണ്ടു്. ദയാപരനായ ആ പരാശക്തിയുടെ പരിരക്ഷണത്തിൽ അവൻ അഭയം തേടി. അത്യധികം വേദനയനുഭവിക്കുന്ന ഒരു സഹജീവിയെ നിസ്സഹായനായി ഉപേക്ഷിക്കുവാൻ സഹോദരസ്നേഹം അവനെ അനുവദിച്ചില്ല. പ്രകൃതിശക്തികൾ പരാജയപ്പെട്ടുനിൽക്കുന്നിടത്തു് പ്രകൃത്യതീതമായ ശക്തി വിജയിക്കുമെന്ന വിശ്വാസം അവനെ അനുസ്മരിപ്പിച്ചു.

ആറാമധ്യായം

ആശ്രമത്തിൽ

മാർട്ടിൻപോയി അധികസമയം കഴിയുന്നതിനു മുൻപ് പത്രോസച്ചന്റെ രോഗം ശമിച്ചുതുടങ്ങി. കാലിലെ വ്രണം അത്ഭുതകരമാംവിധം കുറഞ്ഞു. അന്നുതന്നെ ഒരിക്കൽക്കൂടെ മാർട്ടിൻ രോഗിയെ സന്ദർശിക്കു

വാൻ അവിടെ ചെന്നു. അപ്പോഴും ആ വൈദികൻ മുറിയിൽക്കൂടെ ഉലാത്തുന്നതായിട്ടാണു കണ്ടതു്.

"ഞാൻ സുഖം പ്രാപിച്ചിരിക്കുന്നു മാർട്ടിൻ. ഉച്ചയ്ക്കു നീ ഇവിടെനിന്നു പോയി അല്പസമയം കഴിഞ്ഞപ്പോൾ പെട്ടെന്നു് എന്റെ കാലു സുഖമായി. അല്ല, നീ എന്റെ കാലു സുഖമാക്കി. ഹാ! എങ്ങനെ ഞാനിതിനു നിന്നോടു പ്രതിനന്ദി കാണിക്കും?"

മാർട്ടിന്റെ കറുത്തകണ്ണുകൾ പ്രകാശിച്ചു. അവന്റെ ആനന്ദം നിസ്സീമമായിരുന്നു. അവന്റെ പ്രാർത്ഥനയുടെ ഫലമായി ആ വൈദികൻ അദ്ഭുതകരമായി സുഖംപ്രാപിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ കാലിലേ വ്രണം അശേഷം മാഞ്ഞുപോയി. ഇനി കാലു കണ്ടിച്ചു കളയേണ്ട ആവശ്യമില്ല.

"മാർട്ടിൻ, നീയാണു് ഈ അത്ഭുതം പ്രവർത്തിച്ചതു്. നിന്നോടുള്ള എന്റെ കടപ്പാടു് എങ്ങനെ ഞാൻ നിറവേറ്റും?" അദ്ദേഹത്തിന്റെ കൃതജ്ഞതാപ്രകടനങ്ങൾ മാർട്ടിനെ ഉത്സാഹങ്ങളായിത്തോന്നി.

"അച്ചാ, എന്നെ ഇത്രയധികം പ്രശംസിക്കുവാൻ കാരണമൊന്നുമില്ല. ഞാൻ അങ്ങയ്ക്കുവേണ്ടി ഒരു സാലഡ് ഉണ്ടാക്കി; ആ വ്രണം ഒന്നു കഴുകിക്കെട്ടി. കൂടുതലായി ഞാനൊന്നും ചെയ്തില്ല. അതു് ആർക്കും ചെയ്യാവുന്നതുമാണല്ലൊ."

"ഓഹോ, പലതും ചെയ്തിട്ടുണ്ടു് ഇതിനുമുമ്പിൽ. എന്നാൽ, എനിക്കു സുഖം കിട്ടിയിട്ടില്ലല്ലോ?"

"ദൈവം അങ്ങയെ വളരെ സ്നേഹിക്കുന്നു. അവിടുത്തേക്കു മാത്രമേ അങ്ങേ ഇത്രവേഗം സുഖപ്പെടുത്തു

വാൻ സാധിക്കുകയുള്ളൂ. ദൈവത്തോടു നമുക്കു നന്ദിയുള്ളവരായിരിക്കാം. ഇപ്പോൾ അങ്ങേയ്ക്ക് എന്തെങ്കിലും സഹായം ഞാൻ ചെയ്യേണ്ടതായിട്ടുണ്ടോ?"

"വേണ്ടാ, മാർട്ടിൻ. ഇനിയും എനിക്കു മറ്റാരേയും ആശ്രയിക്കേണ്ട ആവശ്യമില്ല. എങ്കിലും മാർട്ടിൻ, എത്ര പ്രാവശ്യം ഞാൻ നിന്നോടു വഴക്കു പറഞ്ഞിട്ടുണ്ട്. ആക്ഷേപശരങ്ങൾകൊണ്ടു എത്ര തവണ നിന്നെ ഞാൻ മുറിപ്പെടുത്തിയിട്ടുണ്ട്. വത്സാ, എല്ലാം എന്നോടു ക്ഷമിക്കണം." "ക്ഷമിക്കാനെന്തിരിക്കുന്നു? അങ്ങു വാസ്തവം മാത്രം പറഞ്ഞു." മാർട്ടിൻ മന്ദഹസിച്ചുകൊണ്ടു പറഞ്ഞു. അദ്ദേഹത്തിന്റെ പ്രശംസോക്തികളും ക്ഷമാപണങ്ങളും കേൾക്കാതിരിക്കാൻ മാർട്ടിൻ വേഗം അവിടെ നിന്നുപോയി. രാത്രിയും അപ്പോൾ അതിക്രമിച്ചിരുന്നു.

കൃത്യബഹുലമായ ഒരു പരിപാടിയായിരുന്നു മാർട്ടിനുണ്ടായിരുന്നതു്. ആശ്രമമണിനാദം അവന്റെ കൃത്യങ്ങളെ നിയന്ത്രിച്ചുകൊണ്ടിരുന്നു. പ്രഭാതമണി മുഴങ്ങുമ്പോൾ അവൻ കിടക്കയിൽനിന്നു ചാടിയെഴുന്നേൽക്കും. ദൈവശുശ്രൂഷയ്ക്കും പരസ്നേഹപ്രവൃത്തികൾക്കുമായിട്ടാണു് അവൻ പരുപരുത്ത കിടക്കയിൽനിന്നും എഴുന്നേല്ക്കുന്നതു്. ഉണർന്നാലുടൻ മുവരിൽ തൂക്കിയിരിക്കുന്ന തുങ്ങപ്പെട്ട രൂപത്തിലേക്കാണു് അവന്റെ ദൃഷ്ടി തിരിയുന്നതു്. "ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!" ക്രൂശിതരൂപത്തെ നോക്കിക്കൊണ്ടുള്ള ആദ്യത്തെ അവന്റെ ജപമാണതു്. അനന്തരം മാതാവിന്റേയും വി. ഡോമിനിക്കിന്റേയും ചിത്രങ്ങൾക്കുമുമ്പിൽ ക്രൂശുകൊണ്ടു ഉയർത്തുകയാണു് അവൻ ചെയ്യുക. അവന്റെ

സ്വന്തീയസ്നേഹിതന്മാരാണവർ. തന്റെ രഹസ്യങ്ങളും പലതും അവരോടു് അവനറിയിക്കും. പകലത്തെ ആ വശ്യങ്ങളും ഉഷസ്സിങ്കലേ അവരോടു് അപേക്ഷിക്കുകയാണു പതിവു്. ആ കൃത്യം അവനൊരിക്കലും മുടക്കിയിട്ടില്ല. വിശുദ്ധ കർബാനക്കു ശുശ്രൂഷിക്കുകയാണു് അവൻ അടുത്തതായി ചെയ്യുന്നതു്. അതുതന്നെയാണു് അവന്റെ ദിനചര്യയിൽ പ്രഥമവും പ്രധാനവുമായ കൃത്യം. സാധാരണമായി ആശ്രമക്കപ്പേളയിലാണു് അവനതു നിർവഹിക്കുക. എന്നാൽ, ചിലപ്പോൾ ആശ്രമത്തോടടുത്തുള്ള കൊന്തമാതാവിന്റെ പള്ളിയിലും അവൻ പോകും ദിവ്യബലിക്കു ശുശ്രൂഷിക്കുവാൻ. അവിടേയ്ക്കുപോകുമ്പോൾ പൂർവ്വകാലസ്മരണകൾ അവന്റെ മനസ്സിൽ നഴഞ്ഞു കയറും. ബാലനായിരുന്നപ്പോൾ മുതൽ ആ പള്ളി അവനു് അഭയസ്ഥാനമായിരുന്നു. അവിടെ അൾത്താരയുടെ മുമ്പിൽ എത്രയെത്ര മണിക്കൂറുകൾ പ്രാർത്ഥനയിൽ അവൻ ചെലവഴിച്ചിട്ടില്ല? എന്നാൽ, ഒരിക്കൽ സന്ന്യാസവസ്ത്രം ധരിച്ചു് അവിടെ ശുശ്രൂഷകനായി വരുമെന്നു് അന്നൊരിക്കലും അവൻ പ്രതീക്ഷിച്ചിരുന്നില്ല. എത്ര അത്ഭുതകരമാണു ദൈവത്തിന്റെ വഴികൾ!

അനുദിനദിവ്യകാരുണ്യസ്വീകരണത്തിനുള്ള അനുവാദം ഇന്നത്തെപ്പോലെ അന്നുണ്ടായിരുന്നില്ല. വി. കുർബ്ബാന സ്വീകരിക്കുന്നതിനു് അവസരം ലഭിക്കുമ്പോൾ മാർട്ടിന്റെ ഹൃദയം സന്തോഷംകൊണ്ടു നിറയും. "നാഥാ, നീ എന്റെ ഭവനത്തിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല. ഒരു വാക്കുമാത്രം കല്പിച്ചാൽമതി, നിന്റെ

ഭാസൻ സുഖം പ്രാപിക്കും." എന്ന പ്രാർത്ഥനയോടെയാണ് അവൻ ഈശോനാഥനെ തന്റെ സ്നേഹോജ്ജ്വലമായ ഹൃദയത്തിലേക്ക് സ്വീകരിക്കാനൊരുങ്ങുക. ദിവ്യരക്ഷകന്റെ തിരുശ്ശരീരരക്തങ്ങളാണ് ദിവ്യകാരുണ്യമെന്നും, ദൈവത്തിന്റെ അനന്തസ്നേഹം സമ്മാനിച്ച ആ ദിവ്യൗഷധം ആത്മാവിനു ശക്തിയും ജീവനും ക്ഷമാനം ചെയ്യുമെന്നും അവനറിയാമായിരുന്നു. ആ പരമസത്യം മറ്റുള്ളവരേയും ഗ്രഹിപ്പിക്കുവാൻ അവന്റെ ഹൃദയം വെമ്പൽകൊള്ളുകയായിരുന്നു. ഏതു രോഗിക്കാണു മരുന്നാവശ്യമില്ലാത്തത്? രോഗിക്കു മരുന്നിൽ വിശ്വാസമുണ്ട്" ഇതുതന്നെ ആയിരിക്കണ്ടേ ആത്മാവിൽ രോഗം ബാധിച്ചവന്റേയും മനഃസ്ഥിതി. ആത്മാവിനും ചിലപ്പോൾ രോഗമുണ്ടാകുമെന്നും, അതിന്റെ ശക്തിക്ഷയിക്കുമെന്നും. അപ്പോൾ അതിനും മരുന്നുകളാവശ്യമാണെന്നുമുള്ള പരമാർത്ഥം പലപ്പോഴും മനുഷ്യർ വിസ്മരിക്കുന്നു ഇതെത്രയോ ശോചനീയം! മനുഷ്യാത്മാവിന്റെ ശക്തിയും ജീവനുമായ ആ സ്വർഗ്ഗീയഭോജനം, ആ ദിവ്യൗഷധം, എല്ലാവരും അനുഗ്രഹപ്രദമായി അനുഭവിച്ചിരുന്നെങ്കിൽ!

"നാഥാ, എന്റെ ഹൃദയത്തിലേക്കെഴുന്നള്ളിവരിക. എന്റെ ആത്മാവിന് ഔഷധവും ആഹാരവും ആവിട്ടുന്നായിരിക്കുക." ഈ പ്രാർത്ഥനയോടേയാണ് അവൻ ആ ദിവ്യഭോജനം ഉൾക്കൊണ്ടിരുന്നതു്. അപ്പോൾ അവന്റെ ഹൃദയവും മനസ്സും മുഴുവനായി ദൈവത്തിലായിരിക്കും. ദൈവം മുഴുവനായി അവനിലും. തനിക്കു വേണ്ടതെല്ലാം നല്കുന്നതിനും, കൃത്യനിർവഹണ

ത്തിൽ തന്നെ സഹായിക്കുന്നതിനുമായി ദൈവകുമാരൻ തന്നിൽ ഏഴുന്നള്ളിയിരിക്കയാണെന്ന് അവനനുഭവപ്പെട്ടും. തന്റെ സഹായം ആവശ്യപ്പെട്ടുന്നവർക്കെല്ലാം സമൃദ്ധമായി അതു നല്കുവാൻ ദൈവം തന്നെ ഒരുക്കുന്നതായി അവന് അപ്പോൾ തോന്നും. ആ നിലയിൽ ഏതു സമയവും കഴിച്ചുകൂട്ടുവാൻ അവനാഗ്രഹമാണ്. അവിടം വിട്ടുപോകുവാൻ അവനൊരിക്കലും മനസ്സുവരികയില്ല. പക്ഷേ, അവനു പോകാതെ നിവൃത്തിയില്ല. കർത്തവ്യബോധം അവനെ അവിടെനിന്നു പറഞ്ഞയക്കും.

മുറികൾ അടിച്ചുവാരുക, ഭക്ഷണം പാകം ചെയ്യുക, തോട്ടംനനയ്ക്കുകയെന്നുതുടങ്ങിയ വിവിധജോലികൾ അവന്റെ പ്രതിദിനപരിപാടികളിൽ പെടുന്നു. ക്രമേണ വൈദ്യസഹായം, ആതുരപരിചരണം തുടങ്ങിയവയിൽ ശ്രദ്ധിക്കയെന്നതും ഇപ്പോൾ മാർട്ടിന്റെ കൃത്യമായിത്തീർന്നു. ആശ്രമത്തിനകത്തും പുറത്തുമുള്ള പലരേയും കഥാപുരുഷൻ ഇങ്ങനെ സഹായിച്ചുവന്നു.

അന്നന്നു ചെയ്തുതീർക്കേണ്ട ജോലികൾ നേരത്തേ അവൻ ഓർത്തുനോക്കും. എന്നിട്ടവയെല്ലാം ഒരു പ്രാർത്ഥനയായി ദൈവത്തിനു സമർപ്പിക്കും. തന്റെ പ്രയത്നങ്ങളെല്ലാം അനുഗ്രഹീതമാകുന്നതിനായി, തന്നെമുഴുവനും തന്റെ കഴിവുകളേയും ദൈവസന്നിധിയിൽ അവൻ കാഴ്ചവെക്കും.

അന്ന് ഒരു തെളിവുള്ള ദിവസമായിരുന്നു. ഗൃഹജോലികളവസാനിപ്പിച്ചിട്ട മാർട്ടിൻ തോട്ടത്തിലേ പണിക്കായി പുറത്തേക്കിറങ്ങി. സൂര്യപ്രകാശം ആ തോട്ടത്തിന്റെ മനോഹാരിതയ്ക്കു മാറ്റു കൂട്ടിക്കൊണ്ടിരുന്നു.

മാർട്ടിൻ ആ കാഴ്ചയിൽ ആനന്ദംകൊണ്ടു. അവൻ നട്ടുണ്ടാക്കിയ ചെടികളും അവന് ഉന്മേഷം പ്രദാനം ചെയ്യുംവിധം ഫലഭൂയിഷ്ഠമായ ആ തോട്ടം ആശ്രമത്തിന് ആദായകരമായിത്തീരുന്നതു കണ്ടു് അവന്റെ സന്തോഷം വർദ്ധിച്ചു. ആശ്രമത്തിന്റെ സാമ്പത്തികനില അന്നു തീരെ ആശാസ്യമായിരുന്നില്ല. അതിനാൽ, അന്ന് ആ തോട്ടം അവർക്കൊരു വലിയ നേട്ടംതന്നെയായിരുന്നു. ആശ്രമത്തിനു വലിയ ഋണബാധ്യതകളുണ്ടെന്നും തന്നിമിത്തം ആശ്രമാധിപൻ വളരെ ക്ലേശിക്കുന്നുണ്ടെന്നും മാർട്ടിൻ ഗ്രഹിച്ചിരുന്നു. ഈ വിഷമാവസ്ഥയിൽ ആശ്രമത്തെ സഹായിക്കുക തന്റെ ഒഴിച്ചുകൂടാത്ത ഒരു കർത്തവ്യമായി അവൻ കരുതി. അതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി അവൻ ആലോചിച്ചുതുടങ്ങി.

ചിന്താധീനനായിനിന്ന മാർട്ടിനു തന്റെയടുക്കലേക്കു വന്ന മൈക്കിൾസഹോദരനെ കാണുവാൻ കഴിഞ്ഞില്ല. തിരുവസ്ത്രങ്ങൾ സൂക്ഷിക്കുക, കുർബാനയ്ക്കുവേണ്ട സാധനങ്ങളൊരുക്കുക, അൾത്താരകളലങ്കരിക്കുക മുതലായ മുതലകൾ അയാളാണു നിർവഹിക്കുന്നതു്. "കൊള്ളാം, അപ്പോൾ ഇങ്ങനെയാണു പണി അല്ലേ?" മൈക്കിൾ വിളിച്ചു ചോദിച്ചു. മാർട്ടിൻ തിരിഞ്ഞു നോക്കി. കുറച്ചു തുണിക്ഷണങ്ങളുമായിട്ടാണു മൈക്കിൾ വന്നിരിക്കുന്നതു്. അതു് അൾത്താരവിരിയാണെന്നു മാർട്ടിൻ മനസ്സിലാക്കി.

"ഈ തോട്ടം എങ്ങനെയിരിക്കുന്നു മൈക്കിൾ. ഇത്തരം പയറുകൾ മറ്റെവിടെയെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടോ?" മാർട്ടിൻ അഭിമാനത്തോടെ ചോദിച്ചു.

"ഓ, നിന്റെ പയറും തോട്ടവുമൊക്കെ കുറെ വിശേഷമാ. അതിരിക്കട്ടെ. എന്റെ കൈയിലിരിക്കുന്ന ഈ വിരി നീ കാണുന്നോ മാർട്ടിൻ?"

"എന്തു്! ഇതെല്ലാംകീറി മുറിഞ്ഞിരിക്കുന്നല്ലോ. ഈ കീറലുകളെല്ലാം എങ്ങനെയുണ്ടായി?"

"അതേ, അതു നീ അറിയേണ്ടതുതന്നെ." മൈക്കിൾ സഗൗരവം പറഞ്ഞു. "ഇവിടെയുള്ളതെല്ലാം എലിപ്പാതിയാണെന്നതന്നെ പറയാം. തിരുവസ്ത്രങ്ങൾ പലതും എലികൾ ഇതിനകം നശിപ്പിച്ചുകഴിഞ്ഞു. എന്നാൽ ഇനിയും അതനുവദിക്കാൻ പാടില്ല. ഇതെക്കുറിച്ചു് ഇപ്പോൾത്തന്നെ ശ്രേഷ്ഠനുചിതമായി ആലോചിച്ചു പരിഹാരം ഉണ്ടാക്കിയിട്ടുണ്ടു്."

"എന്താണു പരിഹാരം?" മാർട്ടിൻ ജിജ്ഞാസയോടേ ചോദിച്ചു "ഈദ്ദശസംഭവം ആവർത്തിക്കപ്പെടാതിരിപ്പാൻ മാർട്ടിൻ വേണ്ടതു ചെയ്യണം. ഇവിടെയുള്ള എലികളെ എല്ലാം ഒന്നടങ്കം നശിപ്പിക്കണം."

"എന്തു്? നിർദ്ദോഷരായ ഈ ജന്തുക്കളെയെല്ലാം നശിപ്പിക്കണമെന്നോ? ആവ നമുക്കു യാതൊരു നഷ്ടവും ഇച്ഛിക്കുന്നില്ലല്ലോ. തുണിയുടെ വില അവയറിയുന്നില്ല." മാർട്ടിന്റെ ന്യായവാദം മൈക്കിളിനെ രോഷാകുലനാക്കുകയാണുണ്ടായതു്.

"എന്നോടു വാഗ്വാദം ചെയ്യേണ്ടാ. ആത്മാധിപന്റെ നിർദ്ദേശം നീ കേട്ടല്ലോ; അതുമതി." മൈക്കിൾ സ്ഥലംവിട്ടു.

നൈരാശ്യത്തോടേ മാർട്ടിൻ മൈക്കിൾ പോകുന്നതു നോക്കിനിന്നു. ആ അത്താഴവിരികൾ നഷ്ടപ്പെട്ടതിൽ

തെറ്റുകാരൻ താനാണെന്ന് അവൻ കരുതുന്നുവെന്നു തോന്നും ആ നിലകണ്ടാൽ. ആശ്രമത്തിൽ വരാറുള്ള പട്ടികളേയും പൂച്ചകളേയുമെല്ലാം എത്രയോ നാളുകളായി അവൻ തീറ്റിപ്പോറ്റുന്നു. എന്തുകൊണ്ട് ആ എലികളെ അവൻ നിശ്ശേഷം വിസ്മരിച്ചു? അവയ്ക്കും എന്തെങ്കിലും തീറ്റി കൊടുത്തിരുന്നെങ്കിൽ തീർച്ചയായും ആ വിരികം അവ നശിപ്പിക്കയില്ലായിരുന്നു.

"ഞാൻ ഇത്ര വിചാരശൂന്യനായിപ്പോയല്ലോ!" അവൻ ആത്മഗതം ചെയ്തു. "ആശ്രമം ഇപ്പോഠത്തന്നെ കടത്തിലാണ്. എന്റെ കുറ്റംകൊണ്ടു കടം വീട്ടിക്കുവാൻ പോകുന്നു. ഞാൻ എന്തുചെയ്യട്ടെ!" കുറ്റബോധം അവന്റെ മനസ്സിനെ മഥിച്ചു. എങ്കിലും എലികളെ കൊല്ലുന്നതു ശരിയാണെന്ന് അവനു തോന്നിയില്ല. വിശപ്പടക്കുന്നതു് ഒരു കുറ്റമാണോ? എങ്കിലും ശ്രേഷ്ഠന്റെ കല്പന എല്ലാറ്റിനേയും അവിടെനിന്നൊഴിക്കണമെന്നാണല്ലോ."

മാർട്ടിന്റെ മനസ്സിൽ ഒരു പുതിയ ആശയം ഉദിച്ചു. അനുസരിക്കുമെങ്കിൽ അവ പാകേണ്ടിവരികയില്ല. ഒരു എലിയെ കണ്ടു് അതിന്റെ കൂട്ടുകാരെയെല്ലാം വിളിച്ചുകൂട്ടുവാൻ ഇടപാട് ചെയ്യുന്നതിനു് അവൻ നിശ്ചയിച്ചു. തുണി ഇനിമേൽ തിന്നരുതെന്നും ഭക്ഷണം നിശ്ചിതസ്ഥലത്തും സമയത്തും കൊടുത്തുകൊള്ളാമെന്നുമുള്ള വ്യവസ്ഥയിൽ ഒരൊത്തുതീർപ്പിനാണു് അവന്റെ ഒരുക്കം.

ഒരു മരച്ചുവട്ടിൽ മാർട്ടിൻ ഒരു എലിയെകണ്ടു. അവൻ അതിനെ വിളിച്ചു. അതോടിവന്നു. "വരൂ സോ

ടരാ, അട്ടത്തുവരൂ. നാം പരസ്പരം ഉപകാരികളായി കഴിയേണ്ടവരല്ലേ. അതിനല്ലേ ദൈവം നമ്മെയെല്ലാം സൃഷ്ടിച്ചിരിക്കുന്നതു്?" ആ എലി ചെവിയോർത്തു മാർട്ടിന്റെ വാക്കുകളെ ശ്രവിച്ചു. അവൻ പിന്നെയും എന്തോ എല്ലാം പറഞ്ഞു. അവർതമ്മിലുള്ള ഉടമ്പടി അങ്ങനെ അന്നാരംഭിച്ചു.

ഏഴാമധ്യായം

വില്ലായിൽ

ആശ്രമത്തിലേ എലിശല്യം അവസാനിച്ചതു് എല്ലാവരും ഒരുപോലെ അറിഞ്ഞു. എലിയുടെ ഉപദ്രവം അവസാനിച്ചതിലായിരുന്നില്ല; പ്രത്യുത, മാർട്ടിന്റെ ചൊല്പുകേട്ട സന്ന്യാസോചിതമായ അനുസരണം പാലിച്ചുകൊണ്ടു് ആ തിരുക്കുകർം അവയ്ക്കായി നിശ്ചയിക്കപ്പെട്ട സ്ഥലത്തുമാത്രം ജീവിക്കുന്ന എന്നതിലായിരുന്നു അവരുടെ വിസ്മയം. എലിയുടെപേരിൽ പിന്നീടു് ആക്ഷേപം പരാതിയുണ്ടായില്ല. മാർട്ടിൻ നല്കിയ നിയമം അവ ഒരിക്കലും ലംഘിച്ചില്ല.

"എത്ര വിചിത്രമാണീ കാര്യം." കേട്ടവർ കേട്ടവർ പറഞ്ഞു. മിണ്ടാപ്രാണികളെ മെരുക്കിയെടുക്കുന്നതിൽ മാർട്ടിനുള്ള പാടവം അനിതരസാധാരണമാണു്. എലിയുമായുള്ള അവന്റെ ഹൃദ്യമായ സംഭാഷണം ആരേയാണു് അത്ഭുതപ്പെടുത്താത്തതു്? ഒരു എലിവഴിയായി

അവൻ നല്കിയ നിർദ്ദേശം എല്ലാ എലികളും സ്വീകരിച്ചു. എല്ലാംകൂടെ ഒരു ജാഥായായിട്ടാണ തോട്ടത്തിലേയ്ക്ക സ്ഥലംമാറിപ്പോയതു്. ട്രക്സാക്ഷികൾ പറഞ്ഞില്ലായിരുന്നെങ്കിൽ ഇതു് ആരു വിശ്വസിക്കുമായിരുന്നു?

എലിയുടെ ശല്യം അവസാനിച്ചെങ്കിലും മറ്റു പ്രയാസങ്ങൾ ആശ്രമവാസികളെ അലട്ടിക്കൊണ്ടിരുന്നു. ധനാഗമമാർഗ്ഗങ്ങളൊന്നുമില്ലാതെ 'വിത്തുകുത്തിക്കഴിയുന്ന' കാലമായിരുന്നു അതു്. കടം വീട്ടുവാനോ ചെലവു കഴിയുവാനോ മാർഗ്ഗം കാണാതെ അവർ കുഴഞ്ഞു. പ്രാർത്ഥനയല്ലാതെ മറെറന്തുമാർഗ്ഗമാണു് ആ സാധുസന്യാസിമാർക്കുള്ളതു്? ആശ്രമാധിപന്റെ കാര്യമാണു ക്രൂടതൽ പരിതാപകരം. അദ്ദേഹം എന്തു ചെയ്യും? എന്നാൽ, തനിക്കു വല്ലതും കഴിയുമോ എന്നു മാർട്ടിൻ തലചൃഴിഞ്ഞാലോചിച്ചുനോക്കി. പലദിവസങ്ങൾ കടന്നുപോയി. എങ്കിലും ആശ്രമത്തിന്റെ സ്ഥിതി അഭിവൃദ്ധിപ്പെട്ടുവാൻ അവൻ മാർഗ്ഗമൊന്നും കണ്ടില്ല. ആ ലീമാപ്പട്ടണത്തിൽ അന്നു് ഒരു നീഗ്രോപയ്യൻ വിചാരിച്ചാൽ എന്തുസാധിക്കാനാണു്! മരണംവരെ മറ്റുള്ളവർക്കു് അടിമവേല ചെയ്തുകഴിയുക എന്നുള്ളതല്ലാതെ ആ കറുത്ത ജാതിക്കാരേക്കൊണ്ടുണ്ടോ വലിയ കാര്യങ്ങൾ വല്ലതും സാധിക്കുവാൻ പോകുന്നു!

ഒരു പ്രഭാതത്തിൽ മാർട്ടിൻ മുറ്റം അടിച്ചുകൊണ്ടിരിക്കുകയായിരുന്നു. കാല്പ്പെരുമാറ്റംകേട്ടു തിരിഞ്ഞുനോക്കിയപ്പോൾ പുറത്തേക്കിറങ്ങിപ്പോകുന്ന ആശ്രമശ്രേഷ്ഠനെയാണു് അവൻ കണ്ടതു്. ആശ്രമത്തിൽ

കണ്ണാടിക്കൂട്ടിലിട്ട സൂക്ഷിച്ചിരുന്ന വിലയേറിയ ചില പടങ്ങൾ അദ്ദേഹം ചുമന്നുകൊണ്ടു പോകുന്നു. എങ്ങോട്ട്? എന്തിനായിട്ട്? അധികം അവൻ ആലോചിക്കേണ്ടിവന്നില്ല.

"ഹാ ദൈവമേ! ഒൻപതുവർഷമായി ഞാൻ ഇവിടെ താമസംതുടങ്ങിയിട്ട്. ഇക്കാലമെല്ലാം ഇവർ എന്നെ തീററിപ്പോററി. ഇപ്പോഴിതാ ഭക്ഷണാദികൾക്കുമാർഗ്ഗമില്ലാത്തതിനാൽ ആ വിലയേറിയ ചിത്രങ്ങൾ വില്ക്കുവാൻ കൊണ്ടുപോകുന്നു. ആരും ആരാണു ചെയ്യുന്നത്? ദൈവമേ, നീതന്നെ ഒരു നിവൃത്തിമാർഗ്ഗം എനിക്കു കാണിച്ചു തരണേ!" മാർട്ടിൻ ഹൃദയം പൊട്ടി പ്രാർത്ഥിച്ചു.

പെട്ടെന്ന് ഒരാശയം അവനുണ്ടായി. "പടത്തിനു പകരം എന്നെ വിറുകൊള്ളട്ടെ. ഞാൻ ചെറുപ്പമാണ്." തണ്ടും തടിയുമുള്ള ഒരു യുവാവു ലീമാച്ചന്തയിൽ വിലപ്പോക്കുള്ള ഒരു ചരക്കാണെന്നു മാർട്ടിനറിയാം. "എന്നെ വാങ്ങിക്കുവാൻ സന്നദ്ധതയുള്ള പണക്കാർ ലീമായിൽ ധാരാളം കാണും." നല്ല ആശയം! അതേക്കുറിച്ചു രണ്ടാമതൊന്നു ചിന്തിക്കേണ്ട ആവശ്യം അവനുണ്ടായില്ല.

മാർട്ടിൻ പിന്നെ അവിടെ നിന്നില്ല. ഒറ്റയോട്ടം; അവൻ ആശ്രമാധിപന്റെയ്ക്കുടെ എത്തി. വിയത്തൊലിച്ചും വാടിത്തളർന്നും ഓടിവരുന്ന മാർട്ടിനെ കണ്ടപ്പോൾതന്നെ കാര്യമെന്തെന്നറിയാതെ അദ്ദേഹം അമ്പരന്നു.

"അച്ചാ, ദയവായി ആ പടങ്ങൾ വില്ക്കരുതേ! പകരം എന്നെ വിറുകൊള്ളുക." അവൻ ഒറ്റശ്വാസ

ത്തിൽ പറഞ്ഞു. അദ്ദേഹം അവന്റെ മുഖത്തേക്കുതന്നെ നോക്കിക്കൊണ്ടു നിന്നു. സ്നേഹം തുളുമ്പുന്ന അവന്റെ മുഖഭാവവും പരമാർത്ഥത തെളിഞ്ഞുമിന്നുന്ന ആ കണ്ണുകളും അദ്ദേഹത്തിന്റെ മനഃക്ലേശങ്ങൾക്കു തെല്ലു ശമനം നല്കി.

"നിന്നെ വില്ക്കാനോ മാർട്ടിൻ?"

"അതേ, ഒരടിമയായി എന്നെ വില്ക്കുവാൻ."

"എന്തിന്? ആരു പറഞ്ഞുതന്നു കുഞ്ഞിന് ഈ ബുദ്ധി?"

"ആരും പറഞ്ഞുതന്നതല്ല. നമ്മുടെ കടംവീട്ടുന്നതിനുള്ള മാർഗ്ഗം കാണിച്ചുതരണമെന്നു ദൈവത്തോട് അപേക്ഷിച്ചതിന്റെ ഫലമായി എനിക്കു തോന്നിയതാണീമാർഗ്ഗം. എന്നെ നല്ലവിലയ്ക്കു വാങ്ങിക്കുവാൻ ആരെങ്കിലുംകാണും. ചന്തയിൽ നമുക്കൊന്നുപോഷിക്കാം."

ആ വൈദികന്റെ പൈതൃകകരങ്ങൾ മാർട്ടിനെ തലോടി. അവന്റെമുഖം വീണ്ടും അദ്ദേഹം സൂക്ഷിച്ചു. ഒരു പുതിയ പ്രകാശം അവിടെ തെളിഞ്ഞുമിന്നിയിരുന്നു. സേവനത്തിനായി വെമ്പൽകൊള്ളുന്ന ആ ബാലിശപ്രേരണയുടെ പിന്നിൽ ഒരു മഹാത്മാവിന്റെ സ്നേഹവും ത്യാഗവും അദ്ദേഹം ദർശിച്ചു.

"മാർട്ടിൻ, നിന്റെ നിർദ്ദേശം കുറേ കടന്നുപോയി. പണത്തിനായി വില്ക്കാൻ പാടില്ലാത്തതും പണംകൊടുത്തു വാങ്ങിക്കാൻ സാധിക്കാത്തതുമായ ചിലതെല്ലാമുണ്ടെന്നു നിനക്കറിയുവാൻ പാടില്ലേ? നീ വേഗം ആശ്രമത്തിലേക്കുതന്നെ പോകുക."

മാർട്ടിന്റെ ഹൃദയം അസ്വസ്ഥമായിരുന്നെങ്കിലും

അധികാരിയുടെ അഭിലാഷത്തിന് അതു പൂർണ്ണമായും വിധേയമാണ്. എങ്കിലും അവന് ഒരു സംശയംകൂടെ പിന്നെയും ശേഷിക്കുന്നു. തന്റെ ആഗ്രഹനിവർത്തിക്ക് ഒരു വിശദീകരണംകൂടെ വേണമോ എന്ന്. പക്ഷേ, ചിന്താധീനനായി നില്ക്കുന്ന മാർട്ടിന്റെ ഹൃദയം ആശ്രമാധിപൻ മനസ്സിലാക്കി.

"വേണ്ടാ മകനെ! യാതൊരു ന്യായവാദങ്ങളും വേണ്ടാ. എനിക്കെല്ലാം മനസ്സിലായി. നീ പൊയ്ക്കോള്ളൂ അല്ലെങ്കിൽ, നില്ക്കൂ; ഒരു കാര്യം എനിക്കിപ്പോൾ തോന്നി. അതു പറയാം." ആത്തിയോടേ മാർട്ടിൻ അദ്ദേഹത്തിന്റെ മുഖത്തേയ്ക്കു നോക്കി. "നീ ഞങ്ങളോടുകൂടി താമസമായിട്ട് ഇപ്പോൾ ഒൻപതു വർഷമായിരിക്കുന്നു."

"അതേ, എനിക്കിപ്പോൾ ഇരുപത്തിനാലു വയസ്സായി. എന്നെപ്പോലെ ഇത്ര ആരോഗ്യവും ശക്തിയുമുള്ള ഒരുവനെ ആരെങ്കിലും...."

"നിർത്തു; അസംബന്ധം! ഞാൻ പറയുന്നതു കേൾക്കുക. നിനക്കു അല്പം വിശ്രമം അനുവദിക്കേണ്ട കാലം കടന്നിരിക്കുന്നു. അതിനാൽ ഇന്നുതന്നെ 'ലീമതാംബോ' യിലുള്ള നമ്മുടെ 'വില്ലാ'യിലേക്കു പോകുവാൻ ഒരുങ്ങിക്കൊള്ളുക. രണ്ടാഴ്ചക്കാലം അവിടെ താമസിച്ചു പൂർണ്ണമായി വിശ്രമിക്കുക. അപ്പോൾ നിന്റെ ക്ലേശങ്ങൾ മാറി, ഉത്സാഹവും ഉണർവും ഉണ്ടാകും." മാർട്ടിൻ അത്ഭുതപ്പെട്ടു നിന്നുപോയി. ആശ്രമാധിപനാകട്ടെ തന്റെ ചുമട്ടം പേറിക്കൊണ്ടു ചന്തയിലേക്കു പോകുകയും ചെയ്തു.

മാർട്ടിൻ ആശ്രമത്തിലേക്കു തിരിച്ചു. അന്നുതന്നെ

നിർദ്ദേശാനുസരണം 'ലീമതാംബോ'യിലേക്കു വിശ്രമാർത്ഥം പുറപ്പെടുകയും ചെയ്തു. പട്ടണത്തിൽനിന്നു പത്തു മൈൽ അകലെയാണാസ്ഥലം. ഒലിവുവൃക്ഷങ്ങളും പഞ്ഞി, കരിമ്പുമുതലായവയും അവിടെ ധാരാളമുണ്ടായിരുന്നു. ആ ഗ്രാമവീഥിയിലൂടെ അവൻ പോയപ്പോൾ പച്ചവിരിച്ച പ്രകൃതി തന്നെനോക്കി പുഞ്ചിരിതൂകുന്നതായി അവനു തോന്നി. വെള്ളിമേഘങ്ങളിൽ ചെഞ്ചായം പൂശിക്കൊണ്ടു സായാഹ്നസൂര്യൻ അവനെ സൂക്ഷിക്കുന്നുണ്ടായിരുന്നു. പച്ചിലകളിൽ പറന്നു നടക്കുന്ന കൊച്ചു പക്ഷികൾ അവനു സ്വാഗതംപാടി. പുൽച്ചെടികൾ പൂച്ചെണ്ടുകളുമായി അവനെ സ്വീകരിച്ചു. അവൻ ആനന്ദം ആസ്വദിച്ചു.

ഉദ്ദിഷ്ടസ്ഥാനത്തെത്തുവാൻ ഉദ്ദേശം രണ്ടുമൈൽക്കൂടി ഇനി പോകണം. അപ്പോൾ അവൻ ആ വഴിയിൽ കണ്ടുമുട്ടി ചില ചെങ്ങാതിമാരെ. പൊടിയിൽനിന്നും പിടഞ്ഞെഴുന്നേറ്റു് ഓടിവന്ന മൂന്നു നീഗ്രോക്കുട്ടികളാണവർ. രണ്ടു പെൺകുട്ടികളും ഒരു ആൺകുട്ടിയും—കീറത്തുണിയുംചുറ്റി, മൂളിപ്പാട്ടുംപാടി, ഓടിയടുത്ത അവരുടെ ചെങ്ങാത്തം മാർട്ടിന് ഏറ്റവും അഭികാമ്യമായിരുന്നു. പല കുശലങ്ങളും അവൻ അവരോടു ചോദിച്ചു. പെൺകുട്ടികൾ ഭയത്തോടും ലജ്ജയോടും മാർട്ടിനെത്തന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടു മാറി നില്ക്കുകയായിരുന്നു. ആൺകുട്ടിക്കാകട്ടെ ഭയമോ ശങ്കയോ അശേഷം ഇല്ലായിരുന്നു. അവർ ചോദിച്ചു, "ഞങ്ങൾക്കു വിശക്കുന്നതിനെന്തെങ്കിലും തരാനുണ്ടോ?"

"വല്ലതും കണ്ടേക്കും." മാർട്ടിൻ പറഞ്ഞു. ആശ്ര

മത്തിൽനിന്ന് അല്പം കരുതലോടേയാണ് അവൻ ഇറങ്ങിയതു്. യാത്രാഭക്ഷണത്തിനായി കുറെ അപ്പവും പഴങ്ങളും അവൻ എടുത്തിട്ടുണ്ടായിരുന്നു. അതു തിന്നുന്നതിനുള്ള സൗകര്യം നോക്കിവരികയായിരുന്നു. വിശപ്പും ദാഹവും അവനെ വിഷമിപ്പിച്ചുതുടങ്ങിയിരുന്നു. പക്ഷേ, ഇപ്പോൾ ആ കുഞ്ഞുങ്ങൾ അതു് അവനോടിരക്കുന്നു. അവൻ വിചാരിച്ചു: "ഇവർക്കു വീട്ടിൽ തിന്നുവാൻ യാതൊന്നും ഉണ്ടായിരിക്കയില്ല. എനിക്കാകട്ടെ ഉദ്ദിഷ്ടസ്ഥാനത്തെത്തിയാൽ തീർച്ചയായും എന്തെങ്കിലും കിട്ടും."

"എന്റെ കൈയിൽ കുറച്ചു് അപ്പവും പഴങ്ങളും ഉണ്ടു്. നിങ്ങൾക്കു വേണമെങ്കിൽ അതു തിന്നാം." മാർട്ടിൻ കരുണാപുരസ്സരം അവരോടു പറഞ്ഞു.

"ദൈവം അങ്ങേ അനുഗ്രഹിക്കും!" അവരുടെ മ്ലാനവദനങ്ങൾ പ്രകാശിതമായി. ലജ്ജാവിവശരായി നിന്നിരുന്ന പെൺകുട്ടികൾ സ്നേഹവും പരിചയവും ഭാവിച്ചു തുടങ്ങി.

അടുത്തുണ്ടായിരുന്ന ഒരു മരത്തിന്റെ ചുവട്ടിൽ അവർ പടിഞ്ഞിരുന്നു. മാർട്ടിൻ ഭാണ്ഡം അഴിച്ചു് അവരുടെ മധ്യത്തിൽവെച്ചു. ഞൊടിയിടകൊണ്ടു് അപ്പക്ഷണങ്ങളും പഴവുമെല്ലാം അവർ തീർത്തു. ആത്മിയോടേ ആ കുഞ്ഞുങ്ങൾ തിന്നുന്നതു കണ്ടപ്പോൾ തന്റെ വിശപ്പും ദാഹവുമെല്ലാം ശമിച്ചതായി മാർട്ടിനു തോന്നി. പെട്രോ, മരിയ, ക്ലാര എന്നാണു് ആ കുട്ടികളുടെ പേരുകൾ. പേട്രോ ആ പാത്രം തിരിച്ചുംമറിച്ചും പരിശോധിച്ചു. ഒരു പൊടിപോലും അതിൽ ശേഷിച്ചിട്ടില്ല.

മരിയയ്ക്കു വയസ്സ് ആറേയുള്ളൂ. അവളുടെ ചുരുണ്ടു കൊഴുത്ത മുടി ആകർഷകമായി മാർട്ടിനു തോന്നി. അവൾ മാർട്ടിനെ സമീപിച്ചു പറഞ്ഞു: "നിങ്ങൾ വളരെ നല്ലയാളുതന്നെ. എന്താണീ ഉടുപ്പിനിത്ര നീളം? ഇതു വെള്ളക്കമ്പിളിയാണല്ലോ!"

"അതേ, ഈ നീണ്ട വസ്ത്രം ഞാൻ ധരിക്കുന്നതു ഞാൻ ഒരു ഡോമിനിക്കൻസഭാംഗമായതുകൊണ്ടാണു്."

"എന്തു്, ഡോമിനിക്കോ? അതെന്താണു്?"

അവൾ കണ്ണുമിഴിച്ചു. ആ മിഴികളിലേക്കുതന്നെ നോക്കിക്കൊണ്ടു മാർട്ടിൻ പറഞ്ഞു:

"ഡോമിനിക്കൻ— ദൈവസ്നേഹത്തെപ്രതിമാത്രം ജീവിക്കുന്ന ഒരു സന്യാസസഭയുടെ അംഗം."

"എന്നാൽ അങ്ങനു് ഒരച്ചനാണോ?" ക്ലാര അവളുടെ സംശയം വെളിപ്പെടുത്തി.

"അല്ല, ഞാനൊരച്ചനല്ല. ഒരു സഹോദരൻപോലുമല്ല വെറും ഒരു മൂന്നാംസഭക്കാരൻ."

അവളുടെ ജിജ്ഞാസ വർദ്ധിച്ചു. മാർട്ടിൻ വി. ഡോമിനിക്കിനെക്കുറിച്ചും ഡോമിനിക്കൻ സഭയെക്കുറിച്ചും പല സംഗതികളും അവരെ വിവരിച്ചു കേൾപ്പിച്ചു. ദൈവത്തെക്കുറിച്ചും ആത്മരക്ഷയെക്കുറിച്ചും അവരോടു സംസാരിക്കുവാൻ ആ അവസരം അവൻ ഉപയോഗിച്ചു.

മാർട്ടിൻ ലീമതാംബോയിൽ രണ്ടാഴ്ച താമസിച്ചു. വിശ്രമാർത്ഥമുള്ള അവധിയായിരുന്നെങ്കിലും എപ്പോഴും അവനവിടെ ഓരോ ജോലി ചെയ്യുകൊണ്ടിരുന്നു. ആ

ല്ലാദിവസവും രാവിലേ വയലിൽ ഇറങ്ങി പണിയെടുക്കുക അവന്റെ പതിവായിരുന്നു. പിന്നീട് ആടുമാടുകളെ സംരക്ഷിക്കുന്നതിൽ ഏർപ്പെടും. ചികിത്സയിലുള്ള തന്റെ വൈദഗ്ദ്ധ്യം കന്നുകാലികളിൽ അവൻ പരീക്ഷിച്ചുനോക്കി. അവയെല്ലാം മാർട്ടിനെ വലിയ ഇഷ്ടമായി.

"ഈ ചെറുപ്പക്കാരൻ തീർച്ചയായും ഒരത്ഭുതമനുഷ്യൻതന്നെ!" ആ ഗ്രാമീണർ വിധിച്ചുകഴിഞ്ഞു. "ഇയാളെ മിക്കപ്പോഴും ഇങ്ങോട്ടയയ്ക്കണമെന്ന് ആശ്രമാധിപനോട് നമുക്കപേക്ഷിക്കണം." അവർ ഒരേ സ്വരത്തിൽ നിശ്ചയം പാസ്സാക്കി.

ആഴ്ചകൾ രണ്ടുകഴിഞ്ഞു. മാർട്ടിനു തിരികെപ്പോകുവാനുള്ള സമയമായി. അവിടത്തെ ജീവിതം അവനേറേം വ്യത്യമായിരുന്നു. മനോഹരമായ ഭൂപ്രകൃതി, ആരോഗ്യപ്രദമായ വായു, നിഷ്കളങ്കരായ കൊച്ചുകുട്ടികൾ— എല്ലാം മാർട്ടിന്റെ മനസ്സിനെ ഹഠാദാകർഷിച്ചു. ആ ഗ്രാമത്തിലേ കുട്ടികളെല്ലാം മാർട്ടിന്റെ പരിചിതരായിത്തീർന്നു. അവരെയെല്ലാം മാർട്ടിൻ വേദോപദേശം പഠിപ്പിക്കുകയും സുവിശേഷകഥകൾ പറഞ്ഞു രസിപ്പിക്കുകയും ചെയ്തിരുന്നു.

മാർട്ടിൻ അവരെ വിട്ടുപിരിയാൻ ഭാവിച്ചപ്പോൾ കുഞ്ഞുങ്ങൾ അവരുടെ പ്രതിഷേധം പ്രകടിപ്പിച്ചു. എന്നാൽ, ഇനിയും താമസിയാതെ മടങ്ങിവരാമെന്നു പറഞ്ഞു മാർട്ടിൻ അവരെ ആശ്വസിപ്പിച്ചു. ഒരു കാര്യം പ്രത്യേകം അവൻ അവരെ ഓർമ്മിപ്പിച്ചു—ദൈവസ്നേഹത്തെക്കുറിച്ചുള്ള പാഠം ഒരിക്കലും മറന്നു കളയരുതെ

ന്ന്. ദൈവത്തിനു യോഗ്യമായ ആലയമായിത്തീരത്തക്ക വണ്ണം നന്മയും വെണ്മയുമുള്ളവരായി ആത്മാവിന്റെ വിശുദ്ധിയെ പാലിച്ചുകൊണ്ടു ജീവിച്ചുകൊള്ളാമെന്ന് ആ കുഞ്ഞുങ്ങൾ സമ്മതിച്ചതിനു ശേഷമേ മാർട്ടിൻ അവരോട് യാത്ര പറഞ്ഞുള്ളൂ.

എട്ടാമധ്യായം

പുതിയ ജീവിതാവസ്ഥയിലേക്ക്

മാർട്ടിൻ സാന്തോ ദോമിങ്ങോയിൽ തിരിച്ചുവന്നിട്ട് അധികനാൾ കഴിഞ്ഞില്ല, ഒരു ദിവസം ആശ്രമശ്രേഷ്ഠൻ അവനെ സമീപിച്ച് ഒരു തുണസഹോദരനായി അവനെ ഉയർത്തുവാൻ പോകുന്നുവെന്ന സന്തോഷപ്രദമായ വാർത്ത അറിയിച്ചു. പ്രതീക്ഷിച്ചതുപോലുള്ള ഭാവവ്യത്യാസമൊന്നും മാർട്ടിനിൽ കാണാഞ്ഞതിൽ ശ്രേഷ്ഠൻ വിസ്മയിച്ചു. അവന്റെ അഭിപ്രായമറിഞ്ഞപ്പോൾ വിസ്മയം വർദ്ധിക്കുകതന്നെ ചെയ്തു. "ഞാനതിനു യോഗ്യനല്ല; ഇപ്രകാരമൊരു ബഹുമാനത്തിനു ഞാനൊരിക്കലും അർഹനല്ല." അവൻ തീർത്തുപറഞ്ഞു. മറ്റുള്ളവർക്കു തന്നാൽ കഴിയുന്ന സഹായങ്ങൾ ചെയ്ത് ആശ്രമത്തിൽ ഒരു വേലക്കാരനായിമാത്രം ജീവിക്കുകയാണ് അവനിഷ്ടം.

"ന്യായവാദംകൊണ്ടൊന്നും ഇനി ഫലമില്ല, മാർ

ട്ടിൻ. ഞങ്ങൾ നിശ്ചയിച്ചുകഴിഞ്ഞു. ഔദ്യോഗികമായി വിവരം നിന്നെ ധരിപ്പിക്കുന്നു. നിന്റെ സഭാപ്രവേശത്തിൻ വേണ്ട ഒരുക്കങ്ങളും ആരംഭിച്ചിട്ടുണ്ട്. നിനക്ക് അറിയിക്കുവാനുള്ളവരെയെല്ലാം അറിയിച്ചുകൊള്ളുക. ആ ചടങ്ങിൽ സംബന്ധിക്കുവാൻ നിന്റെ ബന്ധുജനങ്ങളേയും ഇഷ്ടന്മാരേയുമൊക്കെ ക്ഷണിക്കുക."

"ദൈവഹിതം നിറവേറട്ടെ!" അതായിരുന്നു ശ്രേഷ്ടനോടുള്ള അവന്റെ കൃതജ്ഞതാവചസ്സുകൾ. ദൈവസഹായത്തിൽ ശരണപ്പെട്ടുകൊണ്ട് ഒരു നല്ലസഹോദരനായി ജീവിക്കുവാൻ അവൻ നിശ്ചയിച്ചു. ദൈവത്തോടു പരസ്യമായി ചെയ്യുവാൻപോകുന്ന പ്രതിജ്ഞയെക്കുറിച്ച് ഓർത്തപ്പോൾ അവന്റെ ഹൃദയം തുടിച്ചു. സമ്മാനമായി തനിക്കു ലഭിച്ചുകൊണ്ടിരിക്കുന്ന ദൈവദാനങ്ങൾക്കും അനുഗ്രഹവർഷത്തിനും പ്രതിനന്ദി പ്രദർശിപ്പിക്കുവാൻ ആ പ്രതിജ്ഞ ആവശ്യകമായി അവനു തോന്നി.

നിർദ്ദേശപ്രകാരം മാർട്ടിൻ ഒരുങ്ങി. ബന്ധുജനങ്ങളേയും ഇഷ്ടന്മാരേയുമെല്ലാം വിവരം അറിയിച്ചു. അവന്റെ പുതിയ ജീവിതാവസ്ഥയിൽ മാതാപിതാക്കൾ അതിയായി സന്തോഷിച്ചു. വിവാഹിതയായി ലീമായിൽത്തന്നെ താമസിക്കുന്ന അവന്റെ കൊച്ചുസഹോദരി ജയിനിന്റെ കാര്യം പറയുകയും വേണ്ടല്ലോ.

ജീവിതാവസ്ഥയിൽ വന്ന കയറ്റം തൊഴിലിൽ യാതൊരു വ്യത്യാസവും വരുത്തിയില്ലെന്നുള്ളതു മാർട്ടിനെ സംബന്ധിച്ച ഒരു പ്രത്യേകതയാണ്. അവന്റെ ജോലികളെല്ലാം പഴയതുതന്നെ. മുറികൾ തൂത്തുവൃ

ത്തിയാക്കുക, രോഗികളെ ശുശ്രൂഷിക്കുക, തോട്ടത്തിൽ പണിയെടുക്കുകമുതലായ പഴയജോലികളെല്ലാം ക്രൂടുതൽ ഉത്സാഹത്തോടും ശ്രദ്ധയോടുംകൂടി അവൻ ചെയ്തുവന്നു. ഭക്ഷണത്തിനുവേണ്ട പച്ചക്കറിസ്സാധനങ്ങളെല്ലാം മാർട്ടിൻതന്നെ കൃഷിചെയ്തുണ്ടാക്കും. പള്ളിയിലേ ആവശ്യത്തിനുള്ള പുഷ്പങ്ങളും മാർട്ടിന്റെ തോട്ടത്തിലാണ വിരിയുന്നതു്. അവൻ സദാ ജോലിയിൽ ജാഗരൂകനാണു്. ഈലോകത്തിൽ മറവുള്ളവർക്കുവേണ്ടി വിശ്രമരഹിതനായി ജോലിചെയ്ത ദൈവമനുഷ്യനാണു് അവന്റെ മാതൃക. ദൈവമഹത്വത്തിനായി ഏതു ജോലിയും വിശ്വസ്തതയോടേ ചെയ്യുന്നതിൽപ്പരം അനുഗ്രഹിതവും അഭികാമ്യവുമായി മറെറാന്നില്ലെന്നു സ്വമാതൃകകൊണ്ടു് അവൻ ലോകത്തെ പഠിപ്പിച്ചു.

ഒരു പ്രഭാതത്തിൽ മാർട്ടിൻ തോട്ടത്തിൽ റോസച്ചെടികൾ നട്ടുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്നു പുറകിൽ ഒരു ശബ്ദംകേട്ടു തിരിഞ്ഞുനോക്കിയപ്പോൾ മുറിവേറെറ ഒരു പക്ഷി നിലത്തുകിടന്നു പിടയുന്നതായി അവൻ കണ്ടു. അതിന്റെ ദയനീയരോദനവും നിസ്സഹായമായ നോട്ടവും മാർട്ടിനെ വ്യാകുലചിത്തനാക്കി. അതിനെ ആശ്വസിപ്പിക്കുകയാണിനിയും അവന്റെ കൃത്യം. "ദൈവമേ, എന്തുപറ്റി ഈ സാധുവിനു"!" അവൻ അതിനെ എടുത്തു് ഒരു പരിശോധനനടത്തി. ഏതോ കുസൃതിക്കുട്ടികൾ കാണിച്ച നിർദ്ദയത്വമാണതു്. അതിന്റെ ഒരു കാലു് ഒടിഞ്ഞിരുന്നു. അവൻ ആ കാലു് ശരിക്കു പിടിച്ചുവെച്ചു. "സാരമില്ല ചങ്ങാതി; ഭേദമായിക്കൊള്ളും. സുഖമാകുന്നതുവരെ ഇവിടെത്ത

ന്നെ താമസിച്ചോള്ളൂ. ഞാൻതന്നെ തീറ്റിതന്നോക്കാം." മാർട്ടിൻ ആ പക്ഷിയെ ആശ്വസിപ്പിച്ചു. അവൻ പറഞ്ഞതു് ആ പക്ഷിക്കു മനസ്സിലായെന്നു തോന്നുന്നു. പിന്നീടതു വേദനയുടെ ലക്ഷണങ്ങളോ ഭയമോ കാണിച്ചില്ല.

മാർട്ടിൻ വീണ്ടും ജോലിയാരംഭിക്കുന്നതിനുമുൻപു ചെളിയിൽ പുതഞ്ഞ ഒരു വരത്തപ്പെട്ടി രക്തവും ഒലിപ്പിച്ചു കരഞ്ഞുകൊണ്ടു് ആ രംഗത്തേയ്ക്കുതന്നെ ഓടിവന്നു. "വളരെ പ്രയാസപ്പെട്ടു് ഇതാ വരുന്നു വേറൊരു സ്നേഹിതൻ! ഹാ, കഷ്ടം! നീ വലിയ ഒരു സമരത്തിലേപ്പെട്ടിട്ടാണല്ലോ വരുന്നതു്. കൊള്ളാം. ഏതായാലും ഞാനൊന്നു നോക്കട്ടെ." പട്ടി മാർട്ടിന്റെ സമീപം പറിച്ചേർന്നുനിന്നു. വേദനകൊണ്ടു് അതു മോങ്ങിക്കൊണ്ടിരുന്നു. മാർട്ടിൻ അതിനെ തഴുകി. "പാവം! മറ്റുപട്ടികൾ ഇതുയ്ക്കു നിന്നെ ഉപദ്രവിച്ചല്ലോ. സർവ്വാംഗം മുറിവുകൾ. ഒരു കാലും ഒടിച്ചു. ഞാനെന്താണു ചെയ്യുക." ദയനീയമായി അതു മാർട്ടിന്റെ മുഖത്തേയ്ക്കുതന്നെ നോക്കിക്കൊണ്ടിരുന്നു. "അതു നിരാശപ്പെടേണ്ടാ. സാരമില്ല. ഇതിനു പരിഹാരം നമുക്കുണ്ടാക്കാം." മാർട്ടിൻ പട്ടിയെ തന്റെ മുറിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അല്പസമയത്തിനുള്ളിൽ അവൻ അതിന്റെ മുറിവു കഴുകിക്കെട്ടി. അതോടെ വേദനയ്ക്കു ശമനവും ഉണ്ടായി. അതു വാലാട്ടിക്കൊണ്ടിരുന്നു. "ഇനി കാലൊന്നു കാണട്ടേ?" പക്ഷേ, ഉടൻതന്നെ മുറിയിലേ മണിനാദം മാർട്ടിനെ അങ്ങോട്ടു ക്ഷണിച്ചു. പട്ടിയുടെ തലയിൽ തഴുകിക്കൊണ്ടു മാർട്ടിൻ പറഞ്ഞു: "എനിക്കിപ്പോൾ പോകണം; എ

ന്നാൽ നീ ഒട്ടും വിഷമിക്കണ്ടാ. വേഗം ഞാൻ തിരിച്ചു വരും. അതുവരെ ഈ കിടക്കയിൽ അനങ്ങാതെ കിടന്നുകൊള്ളണം." പട്ടി വീണ്ടും വാലാട്ടി. അതിന്റെ സന്തോഷം വർദ്ധിച്ചു.

ഉടുമുറിയിൽ മാർട്ടിൻ അധികം താമസിച്ചില്ല. കുശിനിയിൽനിന്നും കുറെ പഴങ്ങളും അപ്പക്ഷണങ്ങളും എടുത്തുകൊണ്ട് ആശ്രമത്തിന്റെ പുറകിലത്തെ വാതിൽക്കലേക്ക് അവൻ പോയി. മാർട്ടിന്റെ സ്നേഹിതന്മാരിൽ അനേകർ അവിടെ കാത്തുനില്ക്കുന്നുണ്ട്. അവരെ അധികസമയം നിത്തി മുഷിപ്പിക്കുന്നതു മാർട്ടിനു സങ്കടമാണ്.

വലിയ ഒരാരവത്തോടെയാണു മാർട്ടിനെ അവർ സ്വീകരിച്ചതു്. സ്ത്രീപുരുഷന്മാരുംപ്പെടെ ഒരു അമ്പതിൽ കുറയാതെയുണ്ട്. അവരെക്കൂടാതെ കൊച്ചുകുട്ടികളുടെ ഗണം ഒന്നു വേറെയും. അവരിലധികവും ഒരുവു നിരങ്ങുന്ന ഭിക്ഷുക്കളാണ്. "ചേട്ടാ, വല്ലതും തിന്നാൻ തരണേ!" ഒരു വൃദ്ധ മുന്നോട്ടുവന്നു പറഞ്ഞു. മാട്ടിന്റെ ഉടുപ്പിൽ കടന്നുപിടിച്ചുകൊണ്ടു വല്ലതും തരണമേ എന്നൊരു കൊച്ചു പയ്യൻ. "ഒരു പഴം!" എന്നു വേറൊരുത്തൻ. മാർട്ടിൻ എല്ലാവരേയും കരുണയോടേ നോക്കി. അനന്തരം കൈയിലിരുന്ന സാധനങ്ങളെ നോക്കി എന്തോ ഒന്നുരുവിട്ടു. "ദൈവമേ നീ ഇവയെ ആശീർവദിച്ചു, വർദ്ധിപ്പിച്ചു് ഇവരെയെല്ലാം തീററിത്തൃപ്തരാക്കേണമേ."

ഏതാണ്ടു് ഒരു മണിക്കൂർ സമയം മാർട്ടിൻ അവിടെനിന്നുകാണും അവക്കെല്ലാം ഭക്ഷണം വീതിച്ചു വിള

ന്വിക്കൊട്ടക്കുവാൻ. അവൻ കൊണ്ടുവന്ന ഭക്ഷണം അ ന്വതിൽപരം ആളുകൾ സമൃദ്ധമായി ഭക്ഷിച്ചിട്ടും ഒട്ടും കുറയാതെകണ്ടാൽ ആരാണു വിസ്മയിക്കാത്തതു്! അ വൻ ആ പാത്രത്തിലേക്കു നോക്കുന്നില്ല. ഭക്ഷണം ക്ടു ന്നുണ്ടോ കുറയുന്നുണ്ടോ എന്നവനറിയേണ്ടാ. എല്ലാവ ക്കും ആവശ്യാനുസരണം കൊടുക്കുന്നതിൻ തന്റെ കൈ യിലുണ്ടെന്നുള്ള മട്ടിലാണു മാർട്ടിൻ അവരെ തീററി യു പ്തിപ്പെടുത്തുന്നതു്.

"ദൈവം അങ്ങേ അനുഗ്രഹിക്കട്ടെ! മാർട്ടിൻ ഞ ങ്ങളോടുകൂടെ എന്നും ജീവിക്കട്ടെ!" ആ ജനക്കൂട്ടം ആ ത്തുവിളിച്ചു. മാർട്ടിൻ അവർക്കു് ഉപകാരം പറയുക യും അവരുടെ പ്രാർത്ഥനാസഹായം യാചിക്കുകയും ചെയ്തു.

മിച്ചംവന്ന ഭക്ഷണവുമായി മാർട്ടിൻ കളപ്പുരയി ലേക്കു തിരിച്ചു. അവിടെയും ഉണ്ടു് അവൻ ഒരുസംഘം ചങ്ങാതിമാർ-പണ്ടു് ആശ്രമത്തിൽ ശല്യം ചെയ്തുകൊ ണ്ടിരുന്ന എലികൾ. അവിടെ ഒരു തള്ളപ്പട്ടിയും കുറെ കുഞ്ഞുങ്ങളും കിടപ്പുണ്ടായിരുന്നു. അവരെക്കൂടാതെ ഒ രു പൂച്ചയും അതിന്റെ കുഞ്ഞുങ്ങളും മറെറാരുഭാഗത്തു്. മാർട്ടിൻ ഭക്ഷണവുമായിവന്ന വിവരം അറിഞ്ഞു് എ ല്ലാവരും അടുത്തുകൂടി. പൂച്ചകൾ മാർട്ടിന്റെ ചുററും വട്ടമിട്ടു നടന്നു. അവയുടെ അടുത്തുതന്നെ പട്ടിയും വ ന്നുനിന്നു. യാതൊരു ശത്രുതയും അവതമ്മിലില്ല. കൗ തുകത്തോടെ മാർട്ടിൻ അവരെയെല്ലാം മാറിമാറി നോ ക്കി. "മനുഷ്യർ ഈ ജന്തുക്കളെ കണ്ടുപഠിച്ചിരുന്നെ ങ്കിൽ!" അവൻ വിചാരിച്ചു. "ഇവ പരസ്പരം സ്നേഹി

ച്ചു ജീവിക്കുന്നവെങ്കിൽ മനുഷ്യക്ക് എന്തുകൊണ്ടു യോജിപ്പും സ്നേഹവും പുലർത്തിക്കൂടാ? ജാതിയുടേയും മതത്തിന്റേയും നിറത്തിന്റേയുംപേരിൽ എന്തിനു മനുഷ്യർ പോരിതിരിഞ്ഞു മത്സരിക്കുന്നു?" എലിയുടെ നേരിയസ്വരം മാർട്ടിനെ അവന്റെ ചിന്തയിൽനിന്നും ഉണർത്തി. പട്ടിയേയും പൂച്ചയേയും സമീപിക്കുന്നതിനുള്ള ഭയത്താൽ മാളത്തിൽത്തന്നെ അവൻ പതുങ്ങിയിരിക്കയായിരുന്നു. വിവരം ഗ്രഹിച്ച മാർട്ടിൻ അവനേയും വിളിച്ചു തന്റെ സമീപത്തേക്ക്: "വരണം; ആരും നിന്നെ ഉപദ്രവിക്കയില്ല."

എലിയെ കണ്ടപ്പോൾ പട്ടിക്കും പൂച്ചയ്ക്കും ഭാവഭേദമുണ്ടായി. അവ തീറ്റനിർത്തി മാർട്ടിന്റെ മുഖത്തേക്കു നോക്കി. മാർട്ടിൻ പറഞ്ഞു: "നിങ്ങളേയും എന്നേയും ഉണ്ടാക്കിയ ദൈവംതന്നെ അതിനേയും സൃഷ്ടിച്ചു." എലിയും മാർട്ടിന്റെ പാത്രത്തിൽനിന്നു തീറ്റതുടങ്ങി. മൂന്നു സുഹൃത്തുക്കൾ—പട്ടി, പൂച്ച, എലി.

ഒൻപതാമധ്യായം

സഹോദരർ

ലീമായിൽ വേറേയും ഒരു ഡോമിനിക്കൻ ആശ്രമം ഉണ്ടായിരുന്നു. സാന്തോ ദൊമീങ്ഗോയിൽനിന്ന് ഒരുമൈൽ ദൂരംവരും അങ്ങോട്ട്. വി. മങ്ഗലനമറിയത്തിന്റെ നാമത്തിലാണ് അതിന്റെ പ്രതിഷ്ഠ. മാർട്ടിന്

അവിടെ ഒരാത്മസ്നേഹിതനുണ്ടായിരുന്നു–ജോൺഡമാസിയാൻ. മാട്ടിനേക്കാൾ ആറുവയസ്സിനിളപ്പമാണ് അയാൾ. മാസത്തിൽ ഒരിക്കലെങ്കിലും അയാളെ ചെന്നു കാണുന്ന പതിവു മാർട്ടിനുണ്ടായിരുന്നു.

സ്പെയിൻകാരനായ ഈ ജോൺഡമാസിയൻ ബാല്യത്തിൽത്തന്നെ തെക്കേ അമേരിക്കയിൽ വന്നതാണ്. സന്ന്യാസജീവിതം സ്വീകരിക്കുന്നതാണു തന്നെസംബന്ധിച്ചിടത്തോളം ദൈവേഷ്ടം എന്നു ഗ്രഹിച്ചതോടെ അദ്ദേഹം ആ ആശ്രമത്തിൽച്ചേർന്ന് ഒരു സഹോദരനായി. അദ്ദേഹത്തിന്റെ പുണ്യജീവിതം ആശ്രമവാസികളെ ആകർഷിച്ചു. അവർ അയാൾക്കു നല്കിയ ജോലി സന്ദർശകരെ സ്വീകരിക്കുക, ഭിക്ഷകൊടുക്കുക, ഭക്ഷണം വിളമ്പിക്കൊടുക്കുക മുതലായവയായിരുന്നു.

ഒരു സായാഹ്നത്തിൽ ലീമാപ്പട്ടണത്തിലേ തെരുവിൽക്കൂടെ മാർട്ടിൻ ശീഘ്രം നടന്നുപോകുകയാണ്. അന്ന് ഒഴിവുദിവസമായിരുന്നു—വിനോദയാത്രയ്ക്ക് അനുവാദമുള്ള ദിവസം. എന്നാൽ, ഈദൃശസന്ദർഭങ്ങളിൽ സ്നേഹിതന്മാരെ സന്ദർശിക്കുന്നതിനും അവരുമായി ആധ്യാത്മികസംഭാഷണങ്ങളിൽ ഏർപ്പെടുന്നതിനുമായിട്ടാണു മാർട്ടിൻ ഉപയോഗിച്ചിരുന്നതു്.

"അയാളുടെ വിവരം അറിഞ്ഞിട്ടു മാസം ഒന്നായി. കാൻ പോകുന്നു. പ്രാർത്ഥനയും പ്രായശ്ചിത്തവുംമൂലം ആ സഹോദരൻ തീർച്ചയായും ക്ഷീണിച്ചിട്ടുണ്ടാവും." മാർട്ടിൻ വിചാരിച്ചു. അവന്റെ ശീഘ്രത വർദ്ധിച്ചു. ആ വളവു കഴിഞ്ഞുകാണുന്ന വലിയ മതിൽക്കെട്ടിങ്കൽ അവൻ എത്തി. അവിടെ കണ്ട പടി

പ്പുരയിലേക്കു കയറി, പുറത്തേക്കു തുങ്ങിക്കിടന്ന ചരടിൽ ആഞ്ഞു് ഒന്നു വലിച്ചു. ആശ്രമത്തിലേ മണി ആഗതന്റെ അഭീഷ്ടം സാധിച്ചുകൊടുത്തു.

"ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!"—ജോൺസഹോദരൻ മാർട്ടിനെ സ്വീകരിച്ചു് അകത്തേയ്ക്കു കൊണ്ടുപോയി. അവരുടെ സുഹൃൽസംഭാഷണത്തിനുള്ള സ്ഥലം മനോഹരമായ ഒരു പൂന്തോട്ടമാണു്. പാവനാത്മാക്കളുടെ അലൗകികസ്നേഹം പരസ്പരം പകരുവാൻ പറ്റിയ പശ്ചാത്തലം! വിശ്വവ്യാപകമായ സനാതനസ്നേഹത്തിന്റെ സംഗീതം പാടുവാൻ അവർ ആ തോട്ടത്തിൽ ചുറ്റിനടന്നു.

"എത്രനാൾ നാം ഒരുമിച്ചു് ഇനി ഈ തോട്ടത്തിൽ കൂടി നടക്കും? സ്നേഹിതാ, നിങ്ങളുടെ ആരോഗ്യം ക്ഷയിച്ചുവരുന്നല്ലോ?" മാർട്ടിൻ തന്റെ ആശങ്കയും ആകാംക്ഷയും അങ്ങനെ വെളിപ്പെടുത്തി. ജോൺ ഒന്നുറിച്ചിരിച്ചു. "എനിക്കു നല്ല സുഖംതോന്നുന്നുണ്ടു മാർട്ടിൻ. ദൈവം എനിക്കു നല്ലതേ ചെയ്യുന്നുള്ളൂ. ദൈവത്തിനു സ്തോത്രം. മാർട്ടിൻ, നിങ്ങളോടു കടപ്പെട്ടവരായി എന്നെക്കൂടാതെ എത്രയോ പേർ ഇവിടെത്തന്നെ ഉണ്ടു്. അവരാരും നിങ്ങൾ ചെയ്ത സഹായങ്ങൾ മറക്കയില്ല. പ്രത്യേകിച്ചു്..... ആരെന്നു് ഊഹിച്ചു പറയാമോ മാർട്ടിൻ?" ശിശുസഹജമായ പരമാർത്ഥതയോടേ ജോൺ ചോദിച്ചു. മാർട്ടിൻ പൂർവ്വകാലസ്മരണകളെ തിരിച്ചുവിളിച്ചു. പെട്ടെന്നു വിജയഭാവത്തിൽ "ലൂയി സഹോദരനെയാണു് നിങ്ങളുദ്ദേശിക്കുന്നതു്" എന്നു മറുപടിയും പറഞ്ഞു. അവന്റെ ഊഹം തെറ്റിയില്ല. ലൂയിയുടെ

കൈയ്യ പറഞ്ഞ സാരമായ അപകടത്തിൽനിന്ന് അ യാളെ രക്ഷിച്ചതു മാർട്ടിനാണ്. "നിങ്ങം ചെയ്ത ആ വലിയ ഉപകാരത്തിന് അയാളെന്നും നിങ്ങളോട് കട പ്പെട്ടിരിക്കും. പൗരോഹിത്യത്തിന്റെ ഉന്നതപദവിയെ പ്രാപിക്കുമ്പോം, ദിവ്യരക്ഷകനെ സ്വന്തം കരങ്ങളി ലെടുക്കുമ്പോം, അയാം എങ്ങനെ നിങ്ങളെ വിസ്മ രിക്കും?"

"അപ്പോം അയാം ദൈവാനുഗ്രഹത്തെക്കുറി ച്ചോർക്കും." മാർട്ടിൻ തിരുത്തിക്കൊടുത്തു. യാതൊരു ന ല്ല പ്രവൃത്തിയുടേയും ഉടമസ്ഥാവകാശം മാർട്ടിൻ സ്വീ കരിക്കയില്ലെന്നു ജോണിനു നല്ലതുപോലെ അറിയാം.

ആ ഉദ്യാനത്തിന്റെ ഒഴിഞ്ഞകോണിലിരുന്ന് ആ ശയങ്ങം കൈമാറിയ ഉറ്റമിത്രങ്ങം അപ്പോം അറി ഞ്ഞില്ല സമയംപോയ വിവരം. അവരുടെ ആത്മീയാ വശ്യങ്ങളെക്കുറിച്ചും വിദൂരമിഷ്യൻസ്ഥലങ്ങളെക്കുറിച്ചും ലീമായിലേ ദരിദ്രരും രോഗികളുമായ അനേകം പീഡി തരെക്കുറിച്ചും അവർ സംസാരിച്ചു. അവർക്കെല്ലാവർ ക്കുംവേണ്ടി അവർ തീക്ഷ്ണതയോടേ പ്രാർത്ഥിച്ചു.

മാട്ടിനെപ്പോലെ ജോണും സാധുസംരക്ഷണത്തിൽ അതീവതത്പരനായിരുന്നു. ആശ്രമവാതിൽക്കൽ ദ രിദ്രർക്കു ഭക്ഷണം കൊടുക്കുക എന്നതു് അദ്ദേഹത്തി ന്റേയും മുടങ്ങാത്ത പതിവാണ്. ദുഃഖിതരേയും പീഡി തരേയും ആശ്വസിപ്പിക്കുന്നതിനും അവർക്ക് ആത്മ ധൈര്യവും ഭക്തിതീക്ഷ്ണതയും പ്രദാനം ചെയ്യുന്നതിനും മാർട്ടിനെപ്പോലെ ജോണും സദാ സന്നദ്ധനായിരുന്നു.

എല്ലാം ദൈവസ്നേഹത്തെപ്രതിമാത്രമാണ് അദ്ദേഹവും ചെയ്യുന്നത്.

"ഈ ആശ്രമത്തിൽ നിങ്ങൾ എത്രപേരുണ്ട്?" മാർട്ടിൻ ചോദിച്ചു.

"എത്രയെന്നോ? അച്ചന്മാരും സഹോദരന്മാരുമുൾപ്പെടെ നൂറിൽപ്പരം വരും."

"വേറെ ആരും ഇല്ലേ?"

"ഒരു ഡസനോളം മൂന്നാംസഭക്കാരും ഉണ്ടാകും." അവരുടെ മുഴുവൻ സമയവും ആശ്രമത്തിനായി ചെലവഴിക്കുന്നു. പ്രതിഫലമോ വെറും കിടപ്പിടവും ഭക്ഷണവും മാത്രം. മാർട്ടിനും ഒരിക്കൽ ആ നിലയിൽ കഴിഞ്ഞതാണല്ലോ.

"അവരെക്കൂടാതെ?"

"ആറ് അനാഥക്കുഞ്ഞുങ്ങളെ ഒഴിച്ചാൽ വേറെ ആരുമില്ല."

"മാർട്ടിന്റെ ഉത്സാഹം വർദ്ധിച്ചു. അവൻ അറിയേണ്ടതറിഞ്ഞു. ആറ് അനാഥക്കുഞ്ഞുങ്ങൾക്ക് ആ ആശ്രമം അഭയംനല്കുന്നുണ്ട്. എന്നാൽ, അവർ ആൺകുട്ടികൾ മാത്രമാണ്. അനാഥപ്പെൺകുട്ടികളുടെ കാര്യം ആരന്വേഷിക്കുന്നു? ആ വലിയ പട്ടണത്തിൽ അനാഥക്കുഞ്ഞുങ്ങളുടെ എണ്ണം വളരെയാണ്. അവർക്കുപാർപ്പിടങ്ങൾ തീരെ കുറവും. ആശ്രമങ്ങളും കന്യാസ്ത്രീമഠങ്ങളും കുറച്ചുപേർക്കുമാത്രം അഭയമരുളുന്നുണ്ട്. എന്നാൽ, അതുകൊണ്ട് അവരുടെ പ്രശ്നം അവസാനിക്കുന്നില്ല. പെൺകുട്ടികളുടെ കാര്യമാണു കഷ്ടതരം. അവർക്കു പണിയെടുക്കുന്നതിനോ അങ്ങനെ ജീവസന്ധാരണ

ത്തിനുള്ള മാർഗ്ഗം കാണുന്നതിനോ നിവൃത്തിയില്ല. ശക്തന്മാരായ അടിമകളുള്ളപ്പോൾ അബലകളെ ആർ വേലയ്ക്കു നിറുത്തും? ചിലർ പട്ടിണികൊണ്ടു മരിക്കുന്നു. മറ്റനേകർ അപഥസഞ്ചാരംകൊണ്ട് ആത്മാവിനെ നശിപ്പിക്കുന്നു.

"ഡോൺ2ത്തേയോ വളരെ ഉദാരശീലനും വലിയ പണക്കാരനുമാണ്." മാർട്ടിൻ ജോണിനോടു പറഞ്ഞു. "അയാളെ സമീപിച്ചാൽ നമ്മുടെ ഈ പ്രശ്നത്തിനൊരു പരിഹാരം നേടാം. അദ്ദേഹം സാധുസംരക്ഷണത്തിൽ അതീവതാത്പര്യം പ്രദർശിപ്പിക്കുന്നവെന്നും പരോപകാരാർത്ഥം തന്റെ സ്വത്തുക്കൾ മുഴുവൻ ഉപയോഗിക്കുന്നുവെന്നുമാണു കേൾവി." മാർട്ടിന്റെ അഭിപ്രായം ജോൺ ശരിവച്ചു. അന്നുതന്നെ അദ്ദേഹത്തെ കാണേണ്ടതാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

അവർ യാത്രപറഞ്ഞു പിരിഞ്ഞപ്പോൾ സൂര്യാസ്തമയം സമീപിച്ചിരുന്നു. പോകുന്നവഴിക്കു മത്തേയോ കുടുംബമായിരുന്ന മാർട്ടിന്റെ ചിന്താവിഷയം. ആർദ്രഹൃദയനായിരുന്ന മത്തേയോപ്രഭു. അയാളുടെ ഭാര്യ ഔദാര്യസമ്പന്നയും. മാർട്ടിനു ചെറുപ്പത്തിലേ ആ സ്ത്രീയെ പരിചയമാണ്. അവളൊരു ബാലികയായിരുന്ന കാലത്തു മാർട്ടിൻ അവളുടെ വീട്ടിൽ കുറച്ചുനാൾ താമസിച്ചിട്ടുണ്ട്. അതിനുശേഷം എന്തെല്ലാം സംഭവിച്ചിരിക്കുന്നു.

ഏകപദോറിൽനിന്നു ലീമായിലേക്കു തിരിച്ചുവന്നപ്പോൾ മാർട്ടിനു വയസ്സു മുപ്പത്തിമൂന്നാണ്. അവന്റെ പഴയ പരിചിതരിൽ പലരും ഇഹലോകവാസം വെടി

ഞ്ഞുകഴിഞ്ഞു. മാതാപിതാക്കന്മാർ, ഡോൺഡിയോഗോ, വെന്തുരാ ഒലൂനാമുതലായവരെല്ലാം ആ പട്ടികയിൽപെട്ടം. മാർട്ടിൻ ആശ്രമത്തിൽ ചേന്പ്പോഴണ്ടായിരുന്ന പല സഹോദരന്മാരും വൈദികന്മാരും മൺമറഞ്ഞുകഴിഞ്ഞു. സ്വസഹോദരി ജയിൻ ഇന്നു പുനർവിവാഹിതയാണ്. ഇങ്ങനെ എത്രയെത്ര സംഭവങ്ങളാണ മാർട്ടിനെ സാക്ഷിനിത്തീക്കൊണ്ടു കടന്നുപോയിരിക്കുന്നത്.

ചിന്താഗ്രസ്തനായി പോകുന്ന മാർട്ടിൻ, തന്നെ വിളിക്കുന്ന ആ കൊച്ചുകുട്ടിയുടെ സ്വരം കേട്ടതേയില്ല. രണ്ടു പിഞ്ചുകരങ്ങൾ തന്നെ ചുറ്റിയപ്പോൾ മാത്രമാണ തൻെറ പിറകേ ആ ഇൻഡ്യൻബാലൻ അധികദൂരം ഓടിയിട്ടുണ്ടെന്നു മാർട്ടിൻ മനസ്സിലാക്കിയതു്.

"ആരു്, ആൻറണിയോ? നിനക്കെന്തു പറ്റി? എന്താണിത്ര കിതപ്പു്?"

"ഞാൻ അങ്ങയോടൊപ്പം എത്തുകയില്ലെന്നു വിചാരിച്ചു. അമ്മയ്ക്കു് അങ്ങയെ കാണണം. വേഗംവരണം. താമസിച്ചാൽ അമ്മ മരിച്ചുപോകും. രക്ഷയില്ലെന്നുഡോക്ടർ പറഞ്ഞു. അമ്മയ്ക്കുവേണ്ടി അങ്ങെന്നാന്നു പ്രാത്ഥിക്കണം." ആ കൊച്ചൻ തൊണ്ടയിടറിപ്പറഞ്ഞു. "അങ്ങയുടെ പ്രാർത്ഥനാസഹായം അപേക്ഷിക്കുവാൻ റോസീത്താ ആശ്രമത്തിലേക്കു പോയിട്ടുണ്ടു്." മാർട്ടിൻ വാത്സല്യപൂർവ്വം തൻെറ കൈകൾ ആ കൊച്ചുതൻെറ തോളിലിട്ടു. മാർട്ടിനൊഴിച്ചു മറെറാരപരിചിതൻ ആ കുട്ടിയുടെ ഇംഗിതം മനസ്സിലാക്കുകയില്ല.

റോസീത്താ—ഒരിക്കൽ ലീമായിലേ റോസപ്പൂണ്യ

വതി എന്നറിയപ്പെടാനുള്ളവരം—സാന്തോ ഡൊമീ ഞ്ഞോയിലേക്കു വരികയാണു് ഒരു രോഗിക്കുവേണ്ടി മാ ട്ടിന്റെ പ്രാർത്ഥന യാചിക്കുവാൻ. ലീമായിൽ എല്ലാവ ക്കും അറിയാം അവളൊരു പുണ്യാത്മാവാണെന്നു്. അ വളെ ട്ടുത്തുവളർത്തുന്ന അനാഥക്കും രോഗികൾക്കുംവേ ണ്ടി പ്രാർത്ഥനാസഹായം യാചിക്കുവാൻ സാന്തോ ഡൊ മീഞ്ഞോയിലേക്കവരം പോകുക സാധരണമാണു്.

"ഞാനിതാ വരുന്നു, ആൻറണി!" മാർട്ടിൻ ഉത്സാ ഹത്തോടേ പറഞ്ഞു. "നീ വിഷമിക്കണ്ടാ; നിന്റെ അ മ്മയ്ക്കു് അപകടമൊന്നും വരുകയില്ല. ഇപ്പോൾ രോഗം വളരെ ക്രൂരതലായി തോന്നുമെങ്കിലും ഭയപ്പെടാനില്ല; നാളെമുതൽ അവൾക്കാശ്വാസം ലഭിക്കും." കണ്ണുനീർ തുടച്ചുകൊണ്ടു് അവൻ ചോദിച്ചു. "അങ്ങാക്കാര്യം എ ങ്ങനെ അറിഞ്ഞു? ഡോക്ടർ പറഞ്ഞല്ലോ അമ്മ മരിച്ചു പോകുമെന്നു്?"

"തീർച്ചയായും. പക്ഷേ, ഈ രോഗത്താലല്ലനോയു ള്ളു. ഡോക്ടർ ഒന്നു പറയുന്നു; എന്നാൽ, ദൈവം മറി ച്ചുപറയുന്നു. ആൻറണി, പോകാം നമുക്കു റോസീത്താ യുടെ അടുക്കലേക്കു്."

അവർ നടന്നുതുടങ്ങി. സാന്തോ ഡൊമീഞ്ഞോയിലേ ആശ്രമഗോപുരം അവക്കുമുൻപിൽ അസ്പഷ്ടമായിട്ടെങ്കി ലും പൊങ്ങിക്കാണാം. അനാഥമന്ദിരം പണിയുന്ന കാ രുത്തെക്കുറിച്ചു മത്തേയോ പ്രേട്ടവിനോടു് ആലോചിക്കു ന്നതിനായിട്ടാണു മാർട്ടിൻ തിടുക്കത്തിൽ നടന്നു പോ ന്നതു്. പക്ഷേ, ദൈവം മറ്റൊരുതരത്തിൽ നിശ്ചയിച്ചു. റോസീത്താ മാർട്ടിനുവേണ്ടി കാത്തിരിക്കുകയാണു്. അ

താർക്കും ഒരു ബഹുമതിയാണതാനും.

അവർ ആശ്രമത്തിൽ ചെന്നപ്പോൾ മാർട്ടിൻ ആൻറണിയെ പള്ളിയിലേക്കു പറഞ്ഞയച്ചു. "നിൻെറ അമ്മയുടെപേക്ക് ഒരു കൊന്ത ഉചാല്ലി കാഴ്ചവെയ്ക്കുക." മാർട്ടിൻ സന്ദർശനമുറിയിലേക്കും പോയി. റൊസീത്താ മാർട്ടിനെ കാത്തിരിക്കുകയായിരുന്നു. അവർ പഴയ പരിചയക്കാരാണ്. അവർക്കു പൊതുവായി പലകാര്യങ്ങളുമുണ്ട്. ഇരുവരും ഒരു പള്ളിയിലാണു മാമ്മോദീസാ സ്വീകരിച്ചതു്. ഇരുവരും വി. ഡോമിനിക്കിൻെറ മക്കൾ. റൊസീത്തായ്ക്കു മാർട്ടിനേക്കാൾ ഏഴുവയസ്സു നിളപ്പുമുണ്ട്. ബാല്യപ്രായംമുതൽ അവൾ ലീമായിൽ പ്രസിദ്ധയാണ്.

റൊസീത്തായുടെ വിശുദ്ധിയെ പ്രകീർത്തിക്കുന്ന കഥകൾ അനവധിയുണ്ട്. ഒരു ചെറിയ വീട്ടിൽ ചുരുങ്ങിയ തോതിലുള്ള ജീവിതമാണ് അവൾ നയിക്കുന്നതു്. പാപികളുടെ മാനസാന്തരത്തിനും പീഡിതരുടെ ആശ്വാസത്തിനുമായി രാപകൽ അവൾ പ്രാർത്ഥിക്കുന്നു. ദൈവമാതാവിനേയും കാവൽമാലാഖയേയും പലപ്പോഴും അവൾ കണ്ടുസംസാരിക്കാറുള്ളതായി പറക്കെപ്പറച്ചിലുണ്ട്. ഉണ്ണിയീശോയും അവളുടെ അടുക്കൽ വരാറുണ്ടെന്നാണു കേൾവി. ലീമായിലുള്ളവരിൽ ഏറ്റവും സൗന്ദര്യവതിയാണ് ആ ഡോമിനിക്കൻ സന്ന്യാസിനി. ലൗകികജീവിതത്തിൽ ഒരു വലിയ ഭാവി അവളെ പ്രതീക്ഷിച്ചു നില്പുണ്ടായിരുന്നു. സമുദായത്തിൽ ഒരു ന്നതസ്ഥാനം അവൾക്കു പ്രാപിക്കാമായിരുന്നു. ഒരു പ്രേയായി അവൾ അറിയപ്പെടുമായിരുന്നു. പക്ഷേ, അ

വർം ആഗ്രഹിച്ചത് ഒരു പുണ്യവതിയാകുന്നതിനാണ്. സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും ജീവിതമാണ് അവർം തിരഞ്ഞെടുത്തത്.

"ഞാൻ ഇപ്പോർം അന്തോനിക്കുഞ്ഞിനെ കണ്ടു." മുറിയിൽ പ്രവേശിച്ചുകൊണ്ടു മാർട്ടിൻ പറഞ്ഞു.

"അവന്റെ അമ്മയുടെ കാര്യം പറഞ്ഞുകാണുമല്ലോ?" റൊസീത്താ ചോദിച്ചു. അവളുടെ കൈയിൽ മനോഹരമായ ഒരു പൂച്ചെണ്ടുണ്ടായിരുന്നു. മാട്ടിനറിയാം അതവർം കൊണ്ടുവന്നതെന്തിനെന്ന്. കൊന്തമാതാവിനവർം ദിവസംതോറും നല്കുന്നുള്ള സമ്മാനമാണതു്.

"ആ സാധുസ്ത്രീ ഭയങ്കരവേദനയനുഭവിക്കുന്നു. എനിക്കു കഴിവുള്ളതെല്ലാം ഞാൻ ചെയ്തുനോക്കി. ഡോക്ടറും അങ്ങനെതന്നെ. പക്ഷേ, അതൊന്നുംപോരാ. മാട്ടിനുമാത്രമേ ഇനിയും വല്ലതും ചെയ്യാൻ സാധിക്കൂ." അവർം മാർട്ടിന്റെ മുഖത്തേക്കുതന്നെ നോക്കി അല്പസമയം മൗനം ഭജിച്ചിട്ടു വീണ്ടും തുടർന്നു: "അവർം ഈ രാത്രി അവസാനിപ്പിക്കയില്ലെന്നാണു ഡോക്ടറുടെ അഭിപ്രായം. മാർട്ടിൻ, നമുക്കെന്തെങ്കിലും അവർംക്കുവേണ്ടി ചെയ്യാനുണ്ടോ?"

"ഉണ്ടു്; തീർച്ചയായും. അതെന്തെന്നു നിനക്കും അറിയാം." മാർട്ടിൻ മന്ദഹസിച്ചുകൊണ്ടു പറഞ്ഞു. "നമ്മുടെ പ്രാർത്ഥന നമുക്കു തുടരാം. വിശ്വാസം വർദ്ധിപ്പിക്കാം. അതുതന്നെയല്ലേ കഴിഞ്ഞകാലമത്രയും നാം ചെയ്തതും."

പത്താമധ്യായം

അത്ഭുതപുരുഷൻ

സൂര്യൻ ഉദിച്ചു കഴിഞ്ഞിരുന്ന ആൻറണി റൊസീത്തായുടെ ചെറുകുടിലിൽനിന്നും പുറപ്പെട്ടപ്പോൾ. അമ്മയുടെ ഗുരുതരാവസ്ഥ അവനെ ചഞ്ചലചിത്തനാക്കിയിരുന്നു. അവളുടെ മരണം അടുത്തതുപോലെ അവനു തോന്നി. തന്മൂലം രാത്രിയിൽ ഒട്ടും ഉറങ്ങാതെ അമ്മയെ പരിചരിച്ചുകൊണ്ടതന്നെ അവൻ നേരംവെളുപ്പിച്ചു. പ്രഭാതമായതോടുകൂടി അമ്മയുടെ രോഗത്തിന് അല്പം ആശ്വാസം കണ്ടുതുടങ്ങി. "മാർട്ടിൻ പറഞ്ഞതുപോലെതന്നെ എല്ലാം സംഭവിച്ചല്ലോ. ഒട്ടും താമസിക്കാൻ പാടില്ല. മാർട്ടിനെ കണ്ട് എല്ലാം വിവരിച്ചു പറയണം." അവൻ ഉറച്ചു.

സാന്തോ ഡൊമീങ്ഗോ ആ ചെറുകുടിലിൽനിന്നും വളരെ അകലെയല്ലായിരുന്നു. അല്പസമയത്തിനുള്ളിൽ അവൻ അവിടെയെത്തി മണിയടിച്ചു. ഇത്തവണ മാർട്ടിനല്ല ബ്രദർ ആൽബർട്ടാണു വന്നത്. ആൻറണിയെ കണ്ടമാത്രയിൽ അദ്ദേഹം കാര്യം ഗ്രഹിച്ചുകൊണ്ടു പറഞ്ഞു:

"കുഞ്ഞേ, എന്തുചെയ്യട്ടെ! നിൻറെ സ്നേഹിതൻ ഇവിടെയില്ല. ഞങ്ങളും അക്ഷമരായി അദ്ദേഹത്തെ പാർത്തിരിക്കയാണ്. മുകളിൽ ബ്രദർ തോമസ മരണാസന്നനായി കിടക്കുന്നു. ഹാ, മാർട്ടിൻ ഇവിടെ ഉണ്ടായിരുന്നെങ്കിൽ.....!"

ഇതു കേട്ടതോടുകൂടി ആൻറണിയുടെ സന്തോഷം എങ്ങോ ഓടിയൊളിച്ചു. അവൻെറ മുഖം വിവർണ്ണമായി.

"ബ്രദർ മാർട്ടിൻ എവിടെപ്പോയി? എനിക്ക് അദ്ദേഹത്തെ ഉടൻതന്നെ കാണണം." അവൻെറ തൊണ്ട ഇടറുന്നുണ്ടായിരുന്നു. ആൽബർട്ടു ശാന്തത കൈവിടാതെ പ്രത്യുത്തരിച്ചു.

"സഹോദരിയുടെ പക്കലേക്കെന്നും പറഞ്ഞാണു പുറപ്പെട്ടതു്. പക്ഷേ, മാർഗ്ഗമദ്ധ്യേ പലേടത്തും താമസിക്കയെന്നതു സാധാരണമാണല്ലോ! മാർട്ടിൻ ഒരു നിമിഷംപോലും അലസനായിരിക്കയില്ല; പ്രത്യേകിച്ചു്, പുറത്തുപോകുന്ന അവസരങ്ങളിൽ. കഴിഞ്ഞ ആഴ്ചയിൽത്തന്നെ സായാഹ്നയാത്രയ്ക്കുശേഷം തിരിച്ചുവന്നപ്പോൾ ക്രുട്ടത്തിൽ മൂന്നു റെഡ്ഇൻഡ്യൻരോഗികളും, വഴിയാധാരമായി നടന്ന ഒരു പട്ടിയും, അനാഥനായ ഒരു ബാലനും, കൈയിൽ ഇരുപതു് അപ്പവും ഉണ്ടായിരുന്നു. ബ്രു. മാർട്ടിൻെറക്രുടെയുള്ള ജീവിതം വിസ്മയകരമായ അനേകം സംഭവങ്ങൾക്കു നമ്മെ ദൃക്സാക്ഷികളാക്കും."

മാർട്ടിനെ കാണാത്തതിൽ ആൻറണി വിങ്ങിക്കരഞ്ഞുകൊണ്ടു് അവിടെനിന്നു പുറപ്പെട്ടു. പക്ഷേ, ബ്രു. ആൽബർട്ടു് അവനെ വീണ്ടും വിളിച്ചുപറഞ്ഞു: "കുഞ്ഞേ, ഒരു കാര്യം ഞാൻ മറന്നുപോയി. നിനക്കു തരുന്നതിനായി മാർട്ടിൻ ഒരു സാധനം എന്നെ ഏല്പിച്ചിട്ടുണ്ടു്. നീ ഇന്നിവിടെ വരുമെന്നു് അദ്ദേഹം അറിഞ്ഞിരുന്നിരിക്കണം. ഇതാ ഈ പൊതി....."

"എനിക്കോ?" ആൻറണി വിസ്മയപൂർവ്വം ചോദിച്ചു.

"അതേ, നിനക്കുതന്നെ. അഴിച്ചുനോക്കൂ?"

അവൻ അതിവേഗം പൊതിക്കെട്ടഴിച്ചു.

"ഹാ, ഇതു ഒരുജോടി ചെരുപ്പുകളാണല്ലോ! പുതിയതുതന്നെ! ബ്രൂ. ആൽബർട്ടു, ഞാൻ ജീവിതത്തിൽ പുതിയ ചെരിപ്പുകൾ ഉപയോഗിച്ചിട്ടില്ല!" അവന്റെ സ്വരത്തിൽ വിസ്മയവും സന്തോഷവും ഇടകലർന്നിരുന്നു. ബ്രദർ ചിരിച്ചുകൊണ്ടു പറഞ്ഞു: "മാർട്ടിൻ് ആരോ സമ്മാനിച്ചതാണെന്നു തോന്നുന്നു. അദ്ദേഹത്തെ കാണണമെങ്കിൽ ഉച്ചതിരിഞ്ഞുവരൂ. രണ്ടുമണിയോടുകൂടി തിരിച്ചെത്തിയേക്കും." ആൻറണി സന്തോഷത്തോടുകൂടി സ്ഥലംവിട്ടു.

ബ്രൂ. ആൽബർട്ടു പറഞ്ഞതുപോലെ കൃത്യം രണ്ടുമണിക്കുതന്നെ മാർട്ടിൻ തിരിച്ചെത്തി. ക്ഷീണാധിക്യംമൂലം വളരെ സാവധാനമാണു വന്നതു്. എങ്കിലും അപ്പോഴും മാർട്ടിൻ തനിക്കു സഹജമായ പ്രസന്നത കൈവെടിഞ്ഞിരുന്നില്ല. ഒരു മണിക്കൂർമുമ്പു് അദ്ദേഹം മത്തേയോ പ്രൂട്ടവിന്റെ വീട്ടിലായിരുന്നു. നിർധനരായ 27 യുവതികൾക്കു സ്ത്രീധനം നല്കാമെന്നും അനാഥരുടെ സംരക്ഷണത്തിൽ കാര്യമായി സഹായിക്കാമെന്നും അദ്ദേഹത്തെക്കൊണ്ടു സമ്മതിപ്പിച്ചതിനു ശേഷമേ മാർട്ടിൻ അവിടെനിന്നും പോന്നുള്ളൂ. തന്റെ സഹോദരി ജയിനിനോടും അവളുടെ പതിനാലുവയസ്സുള്ള പുത്രി കാതറയിനിനോടുംകൂടി ചെലവഴിച്ചസമയം മാർട്ടിനു വളരെ വ്യത്യസ്തമായിത്തോന്നി.

"എന്റെ സഹോദരീപുത്രി എത്രവേഗം വളർന്നുവരുന്നു!" മാർട്ടിൻ വിചാരിച്ചു. അവൾ ചോദിച്ച സ

മ്മാനത്തെപ്പറ്റി ഓർത്തപ്പോൾ അദ്ദേഹം ചിരിച്ചുപോയി. ഇത്തവണ ഒരു കളിക്കോപ്പല്ല അവൾ ആവശ്യപ്പെട്ടതു്; മധുരപലഹാരങ്ങളുമല്ല. പ്രത്യുത, ഒരു ശിരോവസ്ത്രം—ഒരു നെറ്റു്. ഒരു യുവതിക്കു് ഒരു നല്ലനെറ്റു് ഒഴിച്ചുകൂടാൻ പാടില്ല. നെറ്റുധരിക്കാതെ സ്ത്രീകൾ വീട്ടുവിട്ടു പുറമെ പോകുകയെന്നതു ലീമായിലെ ആചാരക്രമങ്ങൾക്കു വിരുദ്ധമാണു്. കാതറയിൻ പറഞ്ഞ വാക്കുകൾ അതേപടി മാർട്ടിൻ ഓർത്തു. "ഇത്തരം സാധനങ്ങൾ വാങ്ങാൻ പണമില്ലെന്നാണു് അമ്മ പറയുന്നതു്. തന്നെയുമല്ല, ഒരു നെറ്റു് ഉപയോഗിക്കാൻ എനിക്കു പ്രായമായില്ലപോലും! പക്ഷേ, ഇപ്പോൾ ഞാൻ വെറുമൊരു ബാലികയല്ലെന്നു് അച്ഛാച്ചനു് അറിയാമല്ലോ; എനിക്കു് ഇപ്പോൾ വയസ്സു പതിനാലു കഴിഞ്ഞിട്ടുണ്ടു്. എന്റെ പ്രായക്കാർക്കൊക്കെ നെറ്റുണ്ടു്. അതിനാൽ, അച്ഛാച്ചൻതന്നെ ഒരു നെറ്റു വാങ്ങിത്തരണം." മാർട്ടിന്റെ അധരപുടങ്ങളിൽ ഒരു ചെറുപുഞ്ചിരി തത്തിക്കളിച്ചു. അന്യരെ സന്തോഷിപ്പിച്ചു ദൈവമഹത്വം വർദ്ധിപ്പിക്കണമെന്നുള്ളതായിരുന്നു ഇതുവരെ മാർട്ടിന്റെ ജീവിതോദ്ദേശ്യം. അതിനുവേണ്ടിയാണു് അവൻ ചികിത്സ അഭ്യസിച്ചതു്. ഇതേ ഉദ്ദേശ്യത്തോടുകൂടെ അജ്ഞക്കു് മതകാര്യങ്ങൾ പറഞ്ഞുകൊടുക്കുകയും ജയിലുകളും ആശുപത്രികളും സന്ദർശിക്കുകയും യാചകർക്കു് ഉണ്ണാനും ഉടുക്കാനും തേടിക്കൊടുക്കുകയും ചെയ്തുവന്നു. ഇന്നിതാ, തന്റെ സഹോദരീപുത്രിക്കു് ഒരു നെറ്റു് കണ്ടെത്തേണ്ടിയിരിക്കുന്നു.

ആശ്രമത്തിലേക്കുള്ള മടക്കയാത്രയിലും മാർട്ടിന്റെ

ചിന്ത ഈ വിഷയത്തെക്കുറിച്ചുതന്നെയായിരുന്നു. ആ രുടേയും അഭ്യർത്ഥനയെ അനാദരിക്കാത്ത മാർട്ടിൻ കാതറയിനെമാത്രം നിരാശപ്പെടുത്തുകയോ? ഇല്ല, ഒരിക്കലുമില്ല. ഒന്നാംതരം ഒരു നെറ്റ് അവൾക്കു കൊടുത്തയയ്ക്കാൻ അദ്ദേഹം ഉറച്ചു.

മാർട്ടിൻ മണിയടിച്ചു. ബ്രദർ ആൽബർട്ടാണു വാതിൽ തുറന്നതു്. അദ്ദേഹത്തിന്റെ മുഖത്തു് ഒരു മ്ലാനത പരന്നിരുന്നു. "ബ്രദർ മാർട്ടിൻ! ഹാ, അല്പം മുമ്പു വന്നിരുന്നെങ്കിൽ!" ആൽബർട്ടു് അശോകിയിൽ വിരമിച്ചു.

"എന്തു സംഭവിച്ചു ബ്രു. ആൽബർട്ടു്? ആരെങ്കിലും എന്നെ അന്വേഷിച്ചു വന്നിരുന്നോ?"

ബ്രദർ ആൽബർട്ടു ദീർഘമായി ഒന്നു നെടുവീർപ്പിട്ടുകൊണ്ടു പറഞ്ഞു: "ബ്രു. തോമസ് മരിച്ചുപോയി. ഇപ്പോൾ ഒരുമണിക്കൂർ കഴിഞ്ഞുകാണും. അദ്ദേഹം സഹോദരനെ പലവട്ടം വിളിച്ചു. ഇതുവളരെ അകലെ എവിടെയാണു പോയതു്?"

മാർട്ടിൻ ഒരു ചെറുപുഞ്ചിരിയോടുകൂടി പറഞ്ഞു: "എത്രവേഗം നടന്നിട്ടാണു് ഇപ്പോഴെങ്കിലും ഇവിടെ എത്താൻ കഴിഞ്ഞതു്. ബ്രു. തോമസ് മരിച്ചുവെന്നതു തീർച്ചയാണോ?"

"തീർച്ചതന്നെ. മരിച്ചിട്ടു് ഒരുമണിക്കൂറിലധികമായി. അവർ പ്രാർത്ഥനയ്ക്കായുരുങ്ങുകയാണു്. അല്ല, പ്രിയോരച്ചൻ മാർട്ടിന്റെ വരവും പ്രതീക്ഷിച്ചു മുകളിൽ കാത്തുനില്ക്കുന്നു."

മാർട്ടിൻ ഒരു നിമിഷത്തിനുള്ളിൽ രണ്ടാംനിലയിലെത്തി. അവിടെ ബ്രു. തോമസിന്റെ മുറിയുടെ വാതി

ല്ലൂൽ പ്രിയോരച്ചനും മറ്റു സന്ന്യാസികളും നില്പുണ്ടായിരുന്നു. അവർ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയ്ക്കാരുങ്ങുകയായിരുന്നു. മാർട്ടിനെ കണ്ടയുടൻ ശ്രേഷ്ഠൻ പറഞ്ഞു: "ബ്രു. തോമസ് മരിച്ചിട്ട് ഒരുമണിക്കൂർ കഴിഞ്ഞിട്ടുണ്ട്. മാർട്ടിൻതന്നെ മൃതദേഹം അണിയിക്കുക. ഒരു പുതിയ ഉടുപ്പുവേണം ധരിപ്പിക്കുവാൻ."

മാർട്ടിൻ വേഗം മുറിക്കകത്തു പ്രവേശിച്ചു കതകടച്ചു. പുറമേ ക്രൂടിനിന്നവരുടെ ഇടയിൽ ഭീർഘമായ ഒരു നിശ്ശബ്ദത വ്യാപിച്ചു. ഫാദർ ആൻഡ്രൂസാണ് അതിനൊരു വിരാമമിട്ടതു്.

"മാർട്ടിനു യാതൊരു ഭാവഭേദവും ഉണ്ടായില്ലല്ലോ? അത്ഭുതംതന്നെ!"

"അതിലെന്താണ് അത്ഭുതപ്പെടാനുള്ളതു്?" പ്രിയോരച്ചൻ ചോദിച്ചു.

"മാർട്ടിൻ ഒരു പ്രത്യേകരീതിയിലാണു വിവിധ രോഗികളോടു പെരുമാറുക. പ്രിയോരച്ചൻ അതു സൂക്ഷിച്ചിട്ടില്ലേ? ചിലരെ സംബന്ധിച്ചു്, അവരുടെ രോഗം എത്ര ഗൗരവാവഹമായിക്കൊള്ളട്ടെ, മാർട്ടിനു യാതൊരു ആശങ്കയുമില്ല. അവർ വേഗം സുഖം പ്രാപിക്കുമെന്നു മുൻകൂട്ടി അറിഞ്ഞതുപോലെ തോന്നും, മാർട്ടിന്റെ മനഃസ്ഥൈര്യം കണ്ടാൽ. എന്നാൽ വേറെ ചിലരെ സംബന്ധിച്ചിടത്തോളം, രോഗം എത്ര നിസ്സാരമായിരുന്നാലും ശരി, അദ്ദേഹത്തിനു വളരെ ഭയമാണു്. അവരുടെ അടുക്കൽനിന്നു മാർട്ടിൻ മാറുകയില്ല. ഇത്തരക്കാരുടെ സുഖക്കേടുകൾ കാഴ്ചയിൽ നിസ്സാരമായിരിക്കുമെങ്കിലും ഭേദമാകുക വിഷമമായിട്ടാണു

കണ്ടിട്ടുള്ളതു്. എങ്കിലും മാർട്ടിൻ ഇന്നു പുറത്തുപോയതിലാണു് എനിക്കു വിസ്മയം തോന്നുന്നതു്."

ഫാ. ആൻഡ്രൂസിന്റെ വാക്കുകൾ എല്ലാവരേയും ചിന്തയിലാഴ്ത്തി. വീണ്ടും അവിടെയെങ്ങും വലിയ നിശ്ശബ്ദത വ്യാപിച്ചു. മാർട്ടിൻ ആശ്രമത്തിൽ പ്രവേശിച്ചിട്ടു പതിനെട്ടു കൊല്ലം കഴിഞ്ഞിരുന്നു. ഇതിനകം അനേകം അത്ഭുതസംഭവങ്ങൾ അവിടെ നടന്നിട്ടുണ്ടു്. അവയോരോന്നും ചലച്ചിത്രത്തിലെന്നപോലെ അവരുടെ സ്മൃതിപഥത്തിൽ പ്രത്യക്ഷപ്പെട്ടു. ഒരേസമയം രണ്ടു സ്ഥലത്തായിരിക്കുവാൻ മാർട്ടിനു കഴിഞ്ഞിട്ടുണ്ടു്. ലീമാ പട്ടണത്തിനു പുറമേ ഒരിടത്തും മാർട്ടിൻ പോയിട്ടില്ല. എങ്കിലും സാന്തോ ഡൊമീഞ്ഞോ സന്ദർശിച്ച ചില വിദേശികൾ പറഞ്ഞിട്ടുണ്ടു് മാർട്ടിനെ ഇതരരാജ്യങ്ങളിൽവച്ചു കണ്ടിട്ടുണ്ടെന്നു്. മൂറീഷ്നഗരമായ ആൽജിയേർസിലേ ഒരു ജയിലിൽ താൻ രോഗിയായിക്കിടന്നപ്പോൾ മാർട്ടിൻ വന്നു തന്നെ ശുശ്രൂഷിച്ചുവെന്നു് ഇവരിലൊരാൾ സത്യംചെയ്തു പറഞ്ഞു. ഒരു കപ്പിത്താൻ മാർട്ടിനെ ചൈനയിൽവച്ചു കണ്ടതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടു്. മെക്സിക്കോ, ജപ്പാൻ, ഫിലിപ്പൈൻദ്വീപുകൾ എന്നിവിടങ്ങളിൽവച്ചും മാർട്ടിനെ കണ്ടിട്ടുള്ളവരുണ്ടു്. ആദ്യമൊക്കെ ഈദൃശവിവരണങ്ങൾ കേട്ടു സന്ന്യാസികൾ പരിഹാസപൂർവ്വം ചിരിക്കയാണു ചെയ്തിരുന്നതു്. എന്നാൽ, അവയെല്ലാം വാസ്തവമാണെന്നു പിന്നീടു് അവർക്കു മനസ്സിലായി. സ്വർഗ്ഗീയകാര്യങ്ങളിൽമാത്രം വ്യാപൃതനായിരുന്ന ഒരു പുണ്യാത്മാവാണു മാർട്ടിനെന്നു താമസിയാതെ അവർ ഗ്രഹിക്കയും ചെയ്തു. തന്നു

ലം മാർട്ടിന്റെ അസാധാരണ ശക്തിവിശേഷത്തെ അവർ പ്രകീർത്തിക്കുവാൻ തുടങ്ങിയിരുന്നു. ആശ്രമശ്രേഷ്ഠൻ പറഞ്ഞു:

"പതിനെട്ടുകൊല്ലമായി മാർട്ടിൻ ഇവിടെ വാസമാരംഭിച്ചിട്ട്. ഇക്കാലമെല്ലാം ഈ സഹോദരന്റെ ജീവിതം ഒരു പുണ്യാത്മാവിന്റെതായിരുന്നുവെന്ന് എനിക്ക് ഉറപ്പുനല്കുവാൻ കഴിയും. തന്മൂലം ദുഃഖിതരെ ആശ്വസിപ്പിക്കുവാനായി ഒരേസമയത്തു രണ്ടുസ്ഥലത്തായിരിക്കുവാൻ മാർട്ടിനെ ദൈവം അനുവദിച്ചുവെന്നതു സംഭവ്യമാണ്."

ബ്രദർ തോമസിന്റെ മുറി തുറക്കുന്നതു പ്രതീക്ഷിച്ച് അവർ അവിടെത്തന്നെ നിന്നു. ഈ സമയം മാർട്ടിൻ പ്രവർത്തിച്ചിട്ടുള്ള വേറേ ചില അത്ഭുതങ്ങളും അവരുടെ മനസ്സിൽ ഉദിച്ചു. അവയിൽ ചിലതിനെപ്പറ്റി ഫാദർ ജോൺ പറഞ്ഞുതുടങ്ങി.

"അടച്ചു പൂട്ടിയിരിക്കുന്ന വാതിൽ തുറക്കാതെ മുറിയിൽ പ്രവേശിക്കുവാൻ മാർട്ടിനു കഴിഞ്ഞിട്ടുണ്ട്. എനിക്കിതു് അനുഭവമാണ്. എന്റെ 'നോവിസ്യാത്തു'കാലം ഒരിക്കൽ സുഖമില്ലാതെ ഞാൻ കിടപ്പിലായി. ശക്തിയായ പനി. ഒരുദിവസം എല്ലാവരും ഉറങ്ങാൻ പോയതിനുശേഷം എനിക്കു നല്ല ദാഹമുണ്ടായി. പക്ഷേ, സഹായത്തിനു് ആരുമില്ലാതെ ഞാൻ വിഷമിച്ചു. മുറിക്കകത്തു കുടിക്കുന്നതിനു യാതൊന്നും ഉണ്ടായിരുന്നില്ല. കിടക്കയും തീരെ അസുഖപ്രദമായി തോന്നി. മാർട്ടിൻ എന്നോടടുത്തു ഉണ്ടായിരുന്നെങ്കിൽ എന്നു ഞാൻ വിചാരിച്ചു. കുറച്ചുനേരത്തേക്കു ഞാൻ കണ്ണ്

കാം അടച്ചുകൊണ്ടു കിടന്നു. വീണ്ടും കണ്ണുകാം തുറന്നു നോക്കിയപ്പോാം അത്ഭുതമേ, മാർട്ടിൻ എന്റെ അടുക്കൽ നില്ക്കുന്നു. വലതുകൈയിൽ ഒരുകപ്പു വെള്ളവും ഇടതുകൈയിൽ ഒന്നരണ്ടു പുതപ്പും. വാതിൽ അടച്ചു് ഉള്ളിൽനിന്നും ഭദ്രമായിപൂട്ടിയിരുന്നു. ആ മുറിയിലേക്കുള്ള പ്രവേശനമാർഗ്ഗം അതുമാത്രമായിരുന്നതാനും. എന്റെ ആവശ്യം മാർട്ടിൻ എങ്ങനെ അറിഞ്ഞുവെന്നും പൂട്ടിയ വാതിലിലൂടെ പ്രവേശിച്ചതെങ്ങനെയെന്നും ഞാൻ ചോദിച്ചു. പക്ഷേ, മാർട്ടിൻ പുഞ്ചിരിതൂകിയതല്ലാതെ ഒന്നുംതന്നെ പറഞ്ഞില്ല."

ഫാ. ഫിലിപ്പു്, അപ്പോാം തന്റെ ഒരനുഭവം വിവരിച്ചു:

"ഒരിക്കൽ ഞങ്ങാം ഒരു വിനോദയാത്രയ്ക്കുപോയി. മാർട്ടിനായിരുന്നു ഞങ്ങളുടെ വഴികാട്ടി. ആറുമണിക്കു തിരിച്ചെത്തണമെന്നായിരുന്നു നിർദ്ദേശം. ഗ്രാമപ്രദേശങ്ങളെ അതിവേഗം പിന്നിലാക്കിക്കൊണ്ടു വിസ്തൃതമായ ഒരു മൈതാനത്തു ഞങ്ങാം ചെന്നെത്തി. അവിടെ മനോഹരമായ പുൽത്തകിടിയിലിരുന്നു മാർട്ടിൻ കൊണ്ടുവന്നിരുന്ന ലഘുഭക്ഷണം കഴിച്ചതിനുശേഷം ഞങ്ങാം വിനോദങ്ങളിൽ ഏർപ്പെട്ടു. സമയം കടന്നുപോയതു് ആരും അറിഞ്ഞില്ല. കളികഴിഞ്ഞു നോക്കിയപ്പോാം അസ്തമയം കഴിഞ്ഞിരുന്നു. ആശ്രമത്തിലെത്താൻ വളരെ ദൂരം നടക്കേണ്ടിയിരുന്നു. ആറുമണിക്കു് അവിടെയെത്തി പ്രാർത്ഥനയിൽ സംബന്ധിക്കുകയും ചെയ്യണം. എന്തു ചെയ്യും? ഞങ്ങാം കുഴങ്ങി."

ഫാ. ആൻഡ്രൂസ് ഇടയ്ക്കു കയറി പറഞ്ഞു:

"ഹോ, ഞാനോർക്കുന്നുണ്ട്. ഞാൻ അന്നു നോവീസ് മാസ്റ്ററായിരുന്നു. പക്ഷേ, ബ്രദർ മാർട്ടിൻ പ്രാർത്ഥനയുടെ മദ്ധ്യത്തന്നെ നിങ്ങളെ ഇവിടെ കൊണ്ടുവന്നല്ലോ?"

ഫാ. ഫിലിപ്പു തലകുലുക്കിക്കൊണ്ടു തുടർന്നു: "പക്ഷേ, അതു സംഭവിച്ചതു് എങ്ങനെയെന്നു ഞങ്ങൾക്കും അറിഞ്ഞുകൂടാ. താമസിക്കുമല്ലോ എന്നോർത്തു് ഉൽകണ്ഠാകുലരായി ഒരു മിനിറ്റു് ഞങ്ങൾ അവിടെനിന്നു. അടുത്തനിമിഷത്തിൽ മറ്റുള്ളവരുമൊന്നിച്ചു ഞങ്ങളും കപ്പേളയിലേക്കു പോകുന്നതായിട്ടാണു ഞങ്ങൾക്കനുഭവപ്പെട്ടതു്."

ഇപ്രകാരം അവർ പലതും പറഞ്ഞുകൊണ്ടിരുന്നു. ഒരിക്കൽ 'റിമാക്' നദിയിൽ വെള്ളപ്പൊക്കമുണ്ടായപ്പോൾ വെള്ളത്തിനടിയിലായ തീരപ്രദേശങ്ങളെ രക്ഷിക്കുവാൻ മാർട്ടിൻ അവിടെ ചെന്നു പ്രാർത്ഥിച്ചു വെള്ളം താഴ്ത്തിയ സംഭവം ഒരാൾ വിവരിച്ചു. വേറൊരാൾ, വായുവിൽ ഉയർന്നുനിൽക്കുന്നതിനു മാർട്ടിനു കഴിഞ്ഞിട്ടുണ്ടെന്നു് ഉദാഹരണസഹിതം പറഞ്ഞുകേൾപ്പിച്ചു: "ഒരുമാസമേ കഴിഞ്ഞുള്ളൂ. മാർട്ടിൻ താഴത്തെ നിലയിലുള്ള ഒരു മുറിയിൽ വലിയ കുരിശുരൂപത്തിൻ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിക്കയായിരുന്നു. ആ സമയം ഞാൻ അതിലെ കടന്നുപോകാൻ ഇടയായി. അത്ഭുതമേ, മാർട്ടിൻ തറയിൽനിന്നും ഉയർന്നു് ആകാശത്തിനും ഭൂമിക്കും മധ്യേ വായുവിൽ ആ ക്രൂശിതരൂപത്തിനോടടുത്തുനിന്നു ദിവ്യനാഥനോടു സംസാരിക്കുന്നതായിട്ടാണു ഞാൻ കണ്ടതു്."

ഇപ്രകാരം മാർട്ടിന്റെ അപദാനങ്ങളെ പ്രകീർത്തി

ച്ചുകൊണ്ടിരിക്കേ മുറിയുടെ വാതിൽ തുറക്കപ്പെട്ടു. യാതൊരു ഭാവഭേദവുംകൂടാതെ മർട്ടിൻ പുറത്തുവന്നു പറഞ്ഞു: "എല്ലാം ശരിയായി. പക്ഷേ, ബ്രദർ തോമസ് മരിച്ചിട്ടില്ലായിരുന്നല്ലോ?"

"എന്ത്?" വിസ്മയപരവശനായി പ്രിയോരച്ചൻ ചോദിച്ചു.

മാർട്ടിൻ ദൃഷ്ടികൾ താഴ്ത്തി. ആ ചെറിയമുറിയിൽ ക്രൂശിതരൂപത്തിൻമുമ്പിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കെ മരിച്ച സഹോദരനെ പേരുചൊല്ലി വിളിക്കാൻ തനിക്കു തോന്നിയതും അപ്രകാരം ചെയ്തതും ബ്രു. തോമസിന്റെ തണുത്തുമരവിച്ച ദേഹത്തു ജീവലക്ഷണങ്ങൾ അല്പാല്പമായി കണ്ടുതുടങ്ങിയതും അവസാനം അദ്ദേഹം കണ്ണുകൾ തുറന്നതുംമറ്റും മാർട്ടിൻ അപ്പോൾ പ്രിയോരച്ചനോടു പറഞ്ഞില്ല.

താമസംവിനാ ബ്രദർ ഫെർഡിനാൻറ് മുറിയിൽ നിന്ന് ഇറങ്ങിവന്നു. അവിടെ നടന്ന സംഭവങ്ങൾക്കെല്ലാം അയാൾ ദൃക്സാക്ഷിയാണ്. അദ്ദേഹത്തിന്റെ മുഖം വിവർണ്ണമായിരുന്നു. കരങ്ങൾ വിറക്കുന്നുണ്ടായിരുന്നു. വിസ്മയവിവശനായ അദ്ദേഹം ഇടറിയസ്വരത്തിൽ പറഞ്ഞു: "ബ്രദർ തോമസ് ഭക്ഷണംകഴിച്ചുകൊണ്ടിരിക്കുകയാണ്."

പതിനൊന്നാമധ്യായം

അവരും മനുഷ്യരല്ലേ!

വിവിധകാര്യവ്യഗ്രതമൂലം കൊല്ലങ്ങൾ അതിവേഗം കടന്നുപോകുന്നതായി മാർട്ടിനു തോന്നി. സന്ന്യാസവൈദികന്മാർ കാനോനനമസ്കാരം എത്തിക്കുന്നതു കാണുമ്പോൾ മാർട്ടിൻ പലതും ഓർക്കാറുണ്ട്. ഇന്നലെവരെ അവർ കുട്ടികളായിരുന്നു; ഇന്നിതാ അവരിൽ പലരും പെറു രാജ്യത്തിൽ പോരും പെരുമയും ആർജ്ജിച്ചു കഴിഞ്ഞിരിക്കുന്നു, പാണ്ഡിത്യത്തിലും പരിശ്രമശീലത്തിലും പ്രസംഗപാടവത്തിലും സ്വഭാവവൈശിഷ്ട്യത്തിലും. ഈട്ടശഭ്രതകാലസ്മരണകൾ ഒരു ചെറിയ പ്രാർത്ഥനയിലായിരിക്കും അവസാനിക്കുക. "നാഥാ, അവിടുത്തേക്കായി ആത്മാക്കളെ നേടുവാൻ അവരെ സഹായിക്കേണമെ! അതായിരിക്കണമല്ലോ ഒരുവന്റെ 'പ്രത്യേകിച്ച്' ഒരു വൈദികന്റെ ജീവിതോദ്ദേശ്യം ദൈവത്തെ അറിഞ്ഞു സ്നേഹിച്ച് അവസാനം അവിടുത്തോടുകൂടി നിത്യാനന്ദം അനുഭവിക്കുന്നതിലാണല്ലോ ഒരുവന്റെ വിജയം അടങ്ങിയിരിക്കുന്നതും."

ഗഹനമായ ഗ്രന്ഥങ്ങളൊന്നും മാർട്ടിൻ വായിച്ചിട്ടില്ല. രണ്ടുകൊല്ലത്തെ വിദ്യാഭ്യാസം. അതുകൊണ്ട് എന്തു സാധിക്കും? പക്ഷേ, സാന്തോ ദൊമീങ്കോയിലുള്ള വരെല്ലാം മാർട്ടിനെ ഒരു തികഞ്ഞ പണ്ഡിതനായിട്ടാണ് എണ്ണിയിരുന്നതു്. അവരോടും സ്നേഹത്തോടും മര്യാദയോടും പെരുമാറുവാൻ മാർട്ടിനു പ്രത്യേകപാടവമുണ്ടായി

രുന്നു. മനസ്സിലൊന്ന്, വാക്കിൽ മറെറാന്ന്, പ്രവൃത്തിയിൽ വേറൊന്ന്—ഈ സ്വഭാവമല്ലായിരുന്നു മാർട്ടിനേറത്ത്. വൈദികവിദ്യാർത്ഥികളും തങ്ങളുടെ സംശയങ്ങൾക്കു പരിഹാരം കണ്ടെത്തിയിരുന്നതു മാർട്ടിനെറ പക്കലാണ്. ആ നരച്ചതലയുടെ അനിതരസാധാരണമായ കഴിവുകളും അവർക്കെല്ലാം നന്നായി അറിയാം. വെള്ളിരേഖയണിഞ്ഞ ആ ഇരുണ്ടപേടകത്തിലുള്ളതു വജ്രക്കല്ലുകളാണെന്നവർ മനസ്സിലാക്കി. രോഗബാധിതരാകുമ്പോൾ അവരുടെ ആലംബം മാർട്ടിൻമാത്രമായിരുന്നു. ചഞ്ചലചിത്തരായ എത്രയെത്രപേരുടെ ദൈവവിളിയെ മാർട്ടിൻ പരിരക്ഷിച്ചിട്ടില്ല!

അന്നൊരുദിവസം സായാഹ്നം. നൊവീഷ്യറുകാർ മാർട്ടിനെറ മുറിയിൽ കടന്നുചെന്നു. ആരും അവിടെ ഉണ്ടായിരുന്നില്ല.

"എന്തു്? ക്ലാസ്സുകളും കഴിയുമ്പോൾ നമുക്ക് ഒരു ലഘുഭക്ഷണം തരാമെന്നാണല്ലോ മാർട്ടിൻ പറഞ്ഞിരുന്നതു്?" ജറോം പറഞ്ഞു.

"ഞാൻ എൻെറ ചെവികൊണ്ടുതന്നെ കേട്ടതാണു്. എന്നിട്ടെവിടെ ലഘുഭക്ഷണം?" ബ്രദർ ചാറൽസ് പിൻതാങ്ങി.

മാർട്ടിനെറ മുറിവളരെ ചെറുതായിരുന്നു. ഒരു കട്ടിൽ, മേശ, കസേര—ഇതുമായിരുന്നു അതിലേ സാമഗ്രികളും. അവിടെയിരുന്നു് അവർ കുറച്ചുനേരം ഉല്ലസിച്ചു. അപ്പോൾ അവരിലൊരാൾക്കു ഒരു ഓർമ്മവന്നു.

"മേശവലിപ്പിൽ നോക്കിയില്ലല്ലോ? അവിടെ ഒരുപക്ഷേ കണ്ടേക്കും സാധനങ്ങൾ." അയാൾ പറഞ്ഞു

തീരുന്നതിനുമുമ്പു വേറൊരാൾ മേശത്തുറന്നു കഴിഞ്ഞു. അതിൽകണ്ട കാഴ്ച അവരെ ആനന്ദത്തുന്ദിലരാക്കി—അപ്പം, ഓറഞ്ച് തുടങ്ങി പലതും. എല്ലാവരും ഓടിക്കൂടി. ഒരു നിമിഷം. ഓരോരുത്തർ അവരവർക്കാവശ്യമുള്ളവ കൈയിലാക്കി. അവിടെയെങ്ങും വലിയ ഒരു ബഹളമായിരുന്നു. ഈ അവസരംനോക്കി അവരിൽ ഒരാൾ മേശയിൽനിന്നും എന്തോ എടുത്തു ഷൂസിനുള്ളിൽ ഒളിച്ചു. മറ്റാരും അതു കണ്ടില്ല.

എല്ലാവരും തിന്നുകഴിഞ്ഞപ്പോഴേക്കും മാർട്ടിനും വന്നുചേർന്നു. വളരെ വ്യത്യസ്തമായ ഒരു സ്വാഗതമാണ് മാർട്ടിന് അവർ നല്കിയതു്.

"ഞങ്ങൾ മേശയിലിരുന്ന പഴങ്ങളെല്ലാം തിന്നുതീർത്തു. മാർട്ടിനു പരിഭവമില്ലല്ലോ? എന്തൊരു വിശപ്പായിരുന്നു മാർട്ടിൻ." ബ്രദർ എഡ്വേർഡ് ചാടിപ്പറഞ്ഞു.

"കുഞ്ഞുങ്ങളേ, അവ നിങ്ങൾക്കുവേണ്ടിയാണു ഞാൻ സൂക്ഷിച്ചിരുന്നതു്. ഇതാ, ഈ അപ്പവും തേനും കൂടി കഴിച്ചുകൊള്ളുക. ഞാൻ ഇവിടെയിരുന്നു നിങ്ങൾ തിന്നുന്നതു കണ്ടു് ആനന്ദിച്ചുകൊള്ളാം." മാർട്ടിൻ സ്വതസ്സിദ്ധമായ ചെറുപുഞ്ചിരിയോടുകൂടി പറഞ്ഞു.

അന്നത്തെ സമ്മേളനം വളരെ ആഹ്ലാദപ്രദമായി അവർക്കുതോന്നി. പ്രാർത്ഥനയുള്ള മണിയടിച്ചതോടുകൂടി അവരെല്ലാം എഴുന്നേറ്റു, കപ്പേളയിലേക്കു പോകാൻ. പക്ഷേ, മാർട്ടിൻ അവരെ തടഞ്ഞുകൊണ്ടു പറഞ്ഞു: "അല്പം നില്ക്കൂ. നിങ്ങളിലൊരാൾ ഒരു ചെറിയ കളവു നടത്തിയിട്ടുണ്ടു. ഒരു വെള്ളിനാണയം!" എ

ല്ലാവരും മാർട്ടിന്റെനേരെ തുറിച്ചുനോക്കി. അവിടെ യെങ്ങും ഒരു നിശ്ശബ്ദത വ്യാപിച്ചു. ആരും ഒന്നും മിണ്ടിയില്ല. തന്മൂലം മാർട്ടിൻ ഒരാളെ സമീപിച്ചു സ്നേഹപൂർവ്വം പറഞ്ഞു: "ആ നാണയം സഹോദരന്റേതല്ലല്ലോ! എന്റേതുമല്ല. അതിന്റെ ഉടമസ്ഥൻ വേറൊരാളാണ്. അത്....."

"എന്ത്?" മാർട്ടിൻ പറയുന്നതൊന്നും എനിക്കു മനസ്സിലാകുന്നില്ല. ഞാൻ എടുത്തിട്ടില്ല പണം." ആയാൾ സ്വൈര്യം പറഞ്ഞു.

മാർട്ടിൻ കരുണാപൂർവ്വം അയാളെ ഒന്നു നോക്കി. പിന്നീട് ഷൂസ് മൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു: "അതാ, അവിടെ ഇരുന്ന തിളങ്ങുന്ന ആ വെള്ളിനാണയം. അതിന്മേൽ ഒരു ചെറിയ കുരിശുമുണ്ട്. ബ്രദർ, നമ്മുടെ വിശ്വാസചിഹ്നത്തെ ഇത്ര തരംതാഴ്ത്തിയതു ശരിയായില്ല." മറ്റുള്ളവർ നിശ്ശബ്ദരായി നോക്കിനിന്നു. ആ സഹോദരൻ ഷൂസിൽനിന്നും ഒരു വെള്ളിനാണയം പുറത്തെടുക്കുന്നത് അവർ കണ്ടു. തങ്ങളുടെ കണ്ണുകളെ അവർക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഇതു സംഭവ്യമോ? ഒരു സന്യാസി പണമപഹരിക്കുകയോ?

വൈദികവിദ്യാർത്ഥികൾ കപ്പേളയിലേക്കു പോയിക്കഴിഞ്ഞപ്പോൾ മാർട്ടിൻ ജനാലയിലൂടെ വളരെനേരം നോക്കിനിന്നു. വലിയ ഒരു ക്ഷീണം അദ്ദേഹത്തിനു തോന്നി. ചെരുപ്പത്തിൽ എത്ര ദൂരം നടക്കുന്നതിനും അദ്ദേഹത്തിനു വിഷമതയുണ്ടായിരുന്നില്ല; രോഗികളുടെ പക്കൽ വളരെസമയം ചെലവഴിക്കാൻ യാതൊരു പ്രയാസവും ഇല്ലായിരുന്ന അന്ന്. എന്നാൽ ഇപ്പോൾ എ

ന്തൊരന്തരം! പത്തുമൈൽ ദൂരം—അതു വളരെ ക്ലേശത്തിലാണെന്ന് അദ്ദേഹത്തിനു തോന്നി. തനിക്കുണ്ടായിരുന്ന വയ്യായ്കയെ അദ്ദേഹം അന്നരാവിലെ ഒരു സാധുവിനു സമ്മാനിച്ചു. അതു് അതു നല്ലതല്ലായിരുന്നുവെങ്കിലും അന്നത്തെ കഠിനമായ ചൂടിനെ തടഞ്ഞുനിറുത്തുവാൻ അതു മതിയാകുമായിരുന്നു. മാർട്ടിൻ ജനാലയ്ക്കൽ നിന്നും ക്ലേശിതപത്തിൻപക്കലേക്കു നീങ്ങി. ഒരു ദീർഘനിശ്വാസത്തോടുകൂടി അവിടെ അദ്ദേഹം മുട്ടുകുത്തി. രാത്രി ഏഴുമണിസമയം. മാർട്ടിൻ പ്രാർത്ഥനയിൽ ലയിച്ചുകഴിഞ്ഞു. അദ്ദേഹത്തിന്റെ ചിന്ത സ്വർഗ്ഗത്തിലേക്കുയർന്നു. തന്നോടു വിശ്വസ്തരായി ജീവിക്കുന്നവർക്കു നിത്യാനന്ദം പ്രദാനംചെയ്യുന്ന ആ സ്നേഹസ്വരൂപനെ ഹൃദയനേത്രങ്ങൾകൊണ്ടു് അദ്ദേഹം ദർശിച്ചു. അവിടേക്കു പറന്നണയുവാനുള്ള സമയം മാർട്ടിനും സമാഗതമായില്ലെന്നാരറിഞ്ഞു! അദ്ദേഹത്തിന്റെ സ്നേഹിത റൊസീത്താ സ്വർഗ്ഗത്തിൽ പ്രവേശിച്ചിട്ടു കൊല്ലങ്ങൾ പലതുതന്നെ കഴിഞ്ഞിരിക്കുന്നു. ലീമാപ്പട്ടണത്തെ മിഷൻപ്രസംഗപരമ്പരകളാൽ ഇളക്കിമറിച്ച ആ സുപ്രസിദ്ധ ഫ്റാൻസീസ്കൻസന്യാസി ഫാ. ഫ്റാൻസീസ് ഓഫ് സൊലാനോ, മാർട്ടിനു സൈര്യലേപനം നല്കിയ ടൂബിയസിലേ മെത്രാപ്പോലീത്താ, ഇങ്ങനെ പലരുമുണ്ടു നിത്യാനന്ദം അനുഭവിക്കുന്നവരായി. ഹാ, സ്വർഗ്ഗീയസൗഭാഗ്യം! അതെത്ര ആനന്ദപ്രമേല്ല! അഭികാമ്യമല്ല!

നാഴികമണി പലവട്ടം അടിച്ചു. രാത്രി അതിക്രമിച്ചിരുന്നു. സാന്തോ ഡൊമീങ്ഗോയിലേ സന്യാസികളെല്ലാം ദീർഘനിദ്രയിലാണ്ടിട്ടും മാർട്ടിൻ അപ്പോഴും ഉ

ണർന്നിരുന്നു പ്രാർത്ഥിക്കുകയാണ്. യാത്രാക്ലേശം അദ്ദേഹത്തെ അലട്ടിയില്ല. അദ്ദേഹം എല്ലാം മറന്നു. ദൈവത്തിന്റെ അനന്തസ്നേഹമായിരുന്നു ആ ദൈവഭക്തന്റെ ഏകചിന്താവിഷയം.

നേരംവെളുത്തു. ബ്രദർ ഫെർഡിനാൻഡ് അലക്കുമുറിയിൽ തുണികഠം തരംതിരിക്കുകയാണ്. ഏതാണ്ടു പതിനാലു വയസ്സുള്ള ഒരു ബാലൻ അവിടെ പ്രവേശിച്ചു. ജോൺവാസ്കസ് എന്നായിരുന്നു അവന്റെപേരു്. ലീമായിൽ അവനൊരപരിചിതനാണ്. പണമോ സ്നേഹിതരോ ഇല്ലാതെ വഴിയിലൂടെ അലഞ്ഞുനടന്ന ആ സാധുബാലൻ ഇപ്പോഠം മാർട്ടിന്റെ ആശ്രിതനായി സാന്തോ ഡൊമീഞ്ഞോയിൽ താമസിക്കുകയാണ്.

"എന്താകുഞ്ഞേ, ഇത്രകാലത്തെ?" ബ്രദർ ഫെർഡിനാൻഡ് കാരണമാരാഞ്ഞു.

"എന്റെ ഫെർഡിനാൻഡ്....." അവൻ അദ്ധോക്തിയിൽ വിരമിച്ചു.

"എന്തുസംഭവിച്ചു? എല്ലാം തുറന്നു പറയുക?"

"കഴിഞ്ഞ രാത്രിയിൽ, ഏതാണ്ടു പാതിരാവായി, അപ്പോഴാണു ഞാൻ മാർട്ടിന്റെ മുറിയിൽ പ്രവേശിച്ചതു്. ആ വലിയ ഭ്രകമ്പം നടന്ന സമയം! ഞാൻ പേടിച്ചുവിറച്ചുപോയി. മാർട്ടിനെ കണ്ടതോടുകൂടി എന്റെ പേടി ഇരട്ടിച്ചു....."

"രസമായിരിക്കുന്നല്ലോ. മുഴുവനും പറ."

"അദ്ദേഹം തറയിൽ കിടക്കുകയായിരുന്നു. ക്രൂരരൂപംനിറഞ്ഞ ആ അർദ്ധരാത്രിയിൽ മാർട്ടിന്റെ മുറി പകൽപോലെ പ്രകാശിച്ചിരുന്നു. ഞാൻ മാർട്ടിനെ കു

ലുക്കി വിളിച്ചു; അനക്കമില്ല. എന്റെ ഭയം ഒന്നുകൂടി വർദ്ധിച്ചു. ഞാൻ വിചാരിച്ചു അദ്ദേഹം ഭ്രകമ്പംകൊണ്ടു മരിച്ചുപോയെന്ന്. എങ്കിൽ എന്റെ അവസ്ഥ....! ദൈവമേ!....." ജോൺ ദീർഘമായി നിശ്വസിച്ചു.

"ഹാ, അത്രെയുള്ളോ?" ഫെർഡിനാൻഡ് ചിരിച്ചുകൊണ്ടു പറഞ്ഞു. "ഇതിലും വലിയ കാര്യങ്ങൾ എത്രയെത്ര നീ ഇനി കാണാനിരിക്കുന്നു! മാട്ടിൻ ഒരു അഗ്നിഗോളംപോലെ മിന്നിപ്പായുന്നതു ഞാൻ കണ്ടിട്ടുണ്ട്!"

"അഗ്നിഗോളമോ?" വിസ്മയം അടക്കാൻ വയ്യാതെ ജോൺ ഇടയ്ക്കു കയറി ചോദിച്ചു.

"അതെ, അഗ്നിഗോളംതന്നെ. ഞാൻ എന്റെ കണ്ണുകൊണ്ടുകണ്ടതാണ്. വായുവിൽ മാർട്ടിൻ അതിശീഘ്രം പായുന്നതു്. പ്രകാശരശ്മികൾ നാലുപാടും വീശിക്കൊണ്ടിരുന്നു. നാലു ദൈവദൂതന്മാർ മാർട്ടിനെ അനുഗമിക്കുന്നതു കണ്ടിട്ടുള്ളവരുമുണ്ടു്.

ജോൺ ഇടയ്ക്കു കയറി പറഞ്ഞു: "ബ്രദർ മാർട്ടിൻ ഒരു അത്ഭുതപുരുഷൻതന്നെ. അദ്ദേഹത്തിന്റെ കരുണയും സ്നേഹവും എത്ര വിസ്മയാവഹം!"

"നീ മാത്രമല്ല കുഞ്ഞേ, ഇങ്ങനെ പറയുന്നതു്." ബ്രദർ ഫെർഡിനാൻഡ് തുടർന്നു. "ലീമാപ്പട്ടണവാസികളെല്ലാം ഈ അഭിപ്രായക്കാരാണ്. വൈദികവിദ്യാർത്ഥികളുടെ കണ്ണിലുണ്ണിയാണു മാർട്ടിൻ. വെറും രണ്ടുകൊല്ലം മാത്രമേ മാർട്ടിൻ സ്കൂളിൽ പഠിച്ചിട്ടുള്ളൂ. എങ്കിലും വൈദികവിദ്യാർത്ഥികൾപോലും സംശയനിവാരണാർത്ഥം അദ്ദേഹത്തെയാണു സമീപിക്കുന്നതു്. വേദപുസ്തകവാക്യങ്ങൾ യാതൊരു തെറ്റുംകൂടാതെ അദ്ദേഹം ഉ

ഭാരിക്കും. വി. തോമസ് അക്വിനാസിന്റെ ഗഹനങ്ങളായ പ്രതിപാദനങ്ങൾപോലും മാർട്ടിനു സുപരിചിതമാണു്."

"സാധുക്കൾക്കു് എന്തുമാത്രം പണമാണു ബ്രദർ മാർട്ടിൻ വിതരണം ചെയ്യുന്നതു്." ജോൺ പറഞ്ഞുതുടങ്ങി. "പലപ്പോഴും എന്റെ കൈയിൽ തന്നയക്കാറുണ്ടു്. കഴിഞ്ഞയാഴ്ചയിൽത്തന്നെ രണ്ടായിരം ഡോളർ ചെലവായി. ഈ പണമെല്ലാം എവിടെനിന്നു കിട്ടുന്നു?"

"തരക്കേടില്ല. അദ്ദേഹത്തിനു ധനികരായ പല സ്നേഹിതന്മാരുമുണ്ടു്. ഗവണ്ണർപോലും മാർട്ടിന്റെ സ്നേഹിതനാണു്. സാധുക്കൾക്കു വസ്ത്രം, രോഗികൾക്കു മരുന്നു്, യുവതികൾക്കു സ്ത്രീധനം.....ദൈവമേ, ഏതെല്ലാം വഴിക്കാണു മാർട്ടിൻ സാധുക്കളെ സഹായിക്കുന്നതു്!" ഇപ്രകാരം മാർട്ടിന്റെ അപദാനങ്ങളെ അവർ പ്രകീർത്തിച്ചുകൊണ്ടിരുന്നു.

ഈ സമയം പുറത്തു നടന്നുകൊണ്ടിരുന്ന സംഭവം അവരിരുവരും അറിഞ്ഞില്ല. മാർട്ടിൻ ജോണിനെ തിരക്കി അലക്കുമുറിയിലേക്കു പോകുകയായിരുന്നു. അങ്ങോട്ടു പോകുമ്പോൾ കുറെ റെഡ് ഇൻഡ്യാക്കാർ വരാന്ത അടിച്ചു വൃത്തിയാക്കുന്നതായി മാർട്ടിൻ കണ്ടു. ബ്രദർ ഡോമിനിക്കായിരുന്നു അതു ചെയ്യിച്ചിരുന്നതു്. മാർട്ടിൻ അവരെ സൂക്ഷിച്ചുനോക്കി. അദ്ദേഹത്തിന്റെ മനസ്സലിഞ്ഞു.

"ഇവർ എവിടെനിന്നു വരുന്നവരാണു ബ്രദർ ഡൊമിനിക്കു? നല്ലജോലിയാണല്ലോ അവർക്കു കൊടുത്തിരിക്കുന്നതു്?"

"എനിക്കറിഞ്ഞുകൂടാ. ഞാൻ ചോദിച്ചുമില്ല. വിശന്നു വലഞ്ഞു, നട്ടെല്ലൊടിഞ്ഞു ഒട്ടിപ്പിടിച്ചിരുന്ന വയറുമായി ഇവിടെ വന്നുകയറി. വയറുനിറയെ ഞാൻ കൊടുത്തു. നിലത്തു വീണുകിടക്കുന്ന എച്ചിൽ അവർ അടിച്ചു വാരേണ്ടതല്ലേ?"

"ഓ, ശരി. ഇന്നലെയും കുറച്ചുപേർക്ക് ഊണു കൊടുത്തല്ലോ; കുറെ വെള്ളക്കാർക്ക്. പക്ഷേ, സഹോദരൻതന്നെയാണല്ലോ മുറി വൃത്തിയാക്കുന്നതായി കണ്ടതു്?"

ഡൊമിനിക്കിന്റെ മുഖത്തു ഒരു മ്ലാനതപരന്നു. "വെള്ളക്കാരുടെ എച്ചിൽ തുടുവാരുവാൻ എനിക്കു മടി തോന്നിയില്ല. പക്ഷേ, ഇൻഡ്യാക്കാരുടെ..... ബ്രദർ മാട്ടിൻ, എന്റെ പ്രവൃത്തി അല്പം കടന്നുപോയി, സമ്മതിക്കുന്നു." ഒരപരാധിയെപ്പോലെ അദ്ദേഹം പറഞ്ഞു.

"എന്തുകൊണ്ടാണു് അതല്പം കടന്നുപോയെന്നു പറഞ്ഞതു്?" മാർട്ടിൻ ആരാഞ്ഞു.

"എന്തുകൊണ്ടെന്നോ? അതു തെറ്റാണെന്നു തോന്നുന്നതുകൊണ്ടുതന്നെ!"

"അതു തെറ്റാണെന്നു പറയാൻ കാരണം?"

നിഷ്കളങ്കനായ ബ്രദർ ഡൊമിനിക്കു് ഇതിനുത്തരം കണ്ടെത്താതെ കുഴങ്ങി. ജാതിവ്യത്യാസമോ നിറഭേദമോ അല്ല മനുഷ്യത്വത്തിന്റെ മാനദണ്ഡം. ഒരുവന്റെ ജീവിതരീതിയാണു, സ്വഭാവവൈശിഷ്ട്യമാണു് അവന്റെ ശ്രേഷ്ഠതക്കു നിദാനം. ഡൊമിനിക്കു ചിന്തിച്ചു. അദ്ദേഹം അറിയാതെതന്നെ അവരുടെ പക്കലേക്കു നീങ്ങി.

"മതി. അതുമതി." അദ്ദേഹം അവരെ തടഞ്ഞു. "ഞാൻതന്നെ ബാക്കിയുള്ളതു് അടിച്ചുകൊള്ളാം."

ബ്രദർ ഡൊമിനിക്കിന്റെ മാനസാന്തരത്തിൽ മാട്ടിൻ ദൈവത്തിനു സ്തോത്രം ചെയ്തു. ഒരു ചെറുപുഞ്ചിരിയോടുകൂടി അദ്ദേഹം സ്ഥലംവിട്ടു.

മനുഷ്യനെ മനുഷ്യനിൽനിന്നു വേർതിരിക്കുവാൻ ലോകം അതിത്തികൾ സൃഷ്ടിക്കുന്നു! എല്ലാമനുഷ്യരും—പണ്ഡിതനും പാമരനും, പാശ്ചാത്യനും പൗരസ്ത്യനും, വെള്ളക്കാരനും നീഗ്രോയും—ദൈവത്തിന്റെ മക്കളും ദിവ്യനാഥന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടവരുമാണെന്നു നാം ഗ്രഹിക്കാത്തതുകൊണ്ടല്ലേ കഷ്ടതകളും കലാപങ്ങളും ലോകത്തിൽ നടമാടുന്നതു്? സംസ്കാരത്തിന്റേയും നാഗരികതയുടേയും അത്യുച്ചകോടിയിൽ എത്തിക്കഴിഞ്ഞുവെന്നു് അഭിമാനിക്കുന്ന ആധുനികമനുഷ്യൻ ഈ പരമാർത്ഥം വിസ്മരിക്കുന്നതാണു ശോചനീയം.

പന്ത്രണ്ടാമധ്യായം

ദീപം പൊലിയുന്നു

സാന്തോ ദൊമീങ്ഗോയിൽ മാർട്ടിന്റെ നാല്പത്തഞ്ചു കൊല്ലത്തെ ജീവിതം—അതെത്രയെത്ര മഹാസംഭവങ്ങൾക്കാണു സാക്ഷിനില്ക്കുന്നതു്! ആ നീഗ്രോസന്ന്യാസിയെ അറിയാത്തവർ ലീമായിൽ ആരുമില്ല. കുഞ്ഞുങ്ങൾ മാർട്ടിന്റെ അടുക്കൽ ഓടിക്കൂടും. പുത്തനിർവിശേഷം

മാർട്ടിൻ അവരെ സ്നേഹിച്ചിരുന്നു. അശരണരും അനാഥരുമായ എത്രയെത്ര ശിശുക്കളെ മാർട്ടിൻ എടുത്തു താലോലിച്ചു വളർത്തിയിട്ടില്ല! എത്രയെത്രപേരുടെ ജൈവവിളിയെ ആ വിനീതസഹോദരൻ പരിരക്ഷിച്ചിട്ടില്ല! കോടതികയറി തല്ലിപ്പിരിയേണ്ട അനേകം വഴക്കുകൾ മാർട്ടിന്റെ മധ്യസ്ഥതയിൽ ശാന്തമായിത്തീർന്നിട്ടുണ്ട്. ഒരിക്കൽ വിശക്കുന്നവർക്ക് അപ്പം കൊടുക്കുന്നതായിട്ടാണു നാം മാർട്ടിനെ കാണുക; മറെറാരിക്കൽ രോഗികൾക്കു മരുന്നുനല്കുന്നതായിട്ടും. പരോപകാരാർത്ഥം രാപകൽ ഇടവിടാതെ അദ്ധ്വാനം ചെയ്യാൻ മാർട്ടിനു യാതൊരു മടിയുമില്ല. ദരിദ്രലക്ഷങ്ങൾ മാത്രമല്ല ധനികരും മാർട്ടിനിൽനിന്നു സഹായങ്ങൾ സ്വീകരിച്ചിട്ടുണ്ട്; പാവങ്ങൾ പണവും ധനികന്മാർ രോഗവിമുക്തിയും. ലീമായിലേ പൗരമുഖ്യനും ജനപ്രമാണിയുമായ ഡോൺ ജുവാനെ മരണവക്ത്രത്തിൽനിന്നു മാർട്ടിനാണു രക്ഷപെടുത്തിയതു്. മെക്സിക്കോയിലേ മെത്രാപ്പോലീത്താ ആയിരുന്ന ഡോൺഫെലിച്ചിയൻതിരുമേനിയെ അപകടകരമായ രോഗത്തിൽനിന്നു അദ്ഭുതകരമായി സുഖപ്പെടുത്തിയതും മാർട്ടിൻതന്നെ. ഇങ്ങനെ ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ അദ്ദേഹത്തിൽനിന്നു സഹായം ലഭിക്കാത്തവർ ലീമാപ്പട്ടണത്തിലുണ്ടായിരുന്നില്ല.

മാർട്ടിനിൽനിന്നു ശാരീരികവും ആത്മീയവുമായ അനുഗ്രഹങ്ങൾ ധാരാളമായി ലഭിച്ച ഒരു വ്യക്തിയായിരുന്നു ഫാദർ സിപ്രിയൻ ജൈമെദിന. ഇദ്ദേഹം ഡോൺ ഫെലിച്ചിയൻ തിരുമേനിയുടെ അനന്തരവനായിരുന്നു.

അന്നൊരുദിവസം ഫാദർ സിപ്രിയൻ മാർട്ടിനെ വളരെ നേരം തിരക്കി. ആശ്രമത്തിൽ എല്ലായിടത്തും, പ്രത്യേകിച്ചു്, മാർട്ടിന്റെ മുറിയിലും അദ്ദേഹം പലവട്ടം അന്വേഷിച്ചു. ഒടുവിൽ കുശിനിയിൽവച്ചാണു് അദ്ദേഹത്തെ കണ്ടുമുട്ടിയതു്. മാർട്ടിൻ കുശിനി അടിച്ചു വൃത്തിയാക്കുകയായിരുന്നു.

"മാർട്ടിൻ, ഇതാ സന്തോഷപ്രദമായ ഒരു വാർത്ത." അടക്കാൻ പാടില്ലാത്ത ആനന്ദത്തോടുകൂടി ഫാദർ സിപ്രിയൻ ആരംഭിച്ചു. "എന്റെ മാതുലനായ മെത്രാപ്പോലീത്താ മെക്സിക്കോയിലേക്കു മാർട്ടിനെക്കൂടെ കൊണ്ടുപോകണമെന്നു തീരുമാനിച്ചിരിക്കുന്നു."

മാർട്ടിൻ ഒന്നു മന്ദഹസിച്ചു. വളരെ വർഷങ്ങൾക്കു മുമ്പു ഫാദർ സിപ്രിയൻ സന്ന്യാസാർത്ഥിയായി കഴിഞ്ഞിരുന്ന കാലം—അതു് ഒരു ചലച്ചിത്രത്തിലെന്നപോലെ മാർട്ടിന്റെ മനോമുകുരത്തിൽ പ്രത്യക്ഷമായി. അന്നു് അദ്ദേഹത്തെ ആരെല്ലാം കളിയാക്കിയിരുന്നു! അരസികനും വിരൂപനുമായിരുന്ന ആ ഗ്രാമീണബാലൻ ഇന്നു സമർത്ഥനും പണ്ഡിതനുമായ ഒരു വൈദികനെന്നനിലയിൽ പ്രസിദ്ധിനേടിയിരിക്കുന്നു. സത്യം്ക്കു് അദ്ദേഹം ഇന്നൊരു നേട്ടംതന്നെയാണു്.

മാർട്ടിൻ ഒരു നിമിഷത്തേയ്ക്കു ജോലിനിർത്തി. "മെക്സിക്കോയിലേക്കോ? എന്തിനാണു് അങ്ങോട്ടു പോകുന്നതു്?" മാർട്ടിൻ ജിജ്ഞാസാപൂർവ്വം ചോദിച്ചു.

"എന്തിനെന്നോ? കൊള്ളാം! തിരുമേനിക്കു മാർട്ടിനെക്കൊണ്ടു പല ആവശ്യങ്ങളുമുണ്ടു്. തന്റെ ജീവനെ

രക്ഷിച്ച നിങ്ങളെ പിരിഞ്ഞിരിക്കുവാൻ അദ്ദേഹത്തിന് ഒട്ടും മനസ്സുവരുന്നില്ല."

മാർട്ടിൽ ഒന്നു നിശ്വസിച്ചു. താൻവഴി നടന്ന നിരവധി രോഗശമനങ്ങൾ സ്വന്തം ശക്തിയാലല്ല, ദൈവശക്തിയാലാണു സാധിതമായിട്ടുള്ളതെന്നു സ്പഷ്ടമാക്കുവാൻ അദ്ദേഹം സർവ്വാത്മനാ ശ്രമിച്ചിരുന്നു. എന്നാൽ, അതെപ്പറ്റി ആരും അതു ഗൗനിച്ചിരുന്നില്ല.

"എന്നെക്കൊണ്ടു തിരുമേനിക്ക് എന്തെങ്കിലും ഗുണമുണ്ടായിട്ടുണ്ടാവാം. തന്മൂലം ഞാൻ അഹങ്കാരിയാകണമെന്നാണോ അച്ചന്റെ നിർബന്ധം? തിരുമേനി എന്റെ സഹായംകൂടാതെതന്നെ സുഖം പ്രാപിക്കുമായിരുന്നു." മാർട്ടിൻ പറഞ്ഞു.

ആ പുരോഹിതൻ ഇച്ഛാഭംഗത്തോടേ വിഷയം മാറ്റി.

"മാർട്ടിൻ, നിങ്ങൾ ഒരു അസാധാരണമനുഷ്യൻതന്നെ. നിങ്ങൾ എനിക്കു ചെയ്തതന്ന ഉപകാരം ഞാനെങ്ങനെ വേഗം മറക്കും? എന്റെ പ്രാകൃതരൂപം ആശ്രമത്തിൽ ആരെയെല്ലാം ചിരിപ്പിച്ചിട്ടില്ല?"

"ഫാദർ സിപ്രിയൻ, അങ്ങേയ്ക്കു എന്നുമൊരു നല്ലഹൃദയമുണ്ടായിരുന്നു." മാർട്ടിൻ പറഞ്ഞു.

"ഞാൻ ക്ലാസ്സിൽ എത്രമന്ദബുദ്ധിയായിരുന്നു! എനിക്കൊന്നിനും....."

"എപ്പോഴും ദൈവം മാത്രമായിരുന്നു അങ്ങയുടെ സ്നേഹവിഷയം."

"അന്നു ഞാൻ രോഗിയായി കിടന്നപ്പോൾ.....! മാർട്ടിൻ, നിങ്ങൾ എത്രമാത്രം എനിക്കുവേണ്ടി പ്രാ

ത്തിച്ചു. അതിനുശേഷം എന്തെല്ലാം വ്യത്യാസങ്ങൾ എന്നിലുണ്ടായി. പഠനത്തിൽ അസൂയാർഹമാംവണ്ണം ഞാൻ പുരോഗമിച്ചു. എന്റെ വിശ്രുതത എങ്ങോ ഓടിഒളിച്ചു. ഹാ, മാർട്ടിൻ! നിങ്ങൾ സഹായിച്ചില്ലായിരുന്നെങ്കിൽ ഞാൻ ഇപ്പോൾ എവിടെ ആയിരുന്നേനേ!"

"ഇവിടെ സാന്തോ ഡൊമീഞ്ഞോയിൽത്തന്നെ." മാർട്ടിൻ മന്ദസ്മിതത്തോടെ പറഞ്ഞു.

പെട്ടെന്നു ശക്തിയേറിയ ഒരു വേദന മാർട്ടിന്റെ ദേഹമാസകലം അനുഭവപ്പെട്ടു. അത് അന്നുമുതൽ അവസാനനിമിഷംവരെ അദ്ദേഹത്തിന്റെ സന്തത സഹചാരിയായിരുന്നു. തന്റെ അന്ത്യം സമീപിച്ചിരിക്കുന്നതായി മാർട്ടിൻ ഗ്രഹിച്ചു. സുദീർഘമായ ഒരു യാത്രയ്ക്കു ഭാണ്ഡംകെട്ടേണ്ട സമയം സമാഗതമായിരിക്കുന്നു. മെക്സിക്കോയിലേക്കല്ല, നീലാകാശത്തിനപ്പുറത്തേക്ക്. താരകാഗണങ്ങൾക്കപ്പുറം ആരോ തന്നെ മാടിവിളിക്കുന്നതായി ആ ദൈവദാസൻ കണ്ടു. ഒരു നിമിഷനേരത്തേക്കു മാർട്ടിന്റെ അന്തരാത്മാവു സപ്തർഷിയിലേക്കുയർന്നു. ഒരു നിശ്ശബ്ദത.

കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കിയ ഫാദർ സിപ്രിയൻ വ്യസനാക്രാന്തനായി ചോദിച്ചു:

"മാർട്ടിൻ, നിങ്ങൾക്കു സുഖമില്ലെന്നു തോന്നുന്നല്ലോ? ഇതെല്ലാം എന്തിനു് ഒളിച്ചുവയ്ക്കുന്നു? നിങ്ങൾക്കു കുശിനിപ്പണിയല്ല പരിപൂർണ്ണവിശ്രമമാണു് ഇനി ആവശ്യം."

മാർട്ടിൻ കൈയിലിരുന്ന ചൂലിന്മേൽ പിടിമുറുക്കി. വേദന അത്ര അസഹ്യമായിരുന്നു.? "സാരമില്ല. വാദ്ധ

കൃത്തിന്റെ വ്യാകുലങ്ങൾ ആരും അനുഭവിക്കേണ്ട തല്ലേ."

"അപ്പോൾ അത്ര അധികമല്ലല്ലോ മാർട്ടിൻ?" അദ്ദേഹത്തെ സൂക്ഷിച്ചുനോക്കിക്കൊണ്ടു ഫാദർ സിപ്രിയൻ പറഞ്ഞു. വിഷാദം കലർന്നിരുന്ന ആ വാക്കിൽ. അദ്ദേഹത്തിന്റെ ചിന്ത മറിച്ചായിരുന്നു. മാർട്ടിന് എന്തെങ്കിലും സംഭവിച്ചാലുണ്ടാകാവുന്ന അവസ്ഥയെപ്പറ്റി സ്മരിച്ചപ്പോൾ അദ്ദേഹം ഒന്നു ഞെട്ടി.

"മതി, മാർട്ടിൻ മതി. ഇനിയെങ്കിലും അല്പമൊന്നാശ്വസിക്കൂ. രാപകൽ ഇടവിടാതെ ഇത്രയുംനാൾ കഠിനാധ്വാനം ചെയ്തല്ലോ; അതുപോരേ? പ്രിയോരച്ചനെ കണ്ടു് ഇപ്പോൾത്തന്നെ കാര്യമെല്ലാം ഞാൻ ഗ്രഹിപ്പിക്കാം."

"കൊള്ളാം, വളരെ ഉപകാരം. ഏതായാലും തുടങ്ങിയ ജോലി ഒന്നവസാനിപ്പിച്ചുകൊള്ളട്ടെ!" മാർട്ടിൻ തുപ്പു തുടർന്നു.

അധികദിവസം കഴിഞ്ഞില്ല. ആശ്രമവാസികളെല്ലാം വിസ്മയിച്ചു, മാർട്ടിൻ ഒരു പുതിയ ഉടുപ്പുധരിച്ചിരിക്കുന്നതു കണ്ടു്. കീറിത്തുന്നിയ ഉടുപ്പുകളാണു് അദ്ദേഹം പതിവായി ധരിച്ചിരുന്നതു്. സന്ന്യാസികൾ ഇതേപ്പറ്റി പരസ്പരം അഭിപ്രായങ്ങൾ കൈമാറി.

"എന്തു്? മാട്ടിനും വേഷഭ്രഷകളിൽ ഭ്രമമായോ?" ഒരാൾ ചോദിച്ചു.

"ഇല്ല, ഒരിക്കലുമില്ല. എന്റെ ശവസംസ്കാരത്തിന് ഒരു പുതിയ ഉടുപ്പുവേണമല്ലോ! അതു് അല്പം നേരത്തേ ധരിച്ചെന്നുമാത്രം." മാർട്ടിൻ സ്വതസ്സിദ്ധമായ

വിനോദശീലം കൈവിടാതെ മറുപടി പറഞ്ഞു.

"എന്ത്? ശവസംസ്കാരമോ? മാർട്ടിൻ, എന്താണീ പറയുന്നത്? ഞങ്ങൾക്കൊന്നും മനസ്സിലാകുന്നില്ല."

"എന്റെ മരണദിനം അടുത്തുവരുന്നുവെന്നാണു ഞാൻ പറഞ്ഞതിന്റെ അർത്ഥം. നാലുദിവസത്തിനുള്ളിൽ.....!"

സാന്തോ ഡൊമീങ്ഗോയിലേ സ്ഥിതി ഊഹിക്കയാണുത്തമം. ഇതുവരെ ഒന്നിലും തെറ്റുപറ്റിയിട്ടില്ലാത്ത മാർട്ടിൻതന്നെയാണു പറയുന്നതു നാലു ദിവസത്തിനുള്ളിൽ താൻ മരിക്കുമെന്ന്. വെള്ളിടിപോലെ ആ വാക്കുകൾ അവരുടെ കണ്ണപുടങ്ങളിൽ ആഞ്ഞടിച്ചു.

"നാഥാ, ഇതനുവദിക്കല്ലേ! അനേകശതങ്ങളെ കണ്ണുനീരിൽ ആമഗ്നരാക്കുന്ന ഈ സംഭവം നടക്കുന്നുവെങ്കിൽ.....ദൈവമേ....." ഫാദർ സിപ്രിയനും മെക്സിക്കോ മെത്രാപ്പോലീത്തായും പൊട്ടിക്കരഞ്ഞുപോയി. മാട്ടിനുവേണ്ടി എന്തു ചെലവുചെയ്താലും അതൊരിക്കലും അധികമാകയില്ലെന്നു, രോഗവിവരം ശ്രവിച്ച പെറുവിലേ വൈസ്രോയിപോലും അഭിപ്രായപ്പെടുകയുണ്ടായി. മാർട്ടിനാകട്ടെ ഒരു യുഗാവിന്റെ ചുറുചുറുപ്പോടെ തന്റെ ജോലി തുടർന്നുപോന്നു. പതിവുപോലുള്ള പുഞ്ചിരിയും.

ദിവസങ്ങൾ ഒന്നൊന്നുകൂടി അങ്ങനെ കടന്നുപോയി. മൂന്നാംദിവസം രാവിലേ, പതിവുപോലെ എല്ലാവരും ദിവ്യകർമ്മങ്ങൾക്കായി ദൈവാലയത്തിലേക്കു പോയി. എന്നാൽ മാട്ടിൻമാത്രം അവരുടെ കൂട്ടത്തിൽ ഇല്ലായിരുന്നു. നാല്പത്തഞ്ചുവർഷക്കാലത്തേ ആശ്രമജീ

വിതത്തിനിടയ്ക്ക് ഇതുവരെ ഒരിക്കലും അദ്ദേഹം ദിവ്യ ബലിയിൽ സംബന്ധിക്കാതിരുന്നിട്ടില്ല. ഇനി നാലു ദിവസംകൂടി മാത്രമേ താൻ ജീവിച്ചിരിക്കുകയുള്ളൂ എന്നുള്ള മാർട്ടിന്റെ വാക്കുകൾ അവർ സ്മരിച്ചു. അവരുടെ മുഖം വിളറി. ആശ്രമശ്രേഷ്ഠൻ വേറെ ചിലരുമൊന്നിച്ചു മാർട്ടിന്റെ മുറിയിലേക്കോടി. അവിടെ ആ പുതിയ ഉടുപ്പുംധരിച്ചു മാർട്ടിൻ ശയിക്കുകയാണു രോഗബാധിതനായി. പ്രിയോരച്ചനു് ഒന്നുംതന്നെ പറയാൻ കഴിഞ്ഞില്ല. ഒന്നരണ്ടു അശ്രുകണങ്ങൾ ആ ധീരനേത്രങ്ങളിൽനിന്നും അടർന്നുവീണു; അത്രമാത്രം.

മാർട്ടിന്റെ രോഗവാർത്ത കാട്ടുതീപോലെ പരന്നു ലീമാപ്പട്ടണത്തിൽ. ജനങ്ങൾ അഹമഹമികയാ ഓടിക്കൂടി, വിദേശീയരെന്നോ സ്വദേശീയരെന്നോ, വെള്ളക്കാരെന്നോ നീഗ്രോകളെന്നോ, ഭരണീയരെന്നോ ഭരണകർത്താക്കളെന്നോ, ദരിദ്രരെന്നോ ധനികരെന്നോ ഉള്ള വ്യത്യാസംകൂടാതെ. വൈസ്രോയിപോലും മാർട്ടിനെ കണ്ടു പ്രാർത്ഥനാസഹായങ്ങൾ അർത്ഥിക്കുവാൻ അവിടെ കാവലായി.

"എനിക്കൊരു മിനിറ്റ് അനുവദിച്ചാൽമതി." അദ്ദേഹം ആശ്രമാധിപനോട് അഭ്യർത്ഥിച്ചു. "മാർട്ടിൻ ആസന്നമരണനായിക്കിടക്കുന്നുവെന്ന ജനശ്രുതി വാസ്തവമോ?" ആ ഭരണസാരഥി ആരാഞ്ഞു.

"അതു വാസ്തവംതന്നെ. ഇനി കുറച്ചു മണിക്കൂറുകൾമാത്രം!.....വരൂ, കാണിച്ചുതരാം." പ്രിയോർ വൈസ്രോയിക്ക് അനുവാദം നല്കി. അവരിരുവരും സന്ദർശനമുറിയിൽനിന്നും മാർട്ടിന്റെ അടുക്കലേക്കു പുറപ്പെട്ടു. അ

വർ അധികം നടന്നില്ല, ഒരു സഹോദരൻ അവർക്കെതിരായിവന്നു പറഞ്ഞു അതിഥികളെ കാണുവാൻ മാർട്ടിന് ആഗ്രഹമില്ലെന്ന്.

"പക്ഷേ, വൈസ്രോയിയാണല്ലോ അതിഥി. കണ്ടേ മതിയാകൂ എന്നു നിർബന്ധവും. അദ്ദേഹത്തെ സ്വീകരിക്കുന്നതിന് ഒരുങ്ങിക്കൊള്ളാൻ മാർട്ടിനോടു പറയൂ." പ്രിയോർ അല്പം അതൃപ്തിയോടുകൂടി പറഞ്ഞു. ആ സഹോദരൻ അവിടം വിടുന്നതിനുമുമ്പു മാർട്ടിനെപ്പറ്റി വൈസ്രോയി പലതും ആരാഞ്ഞു. മാർട്ടിൻ പരിശുദ്ധ മാതാവിനോടും വി. ഡൊമിനിക്കിനോടും സംസാരിക്കുകയാണെന്ന് അയാൾ വെളിപ്പെടുത്തി.

പ്രിയോരച്ചൻ മുമ്പോട്ടു നീങ്ങി. എന്നാൽ, വൈസ്രോയി അദ്ദേഹത്തെ തടഞ്ഞു. മാർട്ടിൻ അനുവാദം തരുന്നതുവരെ കാത്തിരിക്കാമെന്നും സഹവാസികളുമായി സല്ലപിക്കുന്ന അദ്ദേഹത്തെ അലട്ടുന്നതു ശരിയല്ലെന്നും വൈസ്രോയി അഭിപ്രായപ്പെട്ടു.

ഒരു പതിനഞ്ചു മിനിറ്റു കഴിഞ്ഞുകാണും. അപ്പോൾ വേറൊരു സഹോദരൻ വന്നുപറഞ്ഞു. മാർട്ടിൻ തയ്യാറായിരിക്കുന്നുവെന്ന്. പ്രിയോർ മുമ്പിലും വൈസ്രോയി പിമ്പിലുമായി അവർ മാർട്ടിന്റെ മുറിയിൽ പ്രവേശിച്ചു.

മാർട്ടിൻ പ്രശാന്തനായി കാണപ്പെട്ടു. ഒരു സ്വർഗ്ഗീയപ്രകാശം അദ്ദേഹത്തിന്റെ മുഖത്തെ ആവരണം ചെയ്തിരുന്നു. അസ്ഥിമാത്രമായ ആ കൈകളിൽ ഒരു ക്രൂശിതരൂപം പിടിച്ചിട്ടുണ്ടായിരുന്നു. ഡോൺ ലൂയി—

വൈസ്രോയി—മരണാസന്നനായ ആ നീഗ്രോയുടെ അടുക്കൽ മുട്ടുകുത്തി.

"മാർട്ടിൻ, സ്വർഗ്ഗരാജ്യത്തിലായിരിക്കുമ്പോൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ മറക്കരുതേ!" ഒരു വിശുദ്ധനോടെന്നപോലെ അദ്ദേഹം അഭ്യർത്ഥിച്ചു. മാർട്ടിൻ സമ്മതരൂപത്തിൽ തലകുലുക്കി. വേദനവർദ്ധിച്ചുകൊണ്ടുതന്നെയിരുന്നു. എല്ലാം ക്രൂശിതനാഥനുവേണ്ടി അദ്ദേഹം ക്ഷമയോടുകൂടി സഹിച്ചു. ആത്മമിത്രത്തെയോ വൈസ്രോയിയെയോ അദ്ദേഹം കണ്ടില്ല. എന്നാൽ, പ്രകാശമാനങ്ങളായ ചില സുന്ദരവദനങ്ങൾ അദ്ദേഹത്തിനു കാണാമായിരുന്നു—പുഞ്ചിരിതൂകി കരങ്ങൾ നീട്ടി കാത്തുനില്ക്കുന്ന സ്വർഗ്ഗീയനാഥയും വി. ഡൊമിനിക്കും ആ നീഗ്രോസന്ന്യാസിയെ സ്വീകരിക്കാൻ!

മണിക്കൂറുകൾ അതിവേഗം കടന്നുപോയി. ഭിനേശൻ പശ്ചിമാംബുധിയിൽ മുങ്ങിക്കഴിഞ്ഞു. മാർട്ടിന്റെ അവശത വർദ്ധിച്ചുകൊണ്ടുതന്നെയിരുന്നു. സാത്താൻ അത്യുത്സാഹം ചെയ്തു അദ്ദേഹത്തെ അടിപ്പെടുത്തുവാൻ. മരണമണിക്കൂറുകൾ സമീപിക്കുന്നതോടുകൂടി ആ നാരകീയസർപ്പത്തിന്റെ ആക്രമണവും ക്രൂക്ഷതരമായിത്തീർന്നു. എങ്കിലും അദ്ദേഹം കീഴ്പെട്ടില്ല. ക്രൂശിതരൂപത്തിന്മേൽ പിടിമുറുക്കിക്കൊണ്ട് അദ്ദേഹം ചെറുത്തുനിന്നു. ദൈവമാതൃവസ്ത്രവും ക്രൂശിതരൂപവുമാണ് അദ്ദേഹത്തിന്റെ രക്ഷാകവചങ്ങൾ. അവയുടെ മുമ്പിൽ നരകവാതിലുകൾ എങ്ങനെ ശക്തിപ്പെടും?

ആ മുറിയുടെ ഒരു മൂലയിൽ വൈദ്യൻ മറ്റൊരു

മരുന്നുകൂടി തയ്യാറാക്കുന്നതുകണ്ടു മാർട്ടിൻ പുഞ്ചിരിതൂകി. വലിയ ഒരു ഭാവഭേദം അദ്ദേഹത്തിന്റെ മുഖത്തു പ്രത്യക്ഷമായി. ആശ്രമശ്രേഷ്ഠൻ അടുത്തുചെന്നു. മാർട്ടിനെ സൂക്ഷിച്ചുനോക്കി. "മറ്റുള്ളവരെ വിളിക്കട്ടെയോ മാർട്ടിൻ? കൂട്ടമായി ഞങ്ങൾ പ്രാർത്ഥന ആരംഭിക്കട്ടെയോ?" വികാരതരളിതനായി അദ്ദേഹം ചോദിച്ചു.

മരണാസന്നനായ ആ മഹാത്മാവു് ഒരു പിഞ്ചുപൈതലിനെപ്പോലെ കണ്ണുകൾ ഉയർത്തി അദ്ദേഹത്തെ നോക്കി. പതിനഞ്ചുവയസ്സിൽ മാർട്ടിൻ സാന്തോ ഡൊമീഞ്ഞോയിൽ പ്രവേശിച്ചതാണു, സന്യാസികളെ സേവിക്കുവാൻ; വെറുമൊരു വേലക്കാരനായി ജീവിക്കുവാൻ. ഇതാ, അദ്ദേഹത്തിന്റെ സേവനങ്ങൾ അവസാനിക്കുവാൻ പോകുന്നു. കുറച്ചുസമയംകൂടി; എല്ലാം കഴിയും! മറ്റുള്ളവരെ വിളിക്കാൻ അദ്ദേഹം സമ്മതിച്ചു.

മണി എട്ടര അടിച്ചു. മരണമണി അതിന്റെ ശോകനാദം മുഴുക്കുവാൻ കാത്തു നില്ക്കുന്നു. മാർട്ടിൻ ക്ലേശിതരൂപത്തെ മുറുകെപ്പിടിച്ചു. ജപമാലയുടെ കിലുകിലാരവം അദ്ദേഹം കേട്ടു. ദൈവമാതാവു് ഇതാ പുറപ്പെട്ടിരിക്കുന്നു മാർട്ടിനെ സ്വീകരിക്കാൻ. ദൈവദൂതഗണം അകമ്പടി സേവിക്കുന്നു.

മാർട്ടിന്റെ കണ്ണുകൾ അടഞ്ഞു. ഏറ്റവും സുപരിചിതങ്ങളായ ആ വാക്കുകൾ അദ്ദേഹത്തിന്റെ ചെവികളിൽ അലതല്ലി. "ദൈവത്തിൽനിന്നുള്ള ദൈവവും .....പ്രകാശത്തിൽനിന്നുള്ള പ്രകാശവും.....മനുഷ്യരായ നമ്മെപ്രതിയും നമ്മുടെ രക്ഷയെപ്രതിയും സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങി. പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാൽ

പരിശുദ്ധ മറിയത്തിൽനിന്ന് ഉടലെടുത്ത മനുഷ്യനായിത്തീർന്നു....."

ഒരു സ്വർഗ്ഗീയപ്രകാശം അദ്ദേഹത്തിന്റെ മുഖത്തെ ആവരണം ചെയ്തു. ആ ഭാവത്തിനു പിന്നീടു മാറ്റം സംഭവിച്ചില്ല. അദ്ദേഹത്തിന്റെ മാറിടം കിടക്കയിൽനിന്ന് അല്പമൊന്നുയർന്നു. ചെറുതായൊരു നിശ്വാസം. അഹോ! ആ മൺഭിത്തികളെ പിന്നിലാക്കിക്കൊണ്ട് ആ വാനമ്പാടി നീലാകാശത്തിലേക്കു പറന്നുയർന്നു. സമരഭിനങ്ങളെ അങ്ങനെ സമാപിച്ചു. പ്രകാശസുന്ദരമായ ആ മണിദീപം പൊലിഞ്ഞു. അമേരിക്കൻജനതയുടെ ധമനീനാളത്തിൽക്കൂടി പരസ്നേഹത്തിന്റെ യുവരക്തം ഓടിച്ച ആ ഹൃദയം ഇനി സ്പന്ദിക്കുകയില്ല!

പതിന്മൂന്നാമധ്യായം

അന്ത്യമയം കഴിഞ്ഞു

ആയിരത്തിത്തൊള്ളായിരത്തി മുപ്പത്തൊൻപതു നവംബർ അഞ്ച്. അന്നത്തെ രാത്രിയിലാണ് ആ ശോകനാടകം അഭിനയിക്കപ്പെട്ടതു്. പരമഭക്തനായ മാർട്ടിൻ ഡി പോറസ്സിന്റെ നിർമ്മലാത്മാവു പാരിലെങ്ങും പുണ്യപരിമളം പരത്തിക്കൊണ്ടു സ്വർഗ്ഗത്തിലേക്കു പറന്നുപോയ ആ ശുഭമുഹൂർത്തം കഴിഞ്ഞു. ആ യോഗിവര്യന്റെ ശവമഞ്ചത്തിനു ചുറ്റും പ്രാർത്ഥനാനിരതരായി,

നിദ്രാരഹിതരായി കഴിച്ചുകൂട്ടുകയാണു് ആശ്രമാംഗങ്ങൾ ആ രാവുമുഴുവൻ.

പ്രഭാതം ആ ദുഃഖവാർത്ത പ്രക്ഷേപണം ചെയ്തു. കേട്ടവർ കേട്ടവർ ആശ്രമത്തെ ലക്ഷ്യമാക്കി ഓടിത്തുടങ്ങി, ആ പുണ്യശ്ലോകന്റെ മൃതദേഹം ഒരുനോക്കു കാണുവാൻ; ആ പരോപകാരിക്കു് അന്ത്യോപചാരം ചെയ്യുവാൻ. സ്ത്രീപുരുഷഭേദമെന്നിയേ ആബാലവൃദ്ധം ജനങ്ങൾ അഹമഹമികയാ അങ്ങോട്ടു പോകുകയാണു്. അല്പനിമിഷങ്ങൾക്കുള്ളിൽ ആശ്രമവും പരിസരങ്ങളും ജനനിബിഡമായിക്കഴിഞ്ഞു.

പലരും തങ്ങളുടെ കൊന്ത, വെന്തിങ്ങാ മുതലായവ മാർട്ടിന്റെ ശരീരത്തിൽ തൊടിവിക്കുവാൻ ബദ്ധപ്പെട്ടു. മറ്റുചിലർ മാർട്ടിന്റെ വസ്ത്രങ്ങൾ കുറേശ്ശേ മുറിച്ചെടുക്കുന്നു. തന്റെ ശവസംസ്കാരത്തിനായി എന്നു പറഞ്ഞു മാർട്ടിൻതന്നെ ഏതാനും ദിവസങ്ങൾക്കു മുൻപു ധരിച്ച അങ്കിയാണു് ആദ്യം മൃതശരീരത്തിൽ കിടന്നിരുന്നതു്. എന്നാൽ, അല്പസമയത്തിനുള്ളിൽ അതു് അപ്രത്യക്ഷമായി. പുതിയതായി അണിയിച്ച ഉടുപ്പുകൾ ഓരോന്നും ഭക്തജനങ്ങൾ ഇങ്ങനെ പങ്കിട്ടെടുക്കുവാൻ തുടങ്ങി.

"ഈ പണി ഇനിയും പന്തിയാകയില്ല. എത്ര ഉടുപ്പുകൾ ഇതിനകം അണിയിച്ചു?" ആശ്രമശ്രേഷ്ഠന്റെ ക്ഷമ കെട്ടു. "എന്തുചെയ്യാം. നമ്മുടെ സഹോദരൻ ഒരു പുണ്യവാനെന്നു് അവർ പൂർണ്ണമായി വിശ്വസിക്കുന്നതുകൊണ്ടല്ലേ ഇങ്ങനെ ചെയ്യുന്നതു്?" മറ്റുസന്ന്യാസികൾ ആളുകളുടെ ഭാഗം പിടിച്ചു. "ഭാവിയിലും അത്ഭുതസ

ഹായങ്ങൾ പ്രതീക്ഷിക്കുന്ന അവർ തിരുഃശ്ലിപ്പുകളാ
വശ്യപ്പെട്ടന്നെങ്കിൽ എന്തിനവരെ പഴിക്കുന്നു?" പ
ക്ഷേ, ഈ നിലയ്ക്ക് ശവസംസ്കാരം എപ്പോൾ എങ്ങി
നെ നടത്തും! ഒരു പിടിയുമില്ലാതെ അവർ കുഴങ്ങി.

ജനപ്പെരുപ്പം വർദ്ധിച്ചുകൊണ്ടുതന്നെയിരുന്നു.
പൊതുജനഹിതത്തിനെതിരായി പ്രവർത്തിക്കുവാൻ ആ
ത്മാധികൃതർക്കു നിവൃത്തിയില്ലായിരുന്നു. അതിനാൽ,
ശവസംസ്കാരം പിറേറന്നു രാവിലേക്കു മാറ്റിവെക്കേണ്ടു
തായിവന്നു. ഭ:ഖാർത്തരായ ജനാവലിക്കു അതു തെല്ലാ
ശ്വാസം നല്കി.

മാർട്ടിനെ കാണുവാൻ ഇനിയും സമയവും സൗക
ര്യവും ഉണ്ടെന്നറിഞ്ഞതു പലർക്കും സന്തോഷകാരണ
മായിരുന്നു. അവരിൽ ഡോണ കാതറയിൻ പ്രത്യേകം
പ്രസ്താവാർഹയത്രേ. ഒരു കുലീനയായ സ്പെയിൻകാരിയാ
ണവർ. പന്ത്രണ്ടുവർഷങ്ങളോളമായി അവളുടെ ഒരു
കൈ രോഗബാധയാൽ അവശമായിത്തീർന്നിട്ട്. അതു
സദാ വേദനിച്ചുകൊണ്ടും ഇരുന്നു. യാതൊരു പ്രകൃതിശ
ക്തിക്കും സുഖപ്പെടുത്തുവാൻ കഴിയാത്തവണ്ണം അത്രമാ
ത്രം നിരാശാവഹമായിരുന്നു ആ രോഗം. ഒരത്ഭുതംകൊ
ണ്ടല്ലാതെ ഇനി അതു സുഖപ്പെടുകയില്ലെന്ന് അവർക്കു
നല്ലവണ്ണം അറിയാമായിരുന്നു. മാർട്ടിൻ ഡി പോറസ്സി
നെക്കുറിച്ചും അദ്ദേഹംവഴി നടന്നിട്ടുള്ള അനേകം അ
ത്ഭുതകരമായ രോഗശമനങ്ങളെക്കുറിച്ചും അവർ കേട്ടി
ട്ടുണ്ട്. അദ്ദേഹത്തെ ഒന്നുകാണുവാൻ അവർ കൊതി
ച്ചിട്ടുണ്ട്. എന്നാൽ, ജീവനോടെ ഇനി കാണുക സാധ്യ
മല്ലെങ്കിലും ആ പുണ്യപുരുഷന്റെ മൃതശരീരമെങ്കിലും

ഒന്നുകണ്ടാൽ—ആ പാവനദേഹം ഒന്നു സ്പർശിച്ചാൽ—അവളുടെ രോഗത്തിനു ശമനം കിട്ടുകയില്ലേ? സാന്തോ ഡൊമീങ്ഗോയിലേക്കു പോകുന്നതിനുതന്നെ അവൾ തീരുമാനിച്ചു. അവളുടെ അഭിലാഷം ഗ്രഹിച്ച് അവളെ അനുഗമിക്കുവാൻ തയ്യാറായി സ്നേഹിത ഡോണ ജക്കോബായും. ഒൻപതു വയസ്സുമാത്രം പ്രായമുള്ള മകൻ ഫ്റാൻസിസും അമ്മയോടുകൂടെ പുറപ്പെട്ടു. ചോദ്യവഷ്ങ്ങളാൽ യാത്രയിൽ അമ്മയെ അവൻ അലട്ടിക്കൊണ്ടിരുന്നു. "മാർട്ടിൻ അമ്മയുടെ കൈ സുഖപ്പെടുത്തുമോ? പറ അമ്മച്ചി?" അവൾ തലയാട്ടി. മാർട്ടിന്റെ കഴിവിനെക്കുറിച്ച് അവൾക്കു സംശയമില്ല. എന്നാൽ, തനിക്കുവേണ്ടി മാർട്ടിൻ ഒരത്ഭുതം പ്രവർത്തിക്കുമോ? അവളുടെ മനസ്സ് ചഞ്ചലമായിക്കൊണ്ടിരുന്നു. സാധാരണ സാധുക്കൾക്കായിട്ടാണു മാർട്ടിൻ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതു്. പണക്കാർക്കും പ്രഭുക്കന്മാർക്കും പ്രത്യേകസഹായങ്ങൾ മാർട്ടിൻ ചെയ്യുമോ? താൻ ഒരു പ്രഭു ആകേണ്ടതില്ലായിരുന്നു എന്നവൾ വിചാരിച്ചു. എങ്കിലും മാർട്ടിന്റെ മഹാമനസ്കതയ്ക്ക് അതിരുകൽപ്പിക്കുവാൻ അവൾ ധൈര്യപ്പെട്ടില്ല. അവൾ വിശ്വാസം വർദ്ധിപ്പിച്ചു.

"വിശ്വസിക്കുക, മകനേ. നിന്റെ അമ്മയെ അദ്ദേഹം സൗഖ്യപ്പെടുത്തും." ഫ്റാൻസിസിന്റെ കൈയ്യും കടന്നുപിടിച്ചുകൊണ്ട് അവൾ പറഞ്ഞു.

അവർ ആശ്രമത്തിനടുത്ത് എത്തിയപ്പോഴേക്കും അവിടമെങ്ങും ജനനിബിഡമായിക്കഴിഞ്ഞിരുന്നു. ആശ്രമവും പരിസരങ്ങളും മാത്രമല്ല പട്ടണവീഥികളും മുഴ

വൻ സന്തപ്തചിത്തരായ കാണികളെക്കൊണ്ടു നിറഞ്ഞിരുന്നു. ലില്ലിപ്പുഷ്പങ്ങളുടേതുപോലുള്ള പരിമളം അവിടെയെങ്ങും പരന്നിരുന്നു. ആ സ്ഥലീയസൗരഭ്യം ആസ്വദിച്ചുകൊണ്ടു ജനാവലിയുടെ ഒഴുക്കിൽ ചേർന്ന് അവരും ആശ്രമത്തിനകത്തേക്കു നീങ്ങി.

"എന്താണീ വാസന?" അടുത്തുണ്ടായിരുന്ന ഒരു വൃദ്ധയോടു കാതറയിൽ ചോദിച്ചു. "ഇതുപോലൊരു സുഗന്ധം മുമ്പെങ്ങും ഞാനനുഭവിച്ചിട്ടില്ല" ഡോണ ജക്കോബാ അവളുടെ അത്ഭുതം വെളിപ്പെടുത്തി."

ആ വൃദ്ധ തിരിഞ്ഞു കാതറയിനിനേയും ക്രൂടെയുള്ളവരേയും നോക്കി. വിലയേറിയ ഉടുപ്പുകൾ അണിഞ്ഞു നില്ക്കുന്ന കുലീനരായ ആ സന്ദർശകരെ കീറത്തുണികൾ ചുറ്റിയ ആ സാധുവൃദ്ധ അഭിവാദനം ചെയ്തു. സമുദായദൃഷ്ടിയിൽ അവർ ധ്രുവാന്തരമുള്ളവരെങ്കിലും ഒരു കാര്യത്തിൽ ഇവിടെ അവർ തുല്യരാണ്. ഇരുവർക്കും മാർട്ടിനെ ഒരു നോക്കു കാണണം; അവരുടെ ആവശ്യങ്ങൾ അദ്ദേഹത്തെ അറിയിക്കണം.

"ഇതു സ്ഥത്തുനിന്നുള്ള അടയാളമാണു മക്കളേ."

കാതറയിനിനു കാര്യംമനസ്സിലായി. അദ്ദേഹം തീച്ചയായും പുണ്യവാൻതന്നെ. "അദ്ദേഹത്തിന്റെ നാമത്തിൽ ദൈവത്തോട് എന്റെ രോഗത്തിനു ശമനം യാചിക്കുവാനാണു ഞങ്ങൾ വന്നിരിക്കുന്നത്. അതു സാധിക്കുമോ തള്ളേ? എന്റെ അപേക്ഷ വിശുദ്ധൻ കേൾക്കുമോ?" അവൾ ചോദിച്ചു.

ആ സാധു വൃദ്ധ ഒന്നു മന്ദഹസിച്ചു. "കുഞ്ഞേ, ഞാൻ അദ്ദേഹത്തെ നല്ലതുപോലെ അറിയും. തന്റെ

സഹായം യാചിച്ചിട്ടുള്ളവരെ ആരേയും മാർട്ടിൻ ഒരിക്കലും ഉപേക്ഷിച്ചിട്ടുള്ളതായി അറിവില്ല." ആ വൃദ്ധ സംശയലേശമെന്നിയേ തീർത്തു പറഞ്ഞു.

അവർക്കു പള്ളിയിൽ പ്രവേശിക്കുന്നതിന് ഒരു മണിക്കൂറിലധികം വേണ്ടിവന്നു. അവിടെ അവർ കണ്ട കാഴ്ച കാതറയിൻ പിൽക്കാലത്തൊരിക്കലും മറന്നിട്ടില്ല. വിവിധഭാഷക്കാരും വേഷക്കാരുമായ ആളുകൾ ജാതിവ്യത്യാസമോ വർഗ്ഗഭേദമോ ക്രൂരതെ ആ നീഗ്രോസഹോദരന്റെ ശവമഞ്ചത്തെ സമീപിച്ചു് ഉപചാരം ചെയ്യുന്ന കാഴ്ച! ആ ജനസഞ്ചയത്തിന്റെ തിക്കിലും തിരക്കിലും പെട്ടു് അവൾ മുൻപോട്ടു കയറി. ഒരുതരത്തിൽ അവൾ മാർട്ടിനെ സമീപിച്ചു. അവളുടെ ഹൃദയസ്പന്ദനം വർദ്ധിച്ചു. തന്റെ സഹായം യാചിച്ചിട്ടുള്ളവരിൽ ആരേയും മാർട്ടിൻ ഉപേക്ഷിച്ചിട്ടില്ലെന്നുള്ള ആ വൃദ്ധയുടെ വാക്കുകൾ അവളുടെ ചെവിയിൽ മുഴങ്ങിക്കൊണ്ടിരുന്നു. അതു വാസ്തവമോ? അവൾ സംശയിച്ചു.

"ദൈവമേ, എന്റെ വിശ്വാസം വർദ്ധിപ്പിക്കണമേ." അവൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. "നാഥാ, ഞാൻ മൂലം മാർട്ടിൻ ക്ലേശത്തിൽ മഹത്വപ്പെടുവാൻ ഇടയാക്കണമേ."

മെഴുകുതിരികൾ നിരനിരയായി നിന്നു കത്തി എരിയുന്നു. അവയുടെ പ്രകാശത്തിൽ മാർട്ടിന്റെ മൃതദേഹം തെളിഞ്ഞു കാണാം. ശാന്തതയും സന്തുഷ്ടിയും ആ മുഖത്തു പ്രസരിക്കുന്നു. അലോകസുന്ദരമായ ഒരു ദീപ്തി അവിടെ മിന്നിനില്ക്കുന്നു. സ്വർഗ്ഗീയാനന്ദം അനുഭവപ്പെട്ടും അങ്ങോട്ടു നോക്കുന്ന കണ്ണുകൾക്കെല്ലാം. ഫ്രാൻസി

സ് ആ മുഖത്തേക്കു കണ്ണിമിക്കാതെ നോക്കിനിന്നു. അനാട്യമായിട്ടാണ് ആ ബാലൻ ഒരു മൃതദേഹം കാണുക. സാധാരണ കുട്ടികൾക്കുണ്ടാകാവുള്ള ഭയം അവനശേഷമില്ല. "എനിക്കു ചേട്ടനെ പേടിയില്ല. എന്റെ അമ്മയുടെ കൈ ഒന്നു സുഖപ്പെടുത്തിത്തന്നാൽ മതി." അവൻ മന്ത്രിച്ചു.

മാർട്ടിന്റെ ശവമഞ്ചത്തിനടുത്തു മുട്ടുകുത്തി പ്രാർത്ഥിക്കുവാൻ അവർക്കു സാധിച്ചു. മൺമറയുന്നതിനു മുൻപ് ഒരത്ഭുതംകൂടി അദ്ദേഹം പ്രവർത്തിക്കണമെന്നവർ ഹൃദയപൂർവ്വം അപേക്ഷിച്ചു. "എന്തുകൊണ്ടു വിശുദ്ധന്റെ കൈയ് എടുത്തു നിന്റെ കൈയിൽ തൊടുവിച്ചുകൂടാ?" ഡോണ ജക്കോബാ കാതറയിനിനോടു ചോദിച്ചു. "ഇതാ നിന്റെ ഉടുപ്പിന്റെ കൈകൾ ഞാൻ തെറുത്തുവെച്ചു തരാം. ഇനി കൂടുതൽ സമയം നമുക്കവരനുവദിക്കയില്ല. വേഗമാകട്ടെ." മാർട്ടിന്റെ കരങ്ങൾ ഗ്രഹിച്ചുകൊണ്ടു കാതറയിൻ മുട്ടിന്മേൽ വീണു. അനേകരെ അനുഗ്രഹിച്ചിട്ടുള്ള ആ കരം, പട്ടിണിക്കാർക്കു ഭക്ഷണവും നഗ്നർക്കു വസ്ത്രവും രോഗികൾക്കാശ്വാസവും നല്കിയിട്ടുള്ള ആ കരം എടുത്ത് അവൾ ചുംബിച്ചിട്ടു രോഗബാധിതമായ തന്റെ കൈയിൽ തൊടുവിച്ചു. അധികസമയം അപേക്ഷിക്കുവാൻ അവൾക്ക് അവസരം ലഭിച്ചില്ല. ആൾക്കൂട്ടത്തിൽ അവളെ അവിടെനിന്നു കഠിനമായി തള്ളിമാറ്റി. അവർ പള്ളിയുടെ എതിർവശത്തേക്കു മാറി.

ഫ്രാൻസിസ് കാതറയിന്റെ കൈയ്യിൽ പിടിച്ചുകൊണ്ടു ചോദിച്ചു: "അമ്മേ, അമ്മയുടെ കൈ സുഖ

ഖ്യപ്പെട്ടോ? മാർട്ടിൻ അമ്മയെ സുഖപ്പെടുത്തിയോ?"
"ഹോ! ഞാനതാര്യം ചോദിച്ചില്ലല്ലോ കാതറയിൻ! എവിടെ, നിന്റെ കൈ ഒന്നു കാണട്ടെ?" ഡോണ ജക്കോബാ ഇടയ്ക്കുകയറിപ്പറഞ്ഞു.

കാതറയിൻ യാതൊന്നും ഉരിയാടിയില്ല. അവൾക്കറിയാമായിരുന്നു തന്റെ കൈ സുഖമായെന്ന്. പന്ത്രണ്ടു സംവത്സരം സദാ വേദനിച്ചുകൊണ്ടിരുന്ന കൈ ഇപ്പോൾ പൂർണ്ണസുഖം പ്രാപിച്ചിരിക്കുന്നു.

"മാർട്ടിൻ എന്റെ അപേക്ഷ കേട്ടു. എന്റെ ആവശ്യം സാധിച്ചുതന്നു." അവൾ വിനയപൂർവ്വം അവർക്കു സമാധാനം നല്കി. "പീഡിതരുടെ ആവലാതികൾ സദാ കേൾക്കുന്ന മാർട്ടിൻ എന്നേയും കേട്ടിരിക്കുന്നു."

ഡോണ ജക്കോബാ സ്നേഹിതയുടെ കരം ഉയർത്തി ഉറ്റുനോക്കി. അത്ഭുതമേ! രക്തമോട്ടം ഇല്ലാതെ മരവിച്ചു നിർജ്ജീവമായിരുന്ന ആ കൈ ഇപ്പോൾ രക്തത്തിളപ്പുള്ളതായിത്തീർന്നിരിക്കുന്നു. വരണ്ടു ശോഷിച്ചു ബലഹീനമായിരുന്ന മാംസപേശികൾ ഇപ്പോൾ ശക്തങ്ങളായി കാണപ്പെട്ടു!

"ദൈവനാമം മഹത്വപ്പെടട്ടെ!" അവൾ മുട്ടിന്മേൽ വീണു. ഒപ്പം കാതറയിനും. ഇരുവരുടേയും കണ്ണുകൾ നിറഞ്ഞു. അവർ പൊട്ടിക്കരഞ്ഞു. കരയുന്നതിന്റെ കാരണം കാണാതെ ഫ്റാൻസിസ് മിഴിച്ചു നിന്നുപോയി. "കരയാതമ്മേ; കരയാതെ. നമുക്കു പുറത്തേക്കു പോകാം." ഫ്റാൻസിസിനു ധൃതിയായി. "പോകാം. നമുക്കു പുറത്തേക്കു പോയി വിവരം എല്ലാ

വരേയും അറിയിക്കാം. മറ്റുള്ളവരും വന്നു മാർട്ടിനിൽ നിന്ന് ആശിസ്സുകൾ പ്രാപിക്കട്ടെ.'' ഡോണ ജക്കോബായുടെ ഉത്സാഹം വർദ്ധിച്ചു.

അത്ഭുതകരമായ ആ രോഗശമനം ഞൊടിയിടയിൽ പരക്കെ പ്രസിദ്ധമായി. അത്ഭുതങ്ങൾ കാണുവാനും അവിടത്തെ പരിമളധോരണി ആസ്വദിക്കുവാനുമായി ആളുകൾ തടിച്ചുകൂടിക്കൊണ്ടിരുന്നു. അതിനാൽ ശവസംസ്കാരം നിശ്ചിതസമയത്തു നടത്തുവാൻ വീണ്ടും പ്രയാസമായി. എങ്കിലും ഒടുവിൽ ആളുകൾ അതിനനുവദിച്ചു. നാലു സഹോദരന്മാരാണു ശവമഞ്ചം വഹിക്കുവാൻ നിയുക്തരായിരുന്നതു്. ആശ്രമത്തിലേ പട്ടക്കാർക്കായി സംവരണം ചെയ്തിരുന്ന ശവക്കല്ലറയിലാണു മാട്ടിന്റെ മൃതദേഹം മറവുചെയ്യുവാൻ നിശ്ചയിച്ചതു്.

''എല്ലാവർക്കും ദാസനും ശുശ്രൂഷകനുമായി ജീവിച്ച മാർട്ടിൻ ജീവിതത്തിൽ ഒരു വേലക്കാരനെന്ന നിലയെ കവിഞ്ഞു് ഒരിക്കലും കരുതപ്പെട്ടിരുന്നില്ല. എന്നാൽ, മരണത്തിൽ നമുക്കദ്ദേഹത്തെ അല്പമെങ്കിലും ബഹുമാനിക്കാം. എന്തുകൊണ്ടെന്നാൽ, നമ്മുടെ രാജ്യത്തിനും, വിശിഷ്യു്, ഈ ലീമാപ്പട്ടണത്തിനും ശാശ്വതപ്രശസ്തി സമ്പാദിച്ചിരിക്കുന്ന ബ്രദർ മാർട്ടിൻ. നമ്മുടെ നാടും വീടും ഇന്നു് അദ്ദേഹത്താൽ ധന്യമായിരിക്കുന്നു. അദ്ദേഹത്തിന്റെ ചരിത്രം ഒരിക്കൽ ലോകമെങ്ങും പ്രകീർത്തിക്കപ്പെടും. സർവ്വലോകരുടേയും ആത്മമിത്രമായി അദ്ദേഹം അറിയപ്പെടും.'' ഇപ്രകാരമാണു മാർട്ടിനെക്കുറിച്ചു് ആശ്രമാധിപൻ ചരമപ്രസംഗത്തിൽ പറഞ്ഞതു്.

ശവമഞ്ചം വഹിക്കുവാൻ നിയുക്തരായ സഹോദരന്മാർ വന്നപ്പോൾ ആ കൃത്യം സ്വയം ഏറ്റെടുത്തുകൊണ്ടു മറ്റു നാലുപേർ അവിടെ തയ്യാറായി നില്പുണ്ടായിരുന്നു. കുറച്ചു ദിവസങ്ങൾക്കുമുൻപു മാർട്ടിനെ തന്നോടുകൂടെ കൊണ്ടുപോകണമെന്നഭിലഷിച്ച മെക്സിക്കോയിലേ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടായിരുന്നു അവരിലൊരാൾ. രണ്ടാമൻ അവിടത്തെ വൈസ്രോയി. പിൽക്കാലത്തു 'ക്രസ്ക്കോ'യിലേ മെത്രാനായിത്തീർന്ന ഡോൺ പേദ്രോ ദേ ഒർത്തേഗാ ആയിരുന്നു മൂന്നാമൻ. അപരൻ പെറുരാജ്യത്തേ സുപ്രീംകോടതിയിലേ ഒരു ന്യായാധിപൻ. ഒരു നീഗ്രോസഹോദരന്റെ ശവമഞ്ചം ചുമക്കുവാനുള്ള ആളുകൾ! ആരാണ് അത്ഭുതപ്പെടാതിരിക്കുക?

ക്ലേശകരമായ ആ കൃത്യത്തിൽ അവർ ഏർപ്പെടേണ്ടതില്ലെന്ന് ആശ്രമശ്രേഷ്ഠൻ ആദരപൂർവ്വം അവരെ അറിയിച്ചു. "ഇതുപോലുള്ള ഭാഗ്യം ആയുഷ്കാലത്തിൽ അപൂർവ്വമായിട്ടേ കൈവരികയുള്ളൂ. അതുപേക്ഷിക്കുവാൻ നിർബന്ധിക്കരുതേ!" മെത്രാപ്പോലീത്തായുടെ മറുപടി. "മാർട്ടിനുവേണ്ടി ഈ ഒരു നിസ്സാര ത്യാഗമെങ്കിലും അനുഷ്ഠിക്കുന്നതു് ഒരു വലിയ ബഹുമതിയായി ഞങ്ങൾ കരുതുന്നു." അവരെല്ലാം ആ കാര്യത്തിൽ ഏകാഭിപ്രായക്കാരായിരുന്നു. ആശ്രമാധിപന് എന്തു പറവാൻ കഴിയും? അദ്ദേഹം സമ്മതിച്ചു. അങ്ങനെ ആ ശവസംസ്കാരയാത്ര ആരംഭിച്ചു.

നാല്പത്തഞ്ചു വർഷങ്ങൾക്കപ്പുറം ദൈവശുശ്രൂഷ

യ്ക്കും പരസ്നേഹപ്രവർത്തനങ്ങൾക്കുമായി ആശ്രമത്തിൽ വന്നുകയറിയ ആ അശ്രാന്തപരിശ്രമിയാണ് ആ ശവമഞ്ചത്തിൽ ഇപ്പോൾ എന്നേക്കുമായി വിശ്രമംകൊള്ളുന്നതു്. നിന്ദ്യമെന്നു പൊതുവേ ഗണിക്കപ്പെട്ടുവന്ന നീഗ്രോവംശത്തിൽപ്പെട്ട യുവാവായിരുന്ന അന്നാട്ടേഹം. ഇന്നാകട്ടെ ബഹുശതങ്ങളുടെ ബഹുമാനപാത്രം. ലീമായിലേ ഉച്ചനീചതലങ്ങൾ ഉരുക്കിവാർത്ത ആ മനുഷ്യസ്നേഹി ഇന്നിതാ ആ രാജ്യത്തിന്റെ അഭിമാനഭാജനമായിത്തീർന്നിരിക്കുന്നു. എന്താണു കാരണം? സമസ്തിസ്നേഹം—ആത്മാക്കളോടുള്ള അകൈതവമായ സ്നേഹം.

ലോകചരിത്രത്തിലേ ധീരാത്മാക്കളിലൊരാളാണ് ഇപ്പോൾ മൺമറയുവാൻ പോകുന്നതെന്നു് ആ സംസ്കാരകർമ്മത്തിൽ പങ്കുകൊള്ളുന്നവർക്കെല്ലാം അറിയാം. മാട്ടിന്റെ മരണത്തിൽ ആകുലചിത്തരാണ് അവരെല്ലാം. എന്നാൽ അവക്ക് ആശ്വാസത്തിനു വഴിയുണ്ട്. എന്തുകൊണ്ടെന്നാൽ മാട്ടിൻ ഡി പോറസ് മരിച്ചെങ്കിലും മനുഷ്യഹൃദയങ്ങളിൽ എന്നും അദ്ദേഹം ജീവിക്കും. അദ്ദേഹത്തിന്റെ ശരീരം താമസിയാതെ ശവക്കുഴിയിൽ മറയും. എന്നാൽ, ആത്മാവു് സനാതനസൗഭാഗ്യത്തിൽ ജീവിതം ആരംഭിക്കും. അപേക്ഷിക്കുന്നവരെ ഒരിക്കലും ഉപേക്ഷിക്കാത്തതാണ് ആ സ്നേഹധനന്റെ പവിത്രാത്മാവു്. ശതാബ്ദങ്ങളിൽക്കൂടെ സ്വർഗ്ഗീയ വിഭവങ്ങൾ ഭാഗിച്ചുകൊടുക്കുവാൻ അതു ശക്തമാണു്; സംശയമില്ല.

സാവധാനം ആ ശവമഞ്ചം പള്ളിയിൽനിന്നു് ആശ്രമാവൃതിയിലേക്കു വഹിക്കപ്പെട്ടു. ആ ലോകോപകാ

രിയെ ഒരിക്കൽക്കൂടെ കാണുവാൻ ആളുകൾ ബദ്ധപ്പെട്ടു. തങ്ങൾക്കു പ്രവേശനം തടയപ്പെട്ടിരിക്കുന്നിടത്തും അവർ തള്ളിക്കയറി. അങ്ങനെ ബ്രദർ മാർട്ടിനോടുള്ള സ്നേഹബഹുമാനങ്ങൾ ഒരിക്കൽക്കൂടി അവർ പ്രത്യക്ഷമാക്കി.

ആശ്രമഭിത്തികൾ കടന്നു തോട്ടത്തിൽക്കൂടെ പ്രദക്ഷിണം മുമ്പോട്ടുനീങ്ങി. ജനക്കൂട്ടവും പിറകേ. ആ തോട്ടം മാർട്ടിൻ നട്ടുണ്ടാക്കിയതാണു്. അവിടെ നില്ക്കുന്ന ചെടികൾക്കും അതിലേ മനോഹരപുഷ്പങ്ങൾക്കും മാർട്ടിനെക്കുറിച്ചു പലതും പറയുവാനുണ്ടു്.

ആശ്രമാംഗങ്ങൾ ഔദ്യോഗികമായി ക്രൂശാരൂഢയോഗശാലയിൽ ചെന്നുനിന്ന ആ പ്രദക്ഷിണം. അവിടെയുള്ള വലിയ തുങ്ങപ്പെട്ട രൂപത്തിൻമുൻപിൽ ആ ശവമഞ്ചം ഇറക്കിവെച്ചു. ആയുസ്സിൽ അധികസമയവും മാർട്ടിൻ ചെലവഴിച്ചിട്ടുള്ളതു് ആ രൂപത്തിൻമുൻപിലാണു്. രാവും പകലും പ്രാർത്ഥനാനിരതനായി അദ്ദേഹം അതിന്റെ മുൻപിൽ അനേകം മണിക്കൂറുകൾ കഴിച്ചുകൂട്ടിയിട്ടുണ്ടു്. തന്റേയും മറ്റുള്ളവരുടേയും ആവശ്യങ്ങൾ അവിടെയാണു് അദ്ദേഹം പറയുക. എല്ലാത്തിനും പരിഹാരം തേടുന്നതും എല്ലാം പ്രാപിക്കുന്നതും ആ ക്രൂശിതരൂപത്തിൽനിന്നുതന്നെ. മാർട്ടിനോടു പലതും പലവുരു പറഞ്ഞിട്ടുള്ളതാണു് ആ രൂപം. അതിന്റെ മുൻപിൽത്തന്നെയാണു് അദ്ദേഹം ഇപ്പോൾ വിശ്രമം തേടുന്നതും.

"ബ്രദർ മാർട്ടിൻ, ഞങ്ങളെ മറക്കരുതേ! സ്വർഗ്ഗത്തിൽ വന്നുചേരുവാൻ ഞങ്ങളേയും സഹായിക്കണേ!"

ജനക്കൂട്ടം ഒരേസ്വരത്തിൽ അപേക്ഷിച്ചു. ശവസംസ്കാരകർമ്മം സമാപ്തമായി. സന്തപ്തമാനസരായി അവിടെ നിന്നു പിരിഞ്ഞുപോയ ജനങ്ങളുടെ ഹൃദയങ്ങളിൽ ആശ്വാസപ്രദമായ ഒരു ചിന്തയുണ്ടായിരുന്നു: "ഞങ്ങൾ ഒരു വിശുദ്ധനെ കണ്ടറിഞ്ഞിരിക്കുന്നു."

L. D. V. M.